

4

# അയിലൂപ്പറമ്പിൽ ഈപ്പച്ചൻ

1935ൽ പുരയ്ക്കലച്ചന് ആകസ്മികമായി രാജിവയ്ക്കേണ്ടി വന്നപ്പോൾ പുണ്യവാനായ ഈപ്പച്ചൻ ആക്ടിംഗ് പ്രിൻസിപ്പലായി. ദൈവശാസ്ത്ര, തത്ത്വശാസ്ത്രങ്ങളിൽ പി. എച്ച്. ഡി. ഉണ്ടായിരുന്നെങ്കിലും എം. എ. (ബിരുദാനന്തര ബിരുദം) ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തെ പ്രിൻസിപ്പലായി നിയമിക്കാൻ ആവില്ലായിരുന്നു. പ്രാർത്ഥന ഏറ്റം ആവശ്യമായിരുന്ന ദിനങ്ങളിലാണ് ഈ പ്രാർത്ഥനയുടെ മനുഷ്യൻ സെന്റ് ബർക്കുമാൻസിന്റെ അമരത്തിരുന്ന് നൗകയെ നയിച്ചത്. ഈ യതിവര്യന്റെ സാന്നിധ്യവും നിഷ്കളങ്കമായ പ്രാർത്ഥനയും പ്രായശ്ചിത്തവുമൊക്കെ, അംഗീകാരം നഷ്ടപ്പെടുമെന്ന ഭീതിയിലമർന്നിരുന്ന, ബർക്കുമാൻസിനെ ആ കൊടുങ്കാറ്റിൽ നിന്നും പേമാരിയിൽ നിന്നും രക്ഷിക്കാൻ നിശ്ചയമായും സഹായകമായിട്ടുണ്ട്. ദൈവകൃപ സെന്റ് ബർക്കുമാൻസിനോടൊപ്പം എന്നുമുണ്ടായിരുന്നു; ദൈവമനുഷ്യർ അവൾക്കു സഹായമായും. "രണ്ട് ആത്മാക്കൾ ഇവിടെ തങ്ങിനില്പുണ്ടെന്നു" എന്റെ ഗുരുനാഥൻ കെ.ജെ. ജോർജ്ജു സാർ എന്നോടു പറഞ്ഞത് ഇപ്പോഴെന്നപോലെ ഓർക്കുന്നു.

തികച്ചും ശാന്തനും ശാലീനനും പുണ്യവാനുമെന്നു സുവിദിതനായ ഈപ്പച്ചൻ മൂന്നുമാസത്തേയ്ക്കു മാത്രമാണ് ആക്ടിംഗ് പ്രിൻസിപ്പലായി നിയമിക്കപ്പെട്ടത്. ആ മഹാത്മാവിന് ശക്തി പകരാൻ ഭരണവിദഗ്ധനായ ശ്രീ. ആർ. പി. കുളത്തൈസ്വാമിപ്പിള്ള വൈസ്പ്രിൻസിപ്പലായി ഉണ്ടായിരുന്നു. അദ്ദേഹം അവിസ്മരണീയനാണെന്ന് അന്യത്ര രേഖപ്പെടുത്തിയിട്ടുണ്ട്.

ആരെയും വേദനിപ്പിക്കാതെ, സാധിക്കുന്നത്ര നന്മ എല്ലാവർക്കും ചെയ്ത്, വിനയാന്വിതനായി, വിശുദ്ധനായി, ജീവിച്ചിരുന്ന ഈപ്പച്ചന്റെ കാലത്തുപോലും സെന്റ് ബർക്കുമാൻസിൽ ചില വിരുതന്മാർ ഉണ്ടായിരുന്നു. അവർക്കാണെങ്കിൽ കരിക്ക് റൊമ്പ ഇഷ്ടം! അന്നു ക്യാമ്പസിലുണ്ടായിരുന്ന ഒരു തെങ്ങിൽ ധാരാളം കരിക്കുമുണ്ടായിരുന്നു. ഒരു കൊതിയൻ, രാത്രിയുടെ മറവിൽ, അതിന്മേൽ കയറി കുറേ കരിക്കുകളിട്ട സമയത്ത് ഈപ്പച്ചൻ, ചാപ്പലിൽ പ്രാർത്ഥിച്ചതിനു ശേഷം, ടോർച്ചുമടിച്ച്, ഉറുമ്പനങ്ങുന്നതുപോലെ നടന്ന് അതിലെ വരുന്നത് 'സഹകാർമ്മികരായി' താഴെ നിന്നിരുന്നവർ കണ്ടു. അവർ ഓടി രക്ഷപെട്ടു. മുകളിലി

ആക്ടിംഗ്
പ്രിൻസിപ്പൽ

പ്രാർത്ഥനയുടെ
മനുഷ്യൻ
സാന്നിദ്ധ്യം തന്നെ
അനുഗ്രഹം

ദൈവകൃപ എന്നും
സെന്റ് ബർക്കുമാൻസി
നൊപ്പം

ശാന്തനും ശാലീനനു
മായ ഈപ്പച്ചനു
സഹായകനായി

കുളത്തൈസ്വാമി
വൈസ്
പ്രിൻസിപ്പൽ

വിരുതന്മാർക്കു
കരിക്കു റൊമ്പ
ഇഷ്ടം

ഈപ്പച്ചൻ ടോർച്ചു
മായി



രുന്നവൻ, തെങ്ങേൽത്തന്നെ ഇരിയ്ക്കുകയല്ലാതെ എന്തുചെയ്യും? സാമാന്യം ഉയരമുള്ള തെങ്ങായതുകൊണ്ട് ചാടിയാൽ ആത്മഹത്യയാകും. ഈപ്പച്ചൻ നിഷ്കളങ്കനാണെങ്കിലും, വിരുതൻ തെങ്ങേലുണ്ടെന്ന് മനസ്സിലാക്കി. പണ്ടു കർത്താവ് അത്തിമരത്തിന്റെ ചുവട്ടിലെത്തിയപ്പോൾ മരത്തിന്റെ മുകളിൽ തത്തിപ്പിടിച്ചുകയറിയിരുന്ന സക്കേവൂസിനെ നോക്കി 'വേഗം ഇറങ്ങി വരുക' യെന്നു പറഞ്ഞു. ഇവിടെ ഈപ്പച്ചൻ ടോർച്ച് വിരുതന്, ഇറങ്ങിവരത്തക്കവിധത്തിൽ, അടിച്ചുകൊടുത്തിട്ട്, 'വളരെ സാവകാശം ഇറങ്ങിവരാ'നാണ് നിർദ്ദേശിച്ചത്. വിശുദ്ധനായ കാവുകാട്ടുപിതാവ് ഒരു പ്രത്യേകസാഹചര്യം കൈകാര്യം ചെയ്തതു നേരത്തെ വിവരിച്ചുവല്ലോ. കാവുകാട്ടുപിതാവിന്റെ കുമ്പസാരക്കാരനായിരുന്നു ഈപ്പച്ചൻ. ദൈവത്തിന്റെ വഴികൾ നമ്മുടേതിൽ നിന്നു വ്യത്യസ്തമായിരിക്കുന്നതുപോലെ വിശുദ്ധരുടെ വഴികളും നമ്മുടേതിൽ നിന്നും വ്യത്യസ്തമാണെന്ന് നാം മനസ്സിലാക്കണം.

ശങ്കരൻ പിന്നെയും തെങ്ങേൽത്തന്നെ

സാവകാശം ഇറങ്ങി വരുക

കോളജിന്റെ അച്ചടക്കത്തിന് ഈപ്പച്ചന്റെ സാന്നിധ്യം മതിയായിരുന്നു. അദ്ദേഹത്തിന്റെ തലവെട്ടം കാണുമ്പോൾ വലിയ വിരുതന്മാർ പോലും പത്തിമടക്കുമായിരുന്നു. കാവുകാട്ടച്ചനും ഈപ്പച്ചനും പുണ്യവാന്മാരാണെന്ന് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും ഉറപ്പായിരുന്നു. യഥാർത്ഥ വിശുദ്ധി ഏതുവിരുതനും അംഗീകരിക്കും. ഇതൊരു നഗ്നസത്യമാണ്.

കോളജിന്റെ അച്ചടക്കത്തിന് ഈപ്പച്ചന്റെ സാന്നിധ്യം മാത്രം മതിയായിരുന്നു.

ദീനാനുകമ്പയുടെ പര്യായമായിരുന്നു ഈപ്പച്ചൻ. 1960-`64 ൽ ഞാൻ പി.യു.സി., ബി.എ. എന്നിവയ്ക്ക് പഠിച്ചിരുന്ന കാലത്ത് അദ്ദേഹം കുര്യാളശ്ശേരി ബ്ലോക്കിലെ ഒരു മുറിയിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. പരിപാവനമായ ആ മുറി പിന്നീട് മലയാളം എം.എ ക്ലാസ്സായി. 1998 ൽ പടിയിറങ്ങിയതു വരെ അങ്ങനെയായിരുന്നു. കോളജ്പഠനം ആരംഭിച്ചപ്പോൾത്തന്നെ അച്ചനെ പരിചയപ്പെടുകയും ആ നന്മ അല്പമൊക്കെ നുകരാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തോട് സംസാരിക്കുന്നത് ഒരു അനുഭൂതിയായിരുന്നു. മഞ്ഞുപോലെ വെളുത്ത പറ്റുമീശയുള്ള ആ കൊച്ചു മുഖത്തു വിരിയുന്ന കുഞ്ഞിളം പുഞ്ചിരി ആർക്കും ഒരു സ്വർഗ്ഗീയപ്രഭ പ്രദാനം ചെയ്തിരുന്നു. ഏറ്റംതാണ സ്വരത്തിലേ അച്ചൻ സംസാരിക്കുമായിരുന്നുള്ളൂ. അതിനുള്ള ആരോഗ്യമേ ഉണ്ടായിരുന്നുള്ളൂ. ജീവൻ സംരക്ഷിക്കാൻ അത്യാവശ്യമായ ഭക്ഷണം മാത്രമാണ് ഈപ്പച്ചൻ കഴിച്ചിരുന്നത്.

ദീനാനുകമ്പയുടെ പര്യായം

ഈപ്പച്ചൻ അത്യപൂർവ്വമായി എം. സി. റോഡിലൂടെ നടന്നിരുന്നു. അങ്ങനെ നടക്കുമ്പോൾ അച്ചനെ അറിയുന്നവരൊക്കെ അങ്ങേയറ്റം ആദരം കാണിച്ചിരുന്നു. അന്നൊക്കെ തലക്കെട്ടുമായി സഞ്ചരിച്ചിരുന്നവർ ഉണ്ടായിരുന്നു. അവർ അച്ചനോടുള്ള ആദരസൂചകമായി കെട്ട് അഴിച്ചുമാറ്റുമായിരുന്നു. തിടുക്കത്തിൽ സൈക്കിളിൽ പോകുന്നവർ പോലും, നിലത്തിറങ്ങി ആദരിച്ചിരുന്നു. ഈപ്പച്ചന്റെ അനുഗ്രഹം നേടാനും എഴുത്തുസാമഗ്രികൾ ആശീർവദിപ്പിക്കാനും നിരവധി വിദ്യാർത്ഥികൾ അദ്ദേഹത്തെ സമീപിച്ചിരുന്നു.

ഈപ്പച്ചന്റെ അനുഗ്രഹത്തിന് അനേകായിരങ്ങൾ



സൂത്രക്കാർ

ടേം പരീക്ഷകൾ അങ്ങേയറ്റം ഗൗരവം

അച്ചനെ കബളിപ്പിച്ചിട്ടുള്ള ചില വിദ്വാന്മാരുമുണ്ട്. കാര്യസാധ്യത്തിനു വേണ്ടിയുള്ള വിനോദമെന്നു വേണമെങ്കിൽ പറയാം. അദ്ദേഹം ലോജിക്കാണ് പഠിപ്പിച്ചിരുന്നത്. ഉഴപ്പന്മാർ കയറികൂടാൻ കൂടുതൽ സാദ്ധ്യതയുള്ള വിഷയമായിരുന്നു അത്. ടേം പരീക്ഷകൾ സെന്റ് ബർക്കുമാൻസിൽ വളരെ ഗൗരവമായാണ് എക്കാലവും നടത്തിയിരുന്നത്. പുതിയ വിദ്യാഭ്യാസസംസ്ക്കാരത്തിൽ ടേം പരീക്ഷകളില്ല. എല്ലാം യൂണിവേഴ്സിറ്റി പരീക്ഷകളാണ്!

ചോദ്യങ്ങൾ ചോർത്തിയെടുക്കാനുള്ള ഗൂഢതന്ത്രം

ടേം പരീക്ഷകൾ വരുമ്പോൾ ഈപ്പച്ചനിൽ നിന്ന് ചോദ്യങ്ങൾ ചോർത്തിയെടുക്കാനുള്ള ശ്രമമാണ് വിരുതന്മാർ നടത്തിയിരുന്നത്. ലോജിക്കു പഠിക്കുന്നവരിൽ ഒരു നല്ല സംഖ്യ ഹോസ്റ്റൽ വിദ്യാർത്ഥികളുമായിരുന്നു. അവരിൽ ഒരാൾ ഒരു സംശയവുമായി അച്ചനെ സമീപിക്കും. അച്ചൻ അതു പരിഹരിച്ചു കൊടുക്കും. അങ്ങനെ ചെയ്തു കഴിഞ്ഞും അവൻ പറയും, "അച്ചാ, ഇതങ്ങോട്ടു തലയിലേയ്ക്കു കയറുന്നില്ല."

അച്ചൻ വീണ്ടും വിശദീകരിക്കും. അതിനുശേഷവും അവൻ പറയും. "അച്ചാ, ശരിയാകുന്നില്ല." ആ ഭാഗം പരീക്ഷയ്ക്കുണ്ടെങ്കിൽ.... അച്ചൻ പറയും:

അഭിനയം സ്വന്ത ശൈലിയിൽ

"ഇതെങ്ങനെയെങ്കിലും പഠിക്കണം." പരീക്ഷയ്ക്കു വരുന്ന ഒരു ചോദ്യം അവൻ ചോർത്തി. അച്ചനു നന്ദി പറഞ്ഞ് അവൻ സ്വന്തം മുറിയിൽ പോകും. നിമിഷങ്ങൾക്കകം 'കമ്പിയില്ലാക്കമ്പി' വഴി ഈ ഭാഗം പരീക്ഷയ്ക്കുണ്ടെന്ന് എല്ലാവരും മനസ്സിലാക്കും. കുറച്ചു കഴിയുമ്പോൾ മറ്റൊരു 'സംശയ'ക്കാരൻ ഈപ്പച്ചനെ സമീപിച്ച് അഭിനയം സ്വന്തം ശൈലിയിൽ ആവർത്തിക്കും. അവനും അവസാനം പറയും. "ശരിയാകുന്നില്ലച്ചാ" ആ ഭാഗം പരീക്ഷയ്ക്കുണ്ടെങ്കിൽ 'എങ്ങനെയെങ്കിലും പഠിക്കണ'മെന്ന് അച്ചൻ തറപ്പിച്ചു പറയും. ആ ഭാഗം ഇല്ലെങ്കിൽ 'എന്നാൽ ഇപ്രാവശ്യത്തേക്ക് വിട്ടുകളയുക' എന്നും പറയും. ഇങ്ങനെ, ഒന്നു രണ്ടു ദിവസങ്ങൾ കൊണ്ടാണെങ്കിലും, വിരുതന്മാർ ആ പരീക്ഷക്കു വരുന്ന ചോദ്യങ്ങളൊക്കെ ചോർത്തിയെടുക്കും. അത്രയുമെങ്കിലും അവർ തനിച്ചിരുന്നു പഠിച്ചു കാണുമെന്നു നമുക്ക് ആശ്വസിക്കാം.

നിഷ്കളങ്കനും അതിനിർമ്മലനും ദീനദയാലുവും

നിഷ്കളങ്കനും അതിനിർമ്മലനുമായ ദീനദയാലു എന്ന വിശേഷണമാണ് ഈപ്പച്ചന് ഏറ്റവും അനുയോജ്യമായ ഒന്ന്. കൈയിൽ കിട്ടുന്നതെല്ലാം ദാനധർമ്മം ചെയ്തിരുന്നു; പലപ്പോഴും കടംവാങ്ങിയും. അച്ചന്റെ ബന്ധത്തിൽപ്പെട്ടയാളാണ് എ.ഇ.അഗസ്റ്റിൻ സാർ. ചിലപ്പോഴൊക്കെ അച്ചൻ തുണ്ടുകടലാസ്സിൽ താഴെപ്പറയുന്നതുപോലെ കുറിച്ചു സാറിനു കൊടുത്തുവിടുമായിരുന്നു: 'ബേബിച്ചാ, ഈ വരുന്നയാളിന് ....... രൂപാ കൊടുക്കണം'. അച്ചൻ നിർദ്ദേശിച്ചിരുന്ന തുകയത്രയും സാർ ആഗതനു നല്കുകയും ചെയ്തിരുന്നു. സാമ്പത്തികസഹായത്തിന് നിരന്തരം അച്ചനെ സമീപിച്ചിരുന്നവരെല്ലാം സത്യസന്ധരും അത്യാവശ്യക്കാരുമായിരുന്നോ എന്നു ചോദിച്ചാൽ പലരെക്കുറിച്ചും 'അല്ലാ' എന്നു മറുപടി നല്കേണ്ടി വരും. ചില ആളുകൾ ഒരു ദിവസം തന്നെ രണ്ടുമൂന്നുപ്രാവശ്യം അച്ചനെ സമീപിച്ചിരുന്നു. അത് എങ്ങനെയെന്നോ? ആദ്യം രണ്ടാം മുണ്ട് അരയിൽക്കെട്ടി, സർവ്വ

സാമ്പത്തിക സഹായത്തിന് അർഹരും അനർഹരും അച്ചനെ സമീപിച്ചിരുന്നു!

വ്യേതയോടും കൂടി, എത്തും. അച്ചൻ അയാളെ സന്തോഷപൂർവ്വം സഹായിക്കും. അന്നു തന്നെ ഉച്ചയാകുമ്പോൾ അയാൾ രണ്ടാംമുണ്ട് അഴിച്ച് പുതച്ചു കൊണ്ടു വരും. സാധിക്കാവുന്ന വിധത്തിൽ സ്വരം മാറ്റിപ്പറയും. വീണ്ടും ഈപ്പച്ചൻ സഹായിക്കും. സായംകാലത്ത് രണ്ടാം മുണ്ട് തലയിലിട്ട് 'ഉറുത്തി ഉറുത്തി'യുള്ള ഒരു ചുമയും ചുമച്ച് എത്തും. അപ്പോഴും അച്ചൻ സഹായിക്കും. 'ഇന്നു തന്നെ മൂന്നാം പ്രാവശ്യമല്ലേ വരുന്നത്' എന്നയർത്ഥത്തിൽ നോക്കുകയോ, ഭാവഭേദം പ്രദർശിപ്പിക്കുകയോ ഒന്നും അച്ചൻ ചെയ്തിരുന്നില്ല.

പലരും കരുതിയിരുന്നത്, ഇപ്പോഴും കരുതിയിരിക്കുന്നത്, ഈ മേഖലയിൽ അച്ചൻ എപ്പോഴും കബളിപ്പിക്കപ്പെടുകയായിരുന്നു, അച്ചൻ അതു മനസ്സിലാക്കിയിരുന്നില്ല, എന്നാണ്.

"അച്ചൻ കടം വാങ്ങി സഹായിക്കാതിരിക്കുന്നതാണ് നന്ന്, പലപ്പോഴും കബളിപ്പിക്കപ്പെടുകയാണ്" എന്ന് അന്നു സ്റ്റാഫിലായിരുന്ന, പവ്വത്തിലച്ചൻ ഒരിക്കൽ പറഞ്ഞപ്പോൾ, ഈപ്പച്ചൻ അദ്ദേഹത്തിനു നല്കിയ മറുപടിയിൽ നിന്ന്, എല്ലാം അറിഞ്ഞുകൊണ്ടുതന്നെയാണ് ചെയ്തിരുന്നതെന്നു വ്യക്തം. "അവർക്ക് ആവശ്യമുണ്ടായിട്ടല്ലേ!", ഈപ്പച്ചൻ നല്കിയ മറുപടി ഇതായിരുന്നു.

'ഈശോ' കടന്നു പോകാൻ ഈപ്പച്ചൻ അനുവദിച്ചിരുന്നില്ല

കടംവാങ്ങിയും സഹായം

അവർക്ക് ആവശ്യമുണ്ടായിട്ടല്ലേ?



5

# റോമയോ തോമസ്സച്ചൻ

'കേരളത്തിലെ വിദ്യാഭ്യാസ, സാമൂഹിക, ആദ്ധ്യാത്മിക മണ്ഡലങ്ങളിൽ ആദർശനിഷ്ഠകൊണ്ടും നിസ്വാർത്ഥ സേവനം കൊണ്ടും വ്യക്തിമുദ്ര പതിപ്പിച്ച പ്രഗത്ഭമതി' എന്നാണ് 'ചങ്ങനാശ്ശേരി അതിരൂപത ഇന്നലെ, ഇന്ന്' എന്ന ഗ്രന്ഥത്തിൽ റോമയോ തോമസ്സച്ചനെക്കുറിച്ച് ആമുഖമായി പറഞ്ഞിരിക്കുന്നത്. സെന്റ് ബർക്കുമാൻസ് കോളജിന്റെ മൂന്നാമത്തെ സാരഥിയാണദ്ദേഹം. 1936 മുതൽ 1944 വരെയാണ് ഈ മഹാനുഭാവന്റെ ശുശ്രൂഷാകാലം.

അധികാരികളുടെ നിർബന്ധമാണത്രേ സെന്റ് ബർക്കുമാൻസിന്റെ സാരഥ്യമേറ്റെടുക്കാൻ റോമയോസച്ചനെ പ്രേരിപ്പിച്ചത്. പ്രഗത്ഭനായ, ഇച്ഛാശക്തിയുള്ള, ഒരു ഭരണാധിപൻ അമരത്തിരിക്കേണ്ട അവസ്ഥയായിരുന്നു അന്ന് സെന്റ് ബർക്കുമാൻസിന് ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ സാരഥ്യത്തിൽ സെന്റ് ബർക്കുമാൻസ്, സർവ്വതോമുഖമായ പുരോഗതി നേടി. അടുക്കും ചിട്ടയും അച്ചടക്കവും ശിക്ഷണബോധവും കോളജിന്റെ മുഖമുദ്രയായി. നീതിനിഷ്ഠയോടെ മാത്രമേ അദ്ദേഹം ഏതു കാര്യവും ചെയ്തിരുന്നുള്ളൂ. അന്നത്തെ ദിവാനായിരുന്ന സർ സി.പിയുടെ ശുപാർശയോടെ പ്രവേശനം അനുവദിക്കപ്പെട്ട ഒരു വിദ്യാർത്ഥിക്ക്, അയോഗ്യനെന്നകാരണത്താൽ, റോമയോസച്ചൻ പ്രവേശനം നിഷേധിച്ചു. സി.പി.യുടെ അപ്രീതി സമ്പാദിക്കുമെന്നാണ് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നത്. എന്നാൽ അച്ചന്റെ ആദർശധീരതയെ അദ്ദേഹം ശ്ലാഘിക്കുകയാണുണ്ടായതെന്നു കേട്ടിട്ടുണ്ട്.

തിരുവിതാംകൂർ സർവ്വകലാശാലയിലെ ഏറ്റവും മികച്ച കലാലയം എന്ന ബഹുമതി സെന്റ് ബർക്കുമാൻസ് കോളജിനു നേടിക്കൊടുക്കാൻ ആ യതിവര്യനു കഴിഞ്ഞു.തേവര കോളജ് സ്ഥാപിതമായപ്പോൾ അതിന്റ പ്രഥമപ്രിൻസിപ്പലാകാൻ സി. എം. ഐ. സന്യാസസമൂഹം കണ്ടെത്തിയതു റോമയോസച്ചനെയാണ്. അച്ചനെ മാത്രമാണ്. അതു സെന്റ് ബർക്കുമാൻസിനു നഷ്ടമാകുമെന്നു മനസ്സിലാക്കിയ കാളാശ്ശേരിപ്പിതാവ്, മനസ്സില്ലാമനസ്സോടെയാണ്, അദ്ദേഹത്തിന് അനുമതി നല്കിയത്. 1944-ൽ റോമയോസച്ചൻ സെന്റ് ബർക്കുമാൻസിൽ നിന്നും രാജി വച്ച് തേവര സേക്രട്ട്ഹാർട്ടിൽ പ്രിൻസിപ്പലായി. 1946 ൽ അദ്ദേഹം തേവരയിൽ നിന്നു വിരമിച്ചു.

എല്ലാ രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച പ്രഗത്ഭമതി

ഇച്ഛാശക്തിയുള്ള ഭരണാധിപൻ

അടുക്കും ചിട്ടയും അച്ചടക്കവും ശിക്ഷണബോധവും

നീതിനിഷ്ഠൻ

സി.പി.യുടെ പ്രശംസ

സെന്റ് ബർക്കുമാൻസ് - യൂണിവേഴ്സിറ്റിയിലെ ഏറ്റം മികച്ച കലാലയം എന്ന ബഹുമതി നേടിയെടുത്ത ഭരണനിപുണൻ

**വിശുദ്ധരുടെ ട്രിബ്യൂണൽ ജഡ്ജി**

വിശുദ്ധ അൽഫോൻസാ, വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നിവരുടെ നാമകരണ ട്രിബ്യൂണലുകളിൽ  പതിനഞ്ചു വർഷത്തോളം ജഡ്ജിയായി അദ്ദേഹം അവിശ്രമം യത്നിച്ചിട്ടുണ്ട്. അച്ചന്റെ സൂക്ഷ്മവിശകലനപാടവത്തിനും വസ്തുതകളുടെ യഥാർത്ഥസ്വഭാവം മനസ്സിലാക്കാനുള്ള കഴിവിനും മകുടോദാഹരണങ്ങളാണ് അദ്ദേഹം തയ്യാറാക്കിയ റിപ്പോർട്ടുകൾ.

**ധിഷണാശാലി**

**ഐ.സി. ഡാനിയേൽ കേസിൽ മള്ളൂർ ഗോവിന്ദപ്പിള്ളയ്ക്കു വലിയ സഹായി**

**കോടതിയിൽ ഹാജരായി വാദിച്ചിരുന്നു**

**നിതാന്തജാഗ്രത**

സഭാചരിത്രത്തിൽ അവഗാഹം നേടിയിരുന്ന ധിഷണശാലിയായിരുന്നു റോമയോസച്ചൻ. മാർപ്പാപ്പയുടെ അപ്രമാദിത്വം സംബന്ധിച്ചു നടന്ന ഐ.സി.-ഡാനിയേൽ കേസിൽ അച്ചൻ വഹിച്ച പങ്ക് ഒട്ടനവധി ആളുകൾക്ക് അറിവുള്ളതാണ്. ഫാ. നടവത്തുശ്ശേരിയുമൊത്ത് തിരുവനന്തപുരത്തു താമസിച്ചായിരുന്നു നിയമയുദ്ധം. മഹാനായ മള്ളൂർ ഗോവിന്ദപ്പിള്ളയായിരുന്നു വക്കീൽ. അഭിഭാഷകനെ കത്തോലിക്കാ ദൈവശാസ്ത്രം പഠിപ്പിക്കുകയെന്ന ശ്രമസാദ്ധ്യമായ ജോലി സ്തുത്യർഹമാം വിധം അദ്ദേഹം നിർവ്വഹിച്ചു. പല അവസരങ്ങളിലും അദ്ദേഹം തന്നെ കോടതിയിൽ ഹാജരായി വാദിക്കുകയും ചെയ്തിരുന്നു. ജഡ്ജി റോമയോസച്ചന്റെ വാദശൈലിയെ മുക്തകണ്ഠം പ്രശംസിച്ചിട്ടുമുണ്ട്. ശാശ്വതമൂല്യങ്ങളും വിശ്വാസസത്യങ്ങളും സംരക്ഷിക്കുന്നതിൽ നിതാന്തജാഗ്രതയാണദ്ദേഹം പുലർത്തിയിരുന്നത്.

**രണ്ടുപ്രാവശ്യം ദീപികയുടെ മാനേജിംഗ് എഡിറ്റർ**

**ദീപികയ്ക്കു റോട്ടറി പ്രസ്സ്**

രണ്ടുവട്ടം മാനേജിംഗ് എഡിറ്ററായി ദീപികയെ അച്ചൻ നയിച്ചു. സഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കാനും സമുദായത്തിന്റെ അവകാശങ്ങൾ സ്ഥാപിക്കാനും ആദർശങ്ങൾ പ്രാവർത്തികമാക്കാനും ദീപികപത്രത്തിന്റെ പ്രവർത്തനം വിപുലീകരിച്ചു മെച്ചപ്പെടുത്തണമെന്ന ബോധ്യം അദ്ദേഹത്തിൽ രൂഢമൂലമായിരുന്നു. അക്കാലത്തു ദീപികയുടെ മുഖ്യപ്രശ്നം ഒരു നല്ലപ്രസ്സിന്റെ അഭാവമായിരുന്നു. വീടുവീടാന്തരം കയറിയിറങ്ങി, ക്ലേശകരമായ ദീർഘയാത്രകൾ നടത്തി, സംഭാവനകൾ സ്വീകരിച്ചാണ് റോമയോസച്ചൻ എന്ന കർമ്മയോഗി, കർമ്മോത്സുകനായി പ്രവർത്തിച്ച്, ദീപികയ്ക്കൊരു റോട്ടറി പ്രസ്സ് വാങ്ങിയത്. ദീപികയുടെ മുന്നേറ്റത്തിന്റെ പ്രഥമപടിയായിരുന്നു അത്. ഓഫീസ് കാര്യങ്ങൾ വ്യവസ്ഥാപിതമാംവിധം ചിട്ടപ്പെടുത്തിയതും പത്രത്തിന്റെ പുരോഗതിക്കു വഴി തെളിച്ചു. കുടിയേറ്റക്കാരായ മലബാറിലെ സുറിയാനി കത്തോലിക്കർക്കു സ്വന്തറീത്തിൽ ആരാധനാസൗകര്യങ്ങളും അജപാലനസംവിധാനവും നേടിയെടുക്കാൻ കണക്കുകൾ കൃത്യമായി ഉദ്ധരിച്ച്, തികഞ്ഞ ആധികാരികതയോടെ, റോമയോസച്ചൻ ദീപികയിലെഴുതിയ ഈടുറ്റ ലേഖനങ്ങൾ ഏറെ പ്രയോജനകരമായി ഭവിച്ചിട്ടുണ്ട്.

**സെന്റ് ബർക്കുമാൻസിന്റെ ഖ്യാതി കേരളത്തിലെങ്ങും**

സെന്റ് ബർക്കുമാൻസിന്റെ ഖ്യാതി കേരളമൊട്ടാകെ വ്യാപിപ്പിക്കുന്നതിൽ അദ്ദേഹം ദത്തശ്രദ്ധനായിരുന്നു.  ഭരണതന്ത്രജ്ഞനും കർക്കശബുദ്ധിയുമായിരുന്ന തിരുവിതാംകൂർ ദിവാൻ സർ സി.പി.രാമസ്വാമിഅയ്യർക്ക്  ഓർത്തുനോക്കുക ഉജ്ജ്വലമായ ഒരു രാജകീയ സ്വീകരണമാണ് ആ വിദ്യാവിശാരദൻ കോളജിൽ വച്ചു നല്കിയത്. തിരുവിതാംകൂറിൽ ഒരു സർവ്വകലാശാലയുണ്ടാക്കുന്നതിനു സി.പി. പ്രത്യേകം ശ്രദ്ധിച്ചു. ഇതിന്റെ രൂപവത്കരണത്തിനു സെന്റ് ബർക്കുമാൻസ് കോളജിന്റെയും ആലുവാ യു.സി. കോളജിന്റെയും അനുമതി വേണ്ടി



**തിരുവിതാംകൂർ സർവ്വകലാശാലയ്ക്ക് സമ്മതം രേഖപ്പെടുത്തിയ പ്രഥമ പ്രിൻസിപ്പൽ**

**1937 നവ. 1 ന് കലാശാല പിറന്നു**

യിരുന്നു. ആദ്യമായി സമ്മതം രേഖപ്പെടുത്തിയതു റോമയോസച്ചനാണ്. അങ്ങനെയാണ് 1937 നവംബർ 1 ന് തിരുവിതാംകൂർ സർവ്വകലാശാല പിറന്നത്. സെന്റ് ബർക്കുമാൻസ്, യു.സി. എന്നീ രണ്ട് പ്രൈവറ്റ് ഫസ്റ്റ് ഗ്രേഡ് കോളജുകളിലെയും പ്രിൻസിപ്പൽമാർക്ക് സിൻഡിക്കേറ്റിൽ സ്ഥാനമുണ്ടായിരിക്കുമെന്നുള്ളത് ഒരു വ്യവസ്ഥയായി അംഗീകരിക്കപ്പെട്ടു. സിൻഡിക്കേറ്റ് മെംബർ എന്ന നിലയിൽ, അച്ചൻ സ്തുത്യർഹമായ സേവനമാണ് കാഴ്ച വച്ചത്.

**ശിലാസ്ഥാപനം സി. വി. ചന്ദ്രശേഖരൻ, പ്രോ. വൈസ് ചാൻസ്‌ലർ**

**ക്രിസ്തുരാജാ കപ്പേളയും കല്ലറയ്ക്കൽ ഹോളും റോമയോസച്ചനും**

കോളജിലെ ചാപ്പലും കല്ലറയ്ക്കൽ ഹോളും പണികഴിപ്പിച്ചത് റോമയോസച്ചന്റെ അശ്രാന്തപരിശ്രമഫലമായാണ്. മോൺ. ജേക്കബ് കല്ലറയ്ക്കൽ 8000 രൂപാ സംഭാവന ചെയ്തതുകൊണ്ടാണ് ക്രിസ്തുരാജ ചാപ്പലും അനുബന്ധമായ കല്ലറയ്ക്കൽ ഹാളും അത്രയും ഭംഗിയായി നിർമ്മിക്കാൻ സാധിച്ചത് എന്ന സത്യം സമ്മതിക്കുന്നു. 1941 ഫെബ്രുവരി 7-ാം തീയതി തിരുവിതാംകൂർ സർവ്വകലാശാലയുടെ പ്രോ. വൈസ് ചാൻസലർ ശ്രീ. സി. വി. ചന്ദ്രശേഖരൻ സെന്റ് ജോസഫ്സ് ഹോസ്റ്റലിന്റെയും സെന്റ് തോമസ് ഹോസ്റ്റലിന്റെയും ശിലാസ്ഥാപനം നിർവ്വഹിച്ചു. അതേ വർഷം ആഗസ്റ്റ് 15 ന് രണ്ട് ഹോസ്റ്റലുകളും ഉപയോഗയോഗ്യമാക്കിത്തീർക്കുന്നതിൽ റോമയോസച്ചൻ വഹിച്ച പങ്ക് നിസ്തുലമാണ്. കേരളത്തിലെ ഏതു കലാലയത്തിന്റെയും മുന്നിൽ സെന്റ് ബർക്കുമാൻസ് കോളജിന് അച്ചടക്കത്തിലും അദ്ധ്യാപനനിലവാരത്തിലും പ്രഥമസ്ഥാനം നേടാനുള്ള രാജവീഥിയൊരുക്കിയത് ഈ കർമ്മയോഗിയാണെന്ന കാര്യം എടുത്തു പറയേണ്ട വസ്തുതയാണ്.

**സെന്റ് ബർക്കുമാൻസ് പൂർണ്ണമായും തിരുവിതാംകൂർ സർവ്വകലാശാലയുടെ ഭാഗം**

റോമയോസച്ചന്റെ കാലത്ത്, 1938 ൽ, സെന്റ് ബർക്കുമാൻസിലെ ജൂണിയർ ക്ലാസ്സുകൾ മാത്രമാണ് തിരുവിതാംകൂർ സർവ്വകലാശാലയിൽ ഉൾപ്പെടുത്തിയത്. അതേവർഷംതന്നെ സിറിയക് ഭാഷ ഇന്റർ മീഡിയറ്റിനും ഡിഗ്രികോഴ്സിനും, സംസ്കൃതം ഡിഗ്രി കോഴ്സിനും രണ്ടാം പാർട്ടിൽ അദ്ധ്യയനഭാഷകളായി അംഗീകരിക്കപ്പെട്ടു. 1939ൽ സീനിയർ ക്ലാസ്സുകളും തിരുവിതാംകൂർ സർവ്വകലാശാലയിൽ ചേർത്തു.

**നിത്യസമ്മാനത്തിന് (1970 ആഗസ്റ്റ് 20)**

ദീപികയുടെ മാനേജിംഗ് എഡിറ്ററായി രണ്ടാം പ്രാവശ്യം സേവനമനുഷ്ഠിക്കവേ റോമയോസച്ചൻ അവശനായിത്തീർന്നു. വിശ്രമാർത്ഥം അദ്ദേഹം മാന്നാനം ആശ്രമത്തിലേക്കു മാറി. വിശ്രമമെന്യേ ബൗദ്ധികവ്യാപാരങ്ങളിലേർപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ ഓർമ്മശക്തി നന്നേ കുറഞ്ഞു. എങ്കിലും പ്രാർത്ഥനാജീവിതത്തിനും തപോനിഷ്ഠയ്ക്കും ഒട്ടും കുറവു വരുത്തിയില്ല. ശിശുസഹജമായ നിഷ്കളങ്കതയും ജീവിതലാളിത്യവും മുഖമുദ്രയായുണ്ടായിരുന്ന റോമയോസച്ചൻ വിദ്യാഭ്യാസവിചക്ഷണൻ, പ്രിൻസിപ്പൽ, സിൻഡിക്കേറ്റ് മെംബർ, പത്രാധിപർ, ട്രൈബ്യൂണൽ ജഡ്ജ്, സഭാസ്നേഹി, സഭാപോരാളി എന്നീ നിലകളിൽ പ്രശോഭിച്ച് (മുക്കാൽ നൂറ്റാണ്ടു കാലത്തെ സംഭവബഹുലമായ ജീവിതം) 1970ൽ (ആഗസ്റ്റ് 20) ധന്യധന്യനായ ആ യതിവര്യൻ, നിത്യസമ്മാനത്തിനായി പറന്നുയർന്നു.

6

# ഫാ. വില്യം സി.എം.ഐ.

ഈ താപസവര്യൻ 1919 ലാണ് തന്റെ ജീവിതത്തിലെ ഏറ്റം ആഹ്ലാദകരമായ ഗുരുപ്പട്ടസ്വീകരണം നടത്തിയത്. വ്രതവാഗ്ദാനത്തോടെയാണ് ബ്രദർ നേര്യമ്പറമ്പിൽ തോമസ്, വില്യമായത്. തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സിൽ നിന്നു ബി.എ. ഓണേഴ്സ് പാസ്സായി. അക്കൊല്ലം തന്നെ എൽ.റ്റി. ബിരുദവും സമ്പാദിച്ചു. വില്യമച്ചൻ 1926ൽ മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി. അഞ്ചുവർഷം അദ്ധ്യാപകനായും തുടർന്നു 13 വർഷം ഹെഡ്മാസ്റ്ററായും അവിടെ സേവനമനുഷ്ഠിച്ചു. പിന്നീടുള്ള മൂന്നുവർഷം പുളിങ്കുന്ന് സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. 1944 മുതൽ 1952 വരെ അതിപ്രഗത്ഭനായ പ്രിൻസിപ്പൽ എന്ന നിലയിൽ സെന്റ് ബർക്കുമാൻസ് കോളജിനെ ഉന്നതിയിൽ നിന്ന് ഉന്നതിയിലേക്ക് അദ്ദേഹം നയിച്ചു.

ഗുരുപ്പട്ട സ്വീകരണം 1919

ലേഖകന്റെ വലിയ മാതുലൻ

സെന്റ് എഫ്രേംസിൽ അധ്യാപകൻ

പുളിങ്കുന്ന് സെന്റ് ജോസഫ്സിൽ ഹെഡ്മാസ്റ്റർ

ശാന്തഗംഭീരനായ വില്യമച്ചനെ കോപിച്ച് ആരും കണ്ടിട്ടില്ല. സിൻഡിക്കേറ്റിൽ പൊരിഞ്ഞ അഭിപ്രായസംഘട്ടനങ്ങൾ നടക്കുമ്പോൾ വൈസ് ചാൻസ്‌ലർ രാമസ്വാമി മുതലിയാർ പലപ്പോഴും അവസാനതീരുമാനത്തിനു വില്യമച്ചന്റെ അഭിപ്രായമാണ് തേടിയിരുന്നത്! അദ്ദേഹത്തിന്റെ പരിശ്രമഫലമായാണ് 1945ൽ സെന്റ് ബർക്കുമാൻസിൽ ബി.എസ്.സി ഫിസിക്സ് ആരംഭിക്കാൻ കഴിഞ്ഞത്. അതേ വർഷം തന്നെ ന്യൂമൻ ഹോസ്റ്റലും ഉദ്ഘാടനം ചെയ്യപ്പെട്ടു. തുടർന്ന് ബൊട്ടാണിക്കൽ ഗാർഡന്റെ കിഴക്കുഭാഗത്തായി 13 മുറികളുള്ള ഒരു സ്റ്റാഫ് ഹോസ്റ്റലും പണിതീർത്തു. 1949 ആഗസ്റ്റ് 12-ാം കാളാശ്ശേരിപ്പിതാവ് അസംപ്ഷൻകോളജിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

ശാന്തഗംഭീരൻ

സെന്റ് ബർക്കുമാൻസിനെ ഉന്നതിയിൽനിന്ന് ഉന്നതിയിലേക്ക്

'ഉലഹന്നാൻ മാപ്പിള പറഞ്ഞു കല്ലിടാൻ; ഞാനവിടെയൊരു കല്ലിട്ടു' (കാളാശ്ശേരിപ്പിതാവ്)

കത്തോലിക്കാ പെൺകുട്ടികളുടെ സുഗമമായ വിദ്യാഭ്യാസത്തിന് ഒരു മികച്ച സ്ഥാപനം ലഭിക്കുക എന്നതു നാട്ടുകാരുടെ ഒരുചിരകാലാഭിലാഷമായിരുന്നു. സെന്റ് ബർക്കുമാൻസ് കോളജിന്റെ പുത്രിയെന്നു വിശേഷിപ്പിക്കാവുന്ന വനിതാ കോളജിന് 'സ്വർഗ്ഗാരോപണ കലാലയം' എന്ന അർത്ഥത്തിൽ 'Assumption College' എന്നു നാമകരണം ചെയ്തതു ദൈവദാസൻ കാവുകാട്ടുപിതാവായിരുന്നുവെന്ന് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആദ്യകാലത്ത് സെന്റ് ബർക്കുമാൻസിലെ



**അസംപ്ഷൻ കോളജിന്റെ പ്രഥമ പ്രിൻസിപ്പൽ**

**സേവ്യറമ്മ പ്രഥമ വൈസ് പ്രിൻസിപ്പൽ**

പല അദ്ധ്യാപകരും പ്രത്യേകം നിയമിതരായ അദ്ധ്യാപികമാരും ഈ പുതിയ വനിതാ കോളജിൽ പഠിപ്പിച്ചിരുന്നു. രണ്ടു വിംഗിന്റെയും പ്രിൻസിപ്പൽ ആദരണീയനായ വില്യമച്ചൻ തന്നെയായിരുന്നു. ആ പാവനാത്മാവിന്റെ പാവനസ്മരണ നിലനിർത്താൻ അസംപ്ഷൻ ഓഡിറ്റോറിയം സമർപ്പിക്കപ്പെട്ടിരിക്കുന്നു എന്നത് ഏറെ സന്തോഷകരം. ആരാധനാമഠത്തിൽ ചേർന്ന ഒന്നാമത്തെ എം. എ.ക്കാരിയായ സിസ്റ്റർ സേവ്യർ ചരിത്രാദ്ധ്യാപികയും വനിതാ വിഭാഗത്തിന്റെ വൈസ്പ്രിൻസിപ്പലുമായി. അധികം കഴിയുംമുമ്പേ അസംപ്ഷൻ കോളജ് സർവ്വഥാ സ്വതന്ത്രയായിത്തീർന്നു. മാനേജരായി റവ. ഡോ. എൽ. ജെ. ചിറ്റൂരും പ്രിൻസിപ്പലായി സിസ്റ്റർ മേരി സേവ്യറും സ്ഥാനമേറ്റു.

**ബി.എസ്.സി. കെമിസ്ട്രിക്ക് അംഗീകാരം**

1951 ൽ സെന്റ് ബർക്കുമാൻസിൽ കെമിസ്ട്രി ബി.എസ്.സി. തുടങ്ങാനുള്ള അംഗീകാരം ലഭിച്ചത് വില്യമച്ചന്റെ കഠിനപ്രയത്നം മൂലമാണ്. ഇന്റർമീഡിയറ്റ് കെമിസ്ട്രി ലാബിനു വേണ്ടി സയൻസു ബ്ലോക്കിനു കിഴക്ക് മദ്ധ്യഭാഗത്തായി ഒരു വ്യത്യസ്തമായ ഹോൾ പണികഴിപ്പിക്കാനും അദ്ദേഹത്തിനു സാധിച്ചു.

**1952-ൽ വലിയ ഒരു സയൻസ് എക്സിബിഷൻ**

1952 ൽ വലിയ തോതിൽ ഒരു സയൻസ് എക്സിബിഷൻ സെന്റ് ബർക്കുമാൻസ് കോളജിൽ സംഘടിപ്പിക്കുന്നതിന് ചുക്കാൻ പിടിച്ചത് കൃതഹസ്തനായ വില്യമച്ചനാണ്. പ്രദർശനവും കോളജ് ഡേയും ഉദ്ഘാടനം ചെയ്യാനെത്തിയത് തിരുവിതാംകൂർ സർവ്വകലാശാലയുടെ ചാൻസലർ ശ്രീ. ചിത്തിര തിരുനാൾ രാമവർമ്മ മഹാരാജാവായിരുന്നു. സെന്റ് ബർക്കുമാൻസ് കോളജിന്റെ മഹത്തായ സംസ്കാരത്തെയും പാരമ്പര്യത്തെയും കുലീനതയെയും വിദ്യാഭ്യാസരംഗത്തെ ഉൽകൃഷ്ടപദവിയെയും സാംഭാവനകളെയുമെല്ലാം മഹാരാജാവു ശ്ലാഘിച്ചു. അമ്മ മഹാറാണിയും തദവസരത്തിൽ സന്നിഹിതയായിരുന്നു. Caritas Vera Nobiltitas- സൗഭ്രാത്രം ഹി കുലീനതാ-Charity is true nobility എന്നാണല്ലോ കോളജിന്റെ ആദർശവാക്യം തന്നെ.

**ശ്രീ. ചിത്തിര തിരുനാൾ രാമവർമ്മ മഹാരാജാവ് ഉദ്ഘാടകൻ**

ശാസ്ത്രപ്രദർശനം ഒരു ഗംഭീരവിജയമായിരുന്നു. വില്യമച്ചന്റെ നേതൃപാടവവും ഇച്ഛാശക്തിയും എല്ലാവർക്കും ബോധ്യമായി. ഇരുന്നൂറോളം ഹൈസ്ക്കൂളുകളിലെയും അനേകം കോളജുകളിലെയും വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കും പതിനായിരക്കണക്കിനു സാമാന്യജനങ്ങൾക്കും ശാസ്ത്രവിജ്ഞാനം കോരിച്ചൊരിഞ്ഞ ഈ ഉദ്യമം സെന്റ് ബർക്കുമാൻസിന് അഭിമാനിക്കാൻ ധാരാളം വക നല്കി. പൊതുജനങ്ങൾക്കിടയിൽ കോളജിനെക്കുറിച്ചുള്ള മതിപ്പ് പല മടങ്ങു വർദ്ധിച്ചു.

1951-52 അദ്ധ്യയനവർഷം സെന്റ് ബർക്കുമാൻസിൽ വിദ്യാർത്ഥികളുടെ എണ്ണം 1546 ആയിരുന്നു. 1952-53 ആയപ്പോഴേക്ക് അത് 1754 ആയി വർദ്ധിച്ചു. 1953 അവസാനം സേവനരംഗത്ത് അദ്വിതീയനായ താപസ്സൻ വില്യമച്ചൻ പ്രിൻസിപ്പൽ സ്ഥാനത്തു നിന്നും വിരമിച്ചു. മാന്നാനത്തെ ട്രെയിനിംഗ് കോളജിലും ദീപികയിലുമായി അദ്ദേഹം സേവനം തുടർന്നു.

**സഹകരണസംഘ പ്രസ്ഥാനം**

1954ൽ ഒരു സഹകരണനിയമം പാസ്സാക്കിയതോടെയാണ്, ഇന്ത്യയിൽ

**കോളജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സ്ഥാപകൻ**

കാർഷിക വായ്പാ സഹകരണസംഘങ്ങൾ രൂപീകരിച്ചുകൊണ്ട് സഹകരണ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്. സഹകരണസംഘങ്ങളുടെ ഗൗരവവും പ്രാധാന്യവും ശരിക്കു മനസ്സിലാക്കിയ വ്യക്തിയായിരുന്നു വില്യമച്ചൻ. സെന്റ് ബർക്കുമാൻസ് കോളജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സ്ഥാപകൻ അദ്ദേഹമാണ്. അദ്ധ്യാപകരുടെ സേവനത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് തികഞ്ഞ അവബോധമുണ്ടായിരുന്ന വില്യമച്ചൻ അവരുടെ ശമ്പളസ്കെയിൽ ഉയർത്തുന്നതിന് ആത്മാർത്ഥമായി പരിശ്രമിച്ചു.

**ദീപികയുടെ മാനേജിംഗ് എഡിറ്റർ**

**മാന്നാനം ട്രെയിനിംഗ് കോളജിന്റെ സ്ഥാപക പ്രിൻസിപ്പൽ**

പ്രിൻസിപ്പൽ സ്ഥാനത്തു നിന്നും വിരമിച്ചതിനെത്തുടർന്ന് 1954 ൽ വില്യമച്ചൻ ദീപികയുടെ മാനേജിംഗ് എഡിറ്ററായി നിയമിക്കപ്പെട്ടു. ഈ കാലയളവിൽത്തന്നെ മാന്നാനത്ത് ഒരു ട്രെയിനിംഗ് കോളജ് തുടങ്ങാനും അച്ചൻ ശ്രമിച്ചുകൊണ്ടിരുന്നു. 1956 ൽ ട്രെയിനിംഗ് കോളജ് സ്ഥാപിച്ച്, 1960 വരെ അതിന്റെ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. പാലാ സെന്റ് തോമസ്, കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളജ്, ആലപ്പുഴ സെന്റ് ജോസഫ്സ്, എന്നീ കോളജുകളുടെയും ഏതാനും ഹൈസ്കൂളുകളുടെയും സ്ഥാപനത്തിൽ വില്യമച്ചന് നിർണ്ണായകമായ പങ്കുണ്ടായിരുന്നു.

കുറ്റക്കാരായ വിദ്യാർത്ഥികളെ സ്നേഹപൂർവ്വം സ്വീകരിച്ച്, അവർക്കു വാത്സല്യം പകർന്നുകൊടുത്ത്, കുറ്റത്തിന്റെ ഗൗരവം അവരെ ബോദ്ധ്യപ്പെടുത്തി, അവർക്ക് ഉണർവ്വും ഉന്മേഷവും പകർന്ന്, അവരെ നല്ലവരാക്കി മാറ്റുക എന്നതായിരുന്നു വിദ്യാഭ്യാസരംഗത്തായിരുന്നപ്പോൾ, എന്നല്ല, എപ്പോഴും വില്യമച്ചന്റെ കർമ്മശൈലി.

**മള്ളൂർ മാത്രം അപവാദം**

മള്ളൂർ ഗോവിന്ദപ്പിള്ളയൊഴികെ മറ്റാരും യൂണിവേഴ്സിറ്റി സെനറ്റിലും സിൻഡിക്കേറ്റിലും വില്യമച്ചനോളം ദീർഘകാലം അംഗമായിരുന്നിട്ടില്ല. സുറിയാനി പഠനസമിതിയുടെ അദ്ധ്യക്ഷൻ, മുഖ്യപരീക്ഷകൻ, ഗവൺമെന്റ് പ്രസിദ്ധീകരിച്ച മലയാളനിഘണ്ടുവിന്റെ കമ്മറ്റിയംഗം എന്നീനിലകളിലും ഈ സന്ന്യാസവര്യന്റെ സേവനം നീളുകയുണ്ടായി. ചങ്ങനാശ്ശേരി അതിരൂപതയിലെ കന്യകാമഠങ്ങളുടെ വിസിറ്റർ, കർമ്മലീത്താ സഭയുടെ ദക്ഷിണപ്രവിശ്യാ കൗൺസിലർ എന്നീ ചുമതലകളും വില്യമച്ചൻ, പ്രഗത്ഭമായ രീതിയിൽ, കൈകാര്യം ചെയ്തിട്ടുണ്ട്. ഒരു കാലത്ത് അദ്ദേഹം കെ.സി.എസ്.എൽ.ന്റെ ജീവനാഡിയായിരുന്നു.

**സ്നേഹം ധൂർത്തടിക്കുന്ന പിതാവ്**

**ബഹുമുഖ പ്രതിഭ**

സാഹിത്യരംഗത്തും ഈ സന്ന്യാസശ്രേഷ്ഠൻ പ്രശോഭിച്ചിരുന്നു. ദൈവസ്നേഹം, മിശിഹായുടെ ജീവചരിത്രം, മിശിഹാനുകരണം, വിശുദ്ധരുടെ ജീവചരിത്രം, പ്രധാനപ്പെട്ട ക്രിസ്തീയസഭകൾ, വിശുദ്ധകുരിശിന്റെ യോഹന്നാൻ, മെത്രാഭിഷേകം, വിശുദ്ധ പത്താം പീയൂസ് ഇവ വില്യമച്ചന്റെ അനുഗൃഹീതതൂലികയിൽ നിന്നു മലയാള സാഹിത്യത്തിനു ലഭിച്ച ഉപഹാരങ്ങളാണ്. ഒരു സന്ന്യാസവൈദികൻ ഒന്നാമതും രണ്ടാമതും ദൈവികകാര്യങ്ങളിൽ വ്യാപൃതനായിരിക്കണമെന്ന തത്ത്വം അക്ഷരാർത്ഥത്തിൽ സ്വജീവിതത്തിൽ പ്രാവർത്തികമാക്കിയ ആളാണ് അദ്ദേഹം. ക്രിസ്തുവിന്റെ സാർവ്വത്രികസ്നേഹത്തിന്റെ ഈ പ്രയോക്താവ് ഒരു മാതൃകാസന്യാസിയായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.



**പ്രാർത്ഥനയ്ക്കും അജപാലന ശുശ്രൂഷകൾക്കും പ്രഥമ സ്ഥാനം**

തിരക്കേറിയ ഔദ്യോഗികജീവിതത്തിനിടയിലും കുമ്പസാരിപ്പിക്കാനും ധ്യാന പ്രസംഗങ്ങൾ നടത്താനും ദൈവാലയശുശ്രൂഷകൾക്കു കാർമ്മികത്വം വഹിക്കാനും വില്യമച്ചൻ സമയം കണ്ടെത്തിയിരുന്നു. ഈ പ്രാർത്ഥനയുടെ മനുഷ്യന്റെ മനസ്സിൽ നിറഞ്ഞുനിന്നിരുന്ന ചിന്ത ലോകം വിചാരിക്കുന്നതിലേറെ കാര്യങ്ങൾ പ്രാർത്ഥനകൊണ്ടു നിർവ്വഹിക്കപ്പെടുമെന്ന ടെന്നിസന്റെ വാക്കുകളായിരുന്നിരിക്കണം.

**മാന്നാനം ആശ്രമ ദൈവാലയത്തിൽ അന്ത്യവിശ്രമം**

ആജീവനാന്തം പരോപകാരനിരതമായ കർമ്മങ്ങൾകൊണ്ട് അനുഗൃഹീതമായിരുന്നു, ചരിതാർത്ഥമായിരുന്നു, ആ ധന്യജീവിതം. 1961 ൽ രണ്ടാം പ്രാവശ്യം വില്യമച്ചൻ ദീപികയുടെ ചീഫ് എഡിറ്ററായി. വാർദ്ധക്യവും രോഗവും അദ്ദേഹത്തെ കടന്നാക്രമിച്ചുകൊണ്ടിരുന്നെങ്കിലും, യാതൊരു പരാതിയുമില്ലാതെ, കർമ്മനിരതനായിത്തുടർന്നു. ഭാരതം സ്വതന്ത്രമായതുപോലെ, പരിശുദ്ധ അമ്മ സർവ്വതന്ത്രസ്വതന്ത്രയായതു പോലെ, വില്യമച്ചനും മായാലോകത്തിന്റെ കെട്ടുപാടുകൾ പാടെ പൊട്ടിച്ചെറിഞ്ഞ് വിജയശ്രീലാളിതനായി 1965 ആഗസ്റ്റ് 15നു പരിപൂർണ്ണസ്വാതന്ത്ര്യത്തിന്റെ നാട്ടിലേയ്ക്ക്, സ്നേഹത്തിന്റെ നാട്ടിലേയ്ക്ക്, നന്മയുടെ നാട്ടിലേയ്ക്ക്, ദൈവത്തിന്റെ സ്വന്തം നാട്ടിലേയ്ക്ക്, സ്വർഗ്ഗസൗഭാഗ്യത്തിലേക്കു പറന്നുയർന്നു. മാന്നാനം ആശ്രമദൈവാലയത്തിന്റെ പരിശുദ്ധി നുകർന്ന് അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ അവിടെ അന്ത്യവിശ്രമം കൊള്ളുന്നു.

**അച്ചന്റെ 'പെസഹാ' യെക്കുറിച്ച് തൊഴിലാളിപ്പത്രം**

**സ്വശിഷ്യർ**

**രാഷ്ട്രീയ സാമൂഹിക സാമുദായിക രംഗങ്ങളിലെ തിലകച്ചാർത്തുകൾ**

തൊഴിലാളിപ്പത്രം അച്ചന്റ 'പെസഹാ'യെ അനുശോചിച്ചതിങ്ങനെയാണ്. 'പ്രൈമറിവിദ്യാലയങ്ങൾ തൊട്ട് കലാലയങ്ങൾ വരെയുള്ള നിരവധി സ്ഥാപനങ്ങളുടെ ജനയിതാവായ അദ്ദേഹത്തിന്റെ മരണം സംസ്ഥാനത്തെ വിദ്യാഭ്യാസ മണ്ഡലത്തിനു നികത്താനാവാത്ത ഒരു വിടവാണു സൃഷ്ടിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ ശിക്ഷണത്തിനും പരിലാളനത്തിനും വിധേയമായിട്ടുള്ള അനേകം പേർ കേരളത്തിലെ രാഷ്ട്രീയരംഗത്തെ തിലകച്ചാർത്തുകളായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. താനുമായി സമ്പർക്കം പുലർത്തിയ ആരുടെയും ഹൃദയത്തിൽ വില്യമച്ചൻ അനന്യമായ ഒരു സ്ഥാനം കൈവശപ്പെടുത്തിയിരുന്നു. സ്നേഹം നിറഞ്ഞ കൊച്ചുവാക്കുകളും ആത്മാർത്ഥത നിറഞ്ഞ സേവനവും അദ്ദേഹത്തിന്റെ പ്രത്യേകതകളാണ്. തീക്ഷ്ണമായ സാമൂഹ്യദാഹം അദ്ദേഹത്തെ എല്ലാവിധത്തിൽപ്പെട്ടവരുടെയും സ്നേഹാദരങ്ങൾക്കു പാത്രമാക്കി. എല്ലാവരുടെയും എല്ലാമായിരുന്ന്, എല്ലാവർക്കും നന്മകൾ പകർന്ന്, പുണ്യജീവിതം നയിച്ചു നിര്യാതനായി, അദ്ദേഹം.'

ഈ ധന്യാത്മാവിന്റെ ഒരു ബന്ധുവാണ് ഈയുള്ളവന്റെ പ്രിയപ്പെട്ട അമ്മയെന്നതിൽ അത്യധികം ആനന്ദിക്കുന്നു, അഭിമാനിക്കുന്നു, നല്ല ദൈവത്തിനു നന്ദി പറയുന്നു. ഈ വലിയ മാതുലനെ ഒരിക്കൽ മാത്രം കാണാനും സംസാരിക്കാനും ഒപ്പം കുറച്ചുദൂരം യാത്ര ചെയ്യാനും മാത്രമേ ലേഖകനു സാധിച്ചിട്ടുള്ളു.

7

# ഫാ. പി.സി. മാത്യു എം.എ.

സെന്റ് ബർക്കുമാൻസിന്റെ അഞ്ചാമത്തെ പ്രിൻസിപ്പാൾ പി. സി. മത്തായിച്ചൻ തന്നെയാണ്, പി.യു.സിയിൽ പ്രവേശനം തന്ന്, എന്നെ ലോകചരിത്രം പഠിപ്പിച്ചത്. ഈ അസുലഭഭാഗ്യത്തിൽ അഭിമാനം കൊള്ളുന്നു. ആ വർഷം അദ്ദേഹം ഞങ്ങളെയല്ലാതെ മറ്റാരെയെങ്കിലും പഠിപ്പിച്ചിരുന്നില്ലെന്നാണ് എന്റെ ബോധ്യം. കാരണം, പ്രിൻസിപ്പൽ, ആഴ്ചയിൽ, മൂന്നു മണിക്കൂർ, പഠിപ്പിച്ചാൽ മതി. ഓരോ പരീക്ഷയും കഴിയുമ്പോൾ എല്ലാ വിദ്യാർത്ഥികളുടെയും മാർക്ക് ലിസ്റ്റ് കൃത്യമായി രേഖപ്പെടുത്തുന്ന ആ 'തടിയൻ ബുക്ക്' അച്ചൻ തന്നെ കൊണ്ടുവന്ന് എല്ലാ വിഷയങ്ങളുടെയും മാർക്കുകൾ വായിച്ചു കേൾപ്പിച്ചിരുന്നു. ഓണപ്പരീക്ഷയ്ക്ക് നല്ല മാർക്കു വാങ്ങി എല്ലാ വിഷയങ്ങൾക്കും ജയിച്ചതിനു ക്ലാസിൽ പരസ്യമായി അഭിനന്ദനം തന്നത് അനുസ്മരിച്ചു പുളകം കൊള്ളുന്നതു ന്യായവും യുക്തവുമല്ലേ? 1960 ലെ കാര്യമാണു പറയുന്നത്. സെമിനാരിയിൽ പ്രവേശിച്ചതിന്റെയും, സെന്റ് ബർക്കുമാൻസ് കോളജിൽ പഠനം ആരംഭിച്ചതിന്റെയും സുവർണ്ണജൂബിലി 2012 ജൂൺ 18, 19 തീയതികളിലായിരുന്നു! ദൈവമേ നന്ദി.

ഞങ്ങളുടെ ആദ്യത്തെ പ്രിൻസിപ്പലച്ചൻ സ്നേഹം തന്നെയായിരുന്നു. അതു നുകരാൻ ഭാഗ്യം ലഭിച്ചവർക്കു മാത്രമേ അതു മനസ്സിലാകൂ. അച്ചടക്കത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനത്തിന്റെ ഉടമയുമായിരുന്നു എന്റെ പ്രിയപ്പെട്ട പ്രിൻസിപ്പലച്ചൻ. ഒരുദിവസം, അഞ്ചാമത്തെ മണിക്കൂറിലായിരുന്നു (last hour) ഞങ്ങൾക്ക് അച്ചന്റെ ക്ലാസ്. വൈകിട്ടു വീട്ടിൽ പോകാനുള്ള വ്യഗ്രതയിലായിരുന്നു എല്ലാവരും. 16-17 വയസ്സുകാരല്ലേ ! ബാലചാപല്യങ്ങളിൽ നിന്നു പൂർണ്ണവിമോചനം ആയിരുന്നില്ല. പക്ഷേ, ഞങ്ങളുടെ പ്രിൻസിപ്പലച്ചന് അച്ചടക്കരാഹിത്യം, അനാവശ്യമായ തിടുക്കം, ക്രമവും ചിട്ടയുമില്ലായ്മ (Order is heaven's first law. Hence, Fr. Principal wanted St. Berchmans, by all means, to be a heaven), ശ്രദ്ധക്കുറവ്, അലംഭാവം, അനുസരണക്കേട്, പരിസരബോധമില്ലായ്മ, അധ്യാപകരോടുള്ള ഏറ്റം ചെറിയ ഒരു അനാദരവ്- എല്ലാം അസഹ്യവും അരോചകവും അക്ഷന്തവ്യവുമായിരുന്നു.

ലോകചരിത്ര ഗുരുനാഥനും പ്രിൻസിപ്പലും

ഓണപ്പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും നല്ല മാർക്കോടെ ജയിച്ചതിന് ശിഷ്യവത്സലനായ പ്രിൻസിപ്പലച്ചന്റെ അനുമോദനം

സ്നേഹം തന്നെ

അച്ചടക്കത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയില്ല



ഈ പശ്ചാത്തലത്തിലാണ് താഴെപ്പറയുന്ന സംഭവത്തിനു സാംഗത്യം വർദ്ധിക്കുക. സംഭവിച്ചത് ഇതാണ്. ലാസ്റ്റുബെൽ മുഴങ്ങി. മാർ കുര്യാളശ്ശേരി ബ്ലോക്കിന്റെ മൂന്നാം നിലയിലുള്ള 13-ാം നമ്പർ ഹോളിലായിരുന്നു ഞങ്ങളുടെ ക്ലാസ്സ്. എല്ലാവരും തന്നെ തിടുക്കത്തിൽ ഇറങ്ങാൻ ശ്രമിക്കുകയായിരുന്നു. തിരക്കിനിടയിൽ ആരുടെയോ കൈയ്യോ, കാലോ, തട്ടി ഒരു ഡെസ്ക് മറിഞ്ഞു. അതോടൊപ്പം ഒന്നുരണ്ടു ബഞ്ചും ഡെസ്കും കൂടി മറിഞ്ഞു. ആ വീഴ്ച വലുതായിരുന്നു! ആ ശബ്ദം കോളജു മുഴുവൻ കേട്ടു കാണും. അച്ചനു നല്ല അരിശമായി. അരിശവും സങ്കടവും ഒരുമിച്ചാണ് അച്ചനെ പിടികൂടുക.

**'അച്ചൻകുഞ്ഞി'നു കനത്ത അടി**

കട്ടവനെ കാണാത്തതുകൊണ്ട് കണ്ടവനിട്ടു മത്തായിച്ചൻ കൈ കൊണ്ട് നല്ല ഊക്കോടെ ഒരടികൊടുത്തു. അടി കൊണ്ടത് ഒരു 'അച്ചൻകുഞ്ഞാ' യിരുന്നു. ശുഭ്രവസ്ത്രധാരികളായി, ഉടുപ്പിന്റെ കഫുകളിൽ ബട്ടണും കോളറിന്റെ അഗ്രങ്ങളിൽ നെക്ക് ബട്ടണുമായി മാത്രം എന്നും കോളജിലെത്തിയിരുന്ന ഞങ്ങളിൽ ഒരാളെ പ്രിൻസിപ്പലച്ചൻ അടിച്ചെങ്കിൽ എന്തെങ്കിലും ഗൗരവമായ കുറ്റം ചെയ്തിരിക്കും എന്നല്ലേ സാധാരണഗതിയിൽ ആരും ധരിക്കുകയുള്ളൂ? വാർത്ത പാറേൽ (ഞങ്ങളുടെ പെറ്റി സെമിനാരി പാറേലായിരുന്നു) കാട്ടുതീ പോലെ പറന്നെത്തുമെന്നുള്ളതും തീർച്ച. അടികൊണ്ടസഹോദരന് അതിയായ ഭയവവും ആശങ്കയും ആകുലതയും ഉണ്ടായിരുന്നു.

**15 'അച്ചൻ കുഞ്ഞു' ങ്ങൾ**

ക്ലാസിൽ സെമിനാരിക്കാർ ഞങ്ങൾ 15 പേരായിരുന്നു. ഇക്കാര്യത്തിൽ ഞങ്ങൾക്കെല്ലാവർക്കും വിഷമമായി. ക്ലാസ്സുകഴിഞ്ഞു, കോളജു ചാപ്പലിൽ കയറി വിസീത്ത, (Visit to the most Blessed Sacrament) നടത്തി, പ്രിഫെക്റ്റും എത്തിക്കഴിഞ്ഞേ, ഞങ്ങൾക്കു സെമിനാരിയിലേക്ക് പുറപ്പെടാമായിരുന്നുള്ളൂ. എല്ലാം പൂർത്തിയായി, അന്നു, ഞങ്ങൾ സെമിനാരിയിലെത്തിയപ്പോൾ നാലര കഴിഞ്ഞിരുന്നു. അതാ സെമിനാരി മുറ്റത്ത് ഒരു കറുത്ത അംബാസിഡർ എനിക്കു മനസ്സിലായി, അതു ഞങ്ങളുടെ സ്നേഹനിധിയായ പ്രിൻസിപ്പലച്ചന്റെ കാറാണെന്ന്.

**അടികൊണ്ടവനു മുമ്പേ പ്രിൻസിപ്പൽ പെറ്റി സെമിനാരിയിലേക്ക്!**

സ്റ്റെപ്പുകയറി, സെമിനാരിക്കെട്ടിടത്തിന്റെ, സാമാന്യം വീതിയുള്ള വരാന്തയിൽ ഞങ്ങൾ എത്തിയപ്പോൾ, സ്നേഹധനരായ ഞങ്ങളുടെ റെക്ടറച്ചനും ഞങ്ങളുടെ പ്രിൻസിപ്പലച്ചനും സുസ്മേരവദനരായി, ഞങ്ങൾക്കെതിരേ, വരാന്തയിലൂടെ വരുന്നു. പ്രിൻസിപ്പലച്ചന്റെ സ്നേഹവും കരുതലും മുൻകരുതലും പരിഗണനയും ശിഷ്യവാത്സല്യവും അപ്പോൾ ഞങ്ങൾക്ക് കൂടുതൽ ബോധ്യമായി.

**ആരെയും വേദനിപ്പിക്കരുത് എല്ലാവർക്കും നന്മ ചെയ്യുക**

ആരെയും വേദനിപ്പിക്കരുത്, വിഷമിപ്പിക്കരുത് എന്ന നിഷ്ഠ ധാരാളമായി കൈമുതലായുണ്ടായിരുന്ന ഒരു വിശാലഹൃദയത്തിന്റെ ഉടമയായിരുന്നു ഞങ്ങളുടെ പി.സി.മത്തായിച്ചൻ. അദ്ദേഹത്തിന്റെ ഓർമ്മ മായാതെ, മങ്ങാതെ മനുഷ്യഹൃദയങ്ങളിലും ഓർമയിലും നിലനിർത്താനുദ്ദേശിച്ചുള്ള സെന്റ് ബർക്കുമാൻസിലെ ഫാ. പി.സി. മാത്യു മെമ്മോറിയൽ ബാസ്കറ്റ്ബോൾ ടൂർണമെന്റ് മുടക്കം കൂടാതെ നടത്തപ്പെടുന്നുണ്ട്.

**ഫാ. പി.സി. മാത്യു മെമ്മോറിയൽ ബാസ്ക്കറ്റ് ബോൾ**

**ശിഷ്യഹൃദയങ്ങളിൽ ജീവിക്കുന്ന നിറസാന്നിദ്ധ്യം**

കോളജിൽ നിന്നും വിരമിച്ചുകഴിഞ്ഞ്, അച്ചനു കാറില്ലായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യൻ സുപ്രസിദ്ധനായ ഡോ. ബലരാമൻ, പാലായിൽ അച്ചനെ അദ്ദേഹത്തിന്റെ വസതിയിൽ സന്ദർശിച്ചപ്പോൾ ഇക്കാര്യം മനസ്സിലാക്കി. അദ്ദേഹം സഞ്ചരിച്ചു ചെന്ന കാർ, വന്ദ്യ ഗുരുഭൂതന്റെ മുറിയുടെ മുമ്പിൽ ഇട്ടിട്ടു, ബസ്സിൽ കയറി, അഥവാ ബസ്സുകളിൽ കയറി, സസന്തോഷം, വലിയ ചാരിതാർത്ഥ്യത്തോടെ, സ്വഭവനത്തിലേക്കു മടങ്ങിപ്പോയെന്ന വാർത്ത മധുരസ്മരണയാണ്. ശിഷ്യരുടെ ഹൃദയങ്ങളിൽ അച്ചൻ ഇന്നും നിറസാന്നിദ്ധ്യമായി നിലകൊള്ളുന്നു. സെന്റ് ബർക്കുമാൻസിന്റെ ആദ്യസന്താനങ്ങളിലൊരാളാണു മത്തായിച്ചൻ; പ്രഥമപ്രിൻസിപ്പൽ പുരയ്ക്കലച്ചന്റെ പ്രഗത്ഭനായ ശിഷ്യനും.

അക്കാലത്തും സെന്റ് ബർക്കുമാൻസിന്റെ പ്രിൻസിപ്പൽ "ex officio' യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെംബറായിരുന്നു. ഞങ്ങളുടെ പ്രിയ ബഹുമാനപ്പെട്ട പ്രിൻസിപ്പലച്ചന്റെ യാത്രാമൊഴി, വിടവാങ്ങൽ പ്രസംഗം, അങ്ങേയറ്റം ഹൃദയസ്പർശിയായിരുന്നുവെന്നു പറഞ്ഞു നിർത്തട്ടെ.



8

# കാളാശ്ശേരിലച്ചൻ

പൂർവ്വവിദ്യാർത്ഥി
പക്വമതി
പരിചയ
സമ്പന്നൻ

വാർഡൻ
വൈസ് പ്രിൻസിപ്പൽ

മാർ
ഈവാനിയോസിന്റെ
പ്രഗത്ഭനായ
പ്രിൻസിപ്പൽ

Home-coming

മത്തായിച്ചൻ വിരമിച്ച വിടവിൽ പിൻമുറക്കാരനായത് പക്വമതിയും പരിചയസമ്പന്നനും പൂർവ്വവിദ്യാർത്ഥിയും ബഹുമുഖ പ്രതിഭയുമായിരുന്ന മോൺസിഞ്ഞോർ ഫ്രാൻസിസ് കാളാശ്ശേരിലച്ചനാണ്. കലാലയജീവിതത്തിൽ വിശേഷ്യരൻ എനിക്കു സമ്മാനമായിത്തന്ന രണ്ടാമത്തെ പ്രിൻസിപ്പലച്ചനാണ് അദ്ദേഹം. 1961-1970 ആണ് അദ്ദേഹത്തിന്റെ സേവനകാലഘട്ടം. നല്ല അധ്യാപകനെന്നു പേരെടുത്ത ഫ്രാൻസീസച്ചൻ ആദ്യം വാർഡനായും പിന്നീട് വൈസ്പ്രിൻസിപ്പലായും നിയമിതനായി. വൈസ്പ്രിൻസിപ്പലായിരിക്കവേയാണ്, തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ് പ്രിൻസിപ്പലാവാൻ അദ്ദേഹത്തിനു ക്ഷണമുണ്ടായത്. തിരുവനന്തപുരം അതിരൂപതയുടെ ആവശ്യം നന്നായി മനസ്സിലാക്കിയ അഭിവന്ദ്യ കാവുകാട്ടുപിതാവ്, അനുഗ്രഹാശിസ്സുകൾ നല്കി, അച്ചനെ അങ്ങോട്ടയച്ചു. ചങ്ങനാശ്ശേരി അതിരൂപത മുമ്പ് അങ്ങനെയായിരുന്നു. കർത്താവിന്റെ മഹത്ത്വത്തിനു വേണ്ടി എന്തു ത്യാഗവും ചെയ്യാൻ അവൾ സദാ സന്നദ്ധത പ്രദർശിപ്പിച്ചിരുന്നു. 1956 -60 ൽ പ്രിൻസിപ്പലെന്ന നിലയിൽ, അച്ചൻ ഈവാനിയോസിനെ അഭ്യുന്നതിയിലേക്കു നയിച്ചു. 1961ൽ മാതൃകലാലയത്തിന്റെ സാരഥ്യം ഏറ്റെടുക്കാൻ, സർവ്വസാചിയായി, അദ്ദേഹം മടങ്ങിയെത്തി. 1970 വരെയുള്ള ഘട്ടം സെന്റ് ബർക്കുമാൻസിന്റെ സുവർണ്ണകാലം തന്നെയായിരുന്നു.

സെന്റ് ബർക്കു
മാൻസിൽ
കെമിസ്ട്രി, ബോട്ടണി,
മാത്ത്സ്, ഇംഗ്ലീഷ്,
മലയാളം പി.ജി.
കോഴ്സുകൾ

സെന്റ് ബർക്കുമാൻസിൽ കെമിസ്ട്രി, ബോട്ടണി, സുവോളജി, മാത്ത്സ്, ഇംഗ്ലീഷ്, മലയാളം എന്നീ വിഷയങ്ങളിൽ ബിരുദാനന്തരബിരുദ കോഴ്സുകൾ (പി.ജി) കാളാശ്ശേരിലച്ചന്റെ അശ്രാന്തപരിശ്രമഫലമായാണ് ആരംഭിച്ചത്. ഇവയെല്ലാം കാര്യക്ഷമമായി നടത്തിക്കൊണ്ടു പോകുന്നതിന് അത്യാവശ്യമായ സ്ഥലസൗകര്യങ്ങൾ പോലുമില്ലായിരുന്നുവെന്നതാണ് വാസ്തവം. 1964 (ഞങ്ങൾ ബി.എ. ഫൈനലിലായിരുന്ന വർഷം) വരെ മാർ കുര്യാളശ്ശേരി ബ്ലോക്കും സയൻസ് ബ്ലോക്കും മാത്രമേ ഉണ്ടായിരുന്നുള്ളൂ. സൗകര്യമായ ഒരു ഓഫീസ് പോലും അന്നുണ്ടായിരുന്നില്ല!

1964ൽ നടന്ന ഒരു സംഭവം രേഖപ്പെടുത്താം. കാളാശ്ശേരിലച്ചന്റെ കഠിനാദ്ധ്വാനത്തിന്റെയും ചങ്കുറ്റത്തിന്റെയും ഫലമാണ് സഹൃദയ ഹോസ്റ്റൽ. സേക്രഡ്

ഹാർട്ട് (എസ്.എച്ച്) ആണ് 'സഹൃദയ' ആയത്. അച്ചന്റെ കാല്പനികചിന്തയാണ് ഈ നാമമാറ്റത്തിൽ കാണുക. ഇതിലൂടെ എസ്.എച്ചിന്റെ കാത്തലിക് ഹോസ്റ്റൽ എന്ന പ്രത്യേകത നഷ്ടപ്പെട്ടു. കോളജ് ചാപ്പൽ സൗകര്യമായി ഉള്ളപ്പോൾ, അവിടെ എന്നും രണ്ടു വിശുദ്ധ കുർബാന വീതം അർപ്പിക്കപ്പെട്ടിരുന്നതുകൊണ്ട്, കത്തോലിക്കർക്കു വേണ്ടി മാത്രം ഒരു ഹോസ്റ്റലും ചാപ്പലും വേണ്ടെന്ന തോന്ന ലായിരിക്കാം 'സഹൃദയ' എന്ന പേരു നല്കി പുതിയ ഹോസ്റ്റലിനു പൊതുസ്വ ഭാവം നല്കാൻ കാളാശ്ശേരിലച്ചനെ പ്രേരിപ്പിച്ചത്.

**സഹൃദയാ ഹോസ്റ്റൽ (പുതിയ സേക്രഡ് ഹാർട്ട്)**

ഇതിൽ ബന്ധപ്പെട്ട്, നടന്ന മറ്റൊരു സംഭവം, രേഖപ്പെടുത്താം. കോളജിന്റെ സ്ഥലപരിമിതി നിമിത്തം ആയിടെ ഏതാനും ക്ലാസ്സുകൾ പഴയ എസ്. എച്ച് ബിൽഡിംഗിൽ അച്ചൻ സജ്ജീകരിച്ചു. ഞങ്ങൾ മൂന്നാം വർഷ ഇക്കണോമിക്സ് വിദ്യാർത്ഥികളും ആ ഗണത്തിൽപ്പെട്ടു. ഞങ്ങളുടെ എല്ലാ ക്ലാസ്സുകളും എസ്. എച്ചിൽ തന്നെയായിരുന്നു ക്രമീകരിച്ചത്. ഞങ്ങൾക്കെല്ലാവർക്കും ഇതിൽ ബുദ്ധി മുട്ടു തോന്നി. മറ്റു ബ്ലോക്കുകളിൽ നിന്നു ക്ലാസ് കഴിഞ്ഞു ഞങ്ങൾക്കു വരേണ്ടി യിരുന്ന അദ്ധ്യാപകർ എത്തുമ്പോൾ 10 മിനിറ്റു വരെ പലപ്പോഴും വൈകിയിരുന്നു. മറ്റു ക്ലാസ്സുകളിലേയക്ക് തൊട്ടടുത്ത പീരീഡിൽ പോകേണ്ടിയിരുന്ന അദ്ധ്യാപ കർ നേരത്തെ ഞങ്ങളെ 'ഫ്രീ' ആക്കിയിട്ട് പോകുകയും ചെയ്യുമായിരുന്നു. ഞ ങ്ങളുടെ ഗുരുഭൂതന്മാരുടെ നിർദ്ദേശപ്രകാരം, വിവരങ്ങൾ കൃത്യസമയത്ത്, ഓഫീ സിൽ അറിയിച്ചിരുന്നെങ്കിലും, പലദിവസങ്ങൾ പിന്നിട്ടിട്ടും, മറ്റു ക്രമീകരണങ്ങ ളൊന്നുമുണ്ടായില്ല. തുടർന്ന് ഒരു ദിവസം രാവിലെ തന്നെ ഞങ്ങളുടെ ക്ലാസ്സിലെ വിദ്യാർത്ഥികൾ (ഞാനൊഴികെ) എല്ലാവരും ക്ലാസ്സ് ബഹിഷ്ക്കരിച്ചു. സെന്റ് ബർക്കുമാൻസിൽ അത്യപൂർവ്വമായ ഒരു സംഭവം!

**ലേഖകന്റെ സഹപാഠികൾ ക്ലാസ് ബഹിഷ്കരി ക്കുന്നു!**

വിവരം പ്രിൻസിപ്പലച്ചൻ നിമിഷങ്ങൾക്കകം അറിഞ്ഞു. ഞൊടിയിടയിൽ അദ്ദേഹം ഞങ്ങളുടെ ക്ലാസ്സിലെത്തി. കുട്ടികൾ പരിപൂർണ്ണ നിശബ്ദതയിലാണ് ക്ലാസ്സിൽ നിന്നിറങ്ങിപ്പോയത്. അച്ചൻ വന്നപ്പോൾ ഞാൻ മാത്രമേ, എന്തോ വായി ച്ചുകൊണ്ട്, ക്ലാസ്സിൽ ഉണ്ടായിരുന്നുള്ളു. എനിക്കു ഭയമായി. പക്ഷേ, അച്ചൻ ശാന്തത കൈവെടിഞ്ഞില്ല. പ്രശാന്തനായി കാര്യങ്ങൾ എന്നോടു ചോദിച്ചു മന സ്സിലാക്കി. അതിനുശേഷം ഇത്രയും പ്രതികരിച്ചു. "നിങ്ങൾ ആവശ്യപ്പെടുന്നതു ന്യായമായ ഒരു കാര്യമാണ്. പക്ഷേ, ക്ലാസ്സ് ബഹിഷ്ക്കരിച്ചാണോ പ്രതികരി ക്കേണ്ടിയിരുന്നത്?"

**നിങ്ങളുടെ അഭ്യർത്ഥന ന്യായമാണ്. പക്ഷെ, സ്വീകരിച്ച മാർഗ്ഗം പിശകി, സാരമില്ല**

അച്ചന് ഒരു മറുപടി നല്കാൻ എനിക്ക് ആയില്ല. അല്പനേരം നിശബ്ദ നായി നിന്നതിനു ശേഷം അദ്ദേഹം എന്നോടു പറഞ്ഞു:

"Now, you go to your seminary. Come to class tomorrow."

പ്രിൻസിപ്പലച്ചന്റെ നിർദ്ദേശപ്രകാരം ഞാൻ നേരത്തെ സെമിനാരിയിലേക്കു പോയി. പിറ്റേദിവസം കോളജിലെത്തിയപ്പോൾ ഞാൻ അത്ഭുതം കണ്ടു! അന്നു കോളജിൽ ഉണ്ടായിരുന്നതിൽ ഏറ്റം നല്ല റൂമിലേക്ക്, രണ്ടുവാതിലും രണ്ടു ജനലുമായി, ചാപ്പലിന്റെ സങ്കീർത്തിക്കു തൊട്ടുതാഴെ, കല്ലറയ്ക്കൽ ഹോളിനോ

**ഞങ്ങൾക്ക് ബർക്കുമാൻസിലെ ഏറ്റവും നല്ല ക്ലാസ് റൂം**



ടേറ്റവും അടുത്ത്, ഫുട്ബോൾ ഗ്രൗണ്ടിനു 'അഭിമുഖ' മായുള്ള മുറി ഞങ്ങൾക്കായി തയ്യാർ ചെയ്തിരിക്കുന്നു. എപ്പോഴും നല്ല നിശ്ശബ്ദത! സുന്ദരമായ കാറ്റ്! ഓരോ ക്ലാസ്സും കഴിഞ്ഞ് ദിവ്യകാരുണ്യഈശോയെ സന്ദർശിക്കാൻ സൗകര്യം! ഉച്ചഭക്ഷണം കഴിഞ്ഞ്, തിരുസന്നിധിയിൽ, കുറച്ചുസമയം ചെലവഴിക്കാം! ഡിപ്പാർട്ടുമെന്റിൽ നിന്ന് അദ്ധ്യാപകർക്ക് നിമിഷനേരം കൊണ്ടെത്താം! ദൈവമേ നന്ദി! ഒരു വസ്തുത പറഞ്ഞെന്നേയുള്ളൂ. ലേഖകൻ സമരത്തിന് അനുഭാവിയാണെന്നു തെറ്റിദ്ധരിക്കരുതേ!

**കഠിനാദ്ധ്വാനവും പ്രാർത്ഥനയും. ഫലമോ, ബ്രഹത്തായ ബയോളജി ബ്ലോക്ക്**

കോളജിന്റെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ കാളാശ്ശേരിലച്ചൻ വഹിച്ച പങ്ക് വിസ്മയാവഹം തന്നെ. അച്ചന്റെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും വഴി, സഹൃദയയ്ക്കു ശേഷം ബ്രഹ്മാണ്ഡമെന്നു വിശേഷിപ്പിക്കാവുന്ന, ബയോളജി ബ്ലോക്ക് പൊന്തി വന്നു. പ്രിൻസിപ്പലിന്റെ ഓഫീസ്, വിശ്രമമുറി, ജനറൽ ഓഫീസ് ഇവയെല്ലാം ഇപ്പോൾ ഈ ബ്ലോക്കിലാണ്. പ്രിൻസിപ്പലിന്റെ വിശ്രമമുറിയോടു ചേർന്ന് അച്ചനോടുള്ള ബഹുമാനാർത്ഥം പിൻഗാമികൾ ക്രമീകരിച്ച 'മോൺസിഞ്ഞോർ കാളാശ്ശേരി ഹോൾ' വിരാജിക്കുന്നു!

**യാതൊരു അംഗീകാരവും ആഗ്രഹിക്കാത്ത ലളിതജീവിതം**

യാതൊരു അംഗീകാരവും ആഗ്രഹിച്ചിട്ടില്ലാത്ത, ലളിതസുന്ദരമായ ഒരു ജീവിതത്തിനുടമയാണദ്ദേഹം. തലസ്ഥാനനഗരിയിലെ തലയെടുപ്പുള്ള കോളജിന്റെ പ്രിൻസിപ്പലായിരുന്നപ്പോഴും, അതിപ്രഗത്ഭയായ സെന്റ് ബർക്കുമാൻസ് കോളജിന്റെ ധീരസാരഥിയായിരുന്നപ്പോൾ പോലും (ഇവിടെ അദ്ദേഹത്തിന്റെ മുൻഗാമിക്കു കാറുണ്ടായിരുന്നു) ഒരു കാർ സമ്പാദിക്കാനോ ടാക്സിയിൽ സഞ്ചരിക്കാനോ അദ്ദേഹം കൂട്ടാക്കിയിരുന്നില്ല. അദ്ദേഹം കാറിൽ സഞ്ചരിച്ചു ഞാൻ കണ്ടിട്ടേയില്ല.

**കർദ്ദിനാൾ ആന്റണി പടിയറ ഹോൾ**

മാത്സ്, കോമേഴ്സ്, ബോട്ടണി, സുവോളജി എന്നീ വിഭാഗങ്ങളും ബയോളജി ബ്ലോക്കിൽത്തന്നെയാണു കാളാശ്ശേരിലച്ചൻ ക്രമീകരിച്ചത്. ഇപ്പോഴും അച്ചന്റെ ക്രമീകരണം തുടരുന്ന ഈ ബ്ലോക്കിൽ ലൈബ്രറി, ക്ലാസ്സുകൾ, പരീക്ഷകൾ ഇവയ്ക്കൊക്കെ പല കാലങ്ങളിലായി ഉപയോഗിച്ചിരുന്ന 72-ാം നമ്പർ ക്ലാസ് റൂം ഇന്ന് എ.സി. സജ്ജീകരണമുൾപ്പെടെയുള്ള അതിസുന്ദരമായ ഒരു ഹോൾ ആയി മാറിയിരിക്കുന്നുവെന്നത് ഏറെ സന്തോഷം നല്കുന്നുണ്ട്. ലേഖകനെ കർത്താവിന്റെ പുരോഹിതനാക്കാൻ അഖിലേശൻ ഉപകരണമാക്കിയ, അന്തരിച്ച കർദ്ദിനാൾ ആന്റണി പടിയറ തിരുമേനിയുടെ പാവനസ്മരണയ്ക്കായി, ഈ ഹോൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത എന്റെ സന്തോഷം പലമടങ്ങ് വർദ്ധിപ്പിക്കുന്നു. ബയോളജി ബ്ലോക്കിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ ലേഖകൻ പ്രത്യേകമായി ശ്രദ്ധിച്ചകാര്യം അന്യത്ര പ്രസ്താവിച്ചിട്ടുണ്ട്.

**ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾ നടത്തിക്കാൻ ലേഖകനു ഭാഗ്യം**

കാളാശ്ശേരിലച്ചനെക്കുറിച്ചുള്ള അനുസ്മരണം പൂർണ്ണമാകണമെങ്കിൽ, അദ്ദേഹത്തിന്റെ അപ്രതിഹതമായ പ്രകൃതിസ്നേഹത്തെക്കുറിച്ച് ഒരു വാക്ക് പറഞ്ഞേ മതിയാവൂ. സെന്റ് ബർക്കുമാൻസ് ക്യാമ്പസിൽ തലയുയർത്തി നില്ക്കുന്ന ഭൂരിഭാഗം മരങ്ങളും അച്ചൻ, തന്റെ സാന്നിധ്യത്തിൽ, സൗകര്യത്തിനു കിട്ടിയ ലാസ്റ്റ്ഗ്രേഡ് സഹോദരങ്ങളെക്കൊണ്ടു, നടുവിച്ചതാണ്. 'മക്കളോടൊപ്പം അവ

രെയും അച്ചൻ അങ്ങേയറ്റം കരുതിയിരുന്നു.' തേക്കും മഹാഗണിയുമാണ് അച്ചന്റെ ഇഷ്ടമരങ്ങൾ.

വിശ്രമജീവിതവേളയിൽ

വിശ്രമജീവിതം നയിച്ചിരുന്ന അച്ചനോട് ഏതാനും മരങ്ങൾ അത്യാവശ്യത്തിനു വെട്ടിയെടുത്ത വിവരം ലേഖകൻ വാർത്തയായി പറഞ്ഞപ്പോൾ, ആ പ്രകൃതി സ്നേഹി, (ആ nature mystic) പറഞ്ഞതിങ്ങനെയാണ്. 'പൂർണ്ണവളർച്ചയെത്തുമ്പോൾ വെട്ടി നന്നായി ഉപയോഗിക്കാനാണ് നാം മരം വച്ചു പിടിപ്പിക്കുന്നത്. പക്ഷേ, ഒരു മരം വെട്ടുമ്പോൾ ഒരു മരം (തൈയ്) നട്ടിരിക്കണം.' ഈ ഉദ്ബോധനത്തിൽ നിന്ന് ഒരു വസ്തുത വ്യക്തമല്ലേ? 'ഒരു മരം' പ്രസ്ഥാനം ഔപചാരികമായി ആരംഭിക്കുന്നതിനു വർഷങ്ങൾക്കു മുമ്പ്, ഒരു പരസ്യവുമില്ലാതെ, കാളാശ്ശേരിലച്ചൻ ഈ തത്ത്വം എന്നെ പഠിപ്പിച്ചുവെന്നത്. അച്ചന്റെ വാക്കുകൾ അനുസരിച്ച്, ആദരിച്ച്, വെട്ടിയെടുത്ത മരങ്ങൾക്കു പകരമായി, ജൂബിലി സ്റ്റാഫ് ഹോസ്റ്റലിന്റെ വടക്കു കിഴക്കു ഭാഗത്ത്, സഹൃദയാ ഹോസ്റ്റലിന്റെ വടക്കുപടിഞ്ഞാറുഭാഗത്തായി ഏതാനും തേക്കിൻ തൈകൾ വച്ചുപിടിപ്പിച്ചിട്ടാണു പടിയിറങ്ങിയത്. അടുത്തെങ്ങും അവയെ സന്ദർശിക്കാനും അവയുടെ സുസ്ഥിതിയെക്കുറിച്ചു പഠിക്കാനും ആയിട്ടില്ല.

'ഒരു മരം' പ്രസ്ഥാനത്തിന്റെ പിതാവ്

സ്നേഹസമ്പന്നനും വിനയാന്വിതനുമായ ഞങ്ങളുടെ പ്രിൻസിപ്പലച്ചൻ അച്ചടക്കത്തിന്റെ കാര്യത്തിൽ കർക്കശനായിരുന്നു. അച്ചൻ ഓഫീസിൽ നിന്നും പുറത്തിറങ്ങിയാൽ മതി, ക്യാമ്പസ് പരിപൂർണ്ണഅച്ചടക്കത്തിലാവും. നെക്ക്ബട്ടൺ കൂടി ഇട്ടുകഴിഞ്ഞാൽ, പിന്നെ സ്വർഗ്ഗീയ നിശബ്ദതയായി. അച്ചടക്കത്തിന്റെ കാര്യത്തിൽ നിർബന്ധബുദ്ധിയുള്ള ഈ മാതൃകാവൈദികന് കരളലിയിക്കുന്ന ഒരനുഭവമുണ്ടായി. കോളജ് ക്യാമ്പസ് അദ്ദേഹത്തിനു മദ്ബഹായും അൾത്താരയുമായിരുന്നു. അതിന്റെ സുസ്ഥിതിക്ക് എന്തു ത്യാഗവും സഹിക്കാൻ സദാസന്നദ്ധനുമായിരുന്നു; അച്ചൻ. അതിൽ അങ്ങേയറ്റം ബദ്ധശ്രദ്ധനും.

സ്നേഹസമ്പന്നനും വിനയാന്വിതനും

അച്ചടക്കത്തിന്റെ കാര്യത്തിൽ കർക്കശൻ

അച്ചന്റെ ആത്മാർത്ഥതയും അർപ്പണമനോഭാവവും മനസ്സിലാക്കാത്ത, കോളജിന്റെ തൊട്ടടുത്ത അയല്ക്കാരൻ (അദ്ദേഹവും ഭാര്യയും മരിച്ചുപോയി. മകൻ ആ സ്ഥലം വിറ്റ് മറ്റെവിടെയോ ആണ് ഇപ്പോൾ താമസിക്കുക. ഭാര്യയ്ക്കോ മക്കൾക്കോ പിതാവിന്റെ ക്രൂരകൃത്യത്തിൽ യാതൊരു പങ്കുമില്ല) ഒരിയ്ക്കൽ അച്ചനെ ദേഹോപദ്രവമേല്പ്പിച്ചു. 'എന്റെ അഭിഷിക്തനെ തൊട്ടുപോകരുത്' (സങ്കീ. 105:15) എന്ന തിരുവചനം അയാൾക്കറിവില്ലാതെ പോയി. കരുണാമയനായ ദൈവം അയാളുടെ അറിവില്ലായ്മ കൊണ്ടു ചെയ്തത് അയാളോടു ക്ഷമിക്കട്ടെ. അദ്ധ്യാപകരും ഞങ്ങൾ വിദ്യാർത്ഥികളും അതീവദുഃഖിതരായി. വലിയ ഒരു പ്രതിഷേധയോഗം കല്ലറയ്ക്കൽ ഹോളിൽ നടന്നു. പ്രഗത്ഭരായ പ്രൊഫസ്സർമാർ ഈ അതിക്രമത്തെ അതിശക്തമായ ഭാഷയിൽ അപലപിച്ചു.

കാളാശ്ശേരിലച്ചനു കോളജ് കാമ്പസ് മദ്ബഹായും അൾത്താരയുമായിരുന്നു

"Unprovoked and unprecedented, atrocious brutal attack", അങ്ങനെയാണ്, എന്റെ ഗുരുനാഥൻ, പ്രൊഫ. കെ. ജെ. ഫ്രാൻസിസ്, ആ നീചപ്ര

**Unprovoked brutal attack**



**ഈശോയെപ്പോലെ ക്ഷമിച്ചു**

വ്യത്തിയെ വിശേഷിപ്പിച്ചത്. കുരിശിലേറ്റിയവരോട് വ്യവസ്ഥയില്ലാതെ ക്ഷമിച്ച കാരുണ്യമൂർത്തിയായ കർത്താവിന്റെ കുരിശിൽ സന്തോഷിച്ചിരുന്ന (ഗലാ. 6:14) കാളാശ്ശേരിലച്ചൻ ആ ക്രൂരത ഹൃദയപൂർവ്വം ക്ഷമിച്ചു. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായും ഗ്രഹാംസ്റ്റെയിന്റെ ഭാര്യയും സി. റാണി മരിയായുടെ മാതാപിതാക്കളും സഹോദരങ്ങളുമൊക്കെ ലോകത്തിനു ക്ഷമയുടെ മാതൃകകളായി. വളരെ വളരെ മുമ്പാണ്, എന്റെ പ്രിയപ്പെട്ട ഗുരുനാഥൻ, ക്ഷമയുടെ വലിയ മാതൃക ലോകത്തിനു നല്കിയത്. അന്നു കരിസ്മാറ്റിക് നവീകരണശൈലിയൊന്നും പ്രവർത്തനനിരതമായിരുന്നില്ല. അച്ചന്റെ മഹാമാതൃകയുടെ മുമ്പിൽ നമ്രശിരസ്കനാവുന്നു. എല്ലാം ക്ഷമിക്കാൻ ഉറച്ച തീരുമാനമെടുക്കുന്നു. ഇപ്പോൾ ക്ഷമിക്കേണ്ടതായി ഒന്നുമില്ല. അങ്ങനെ അധികമൊന്നും ഉണ്ടായിട്ടുമില്ല. ദൈവമേ നന്ദി! ദൈവമേ സ്തുതി! ദൈവമേ, ആരാധന!

**ക്ഷമയുടെ മാതൃക**

**അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിച്ചു**

കോളജിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കാളാശ്ശേരിലച്ചൻ വഹിച്ച പങ്ക് അത്ഭുതാവഹവും അസൂയാർഹവുമാണ്. കാവുകാട്ടു ഹോളിന്റെ പണി തുടങ്ങാൻ, കുര്യാളശ്ശേരിലച്ചനു കൈമുതലായി കാവുകാട്ടു പിതാവിന്റെ (പടിയറപ്പിതാവിന്റെ മഹാമനസ്കതയുടെ പ്രതീകം) ഷവർലെ കാറുണ്ടായിരുന്നു. അത് അന്നു ലേലത്തിൽ വിറ്റപ്പോൾ 35000 ഉറുപ്പിക കിട്ടിയെന്നാണ് കേട്ടിട്ടുള്ളത്. അന്ന് ഒരു ചാക്ക് സിമന്റിന് നാലോ അഞ്ചോ രൂപയായിരുന്നു വില. കാളാശ്ശേരിലച്ചനു കൈമുതലായി ഭൗതികതലത്തിൽ ഒന്നുമില്ലായിരുന്നു. കർത്താവിലാശ്രയിക്കുന്നവർക്കുണ്ടാകുന്ന ചങ്കൂറ്റമായിരുന്നു അച്ചന്റെ മൂലധനം! ക്യാമ്പസിൽ നിറഞ്ഞു നില്ക്കുന്ന ബയോളജി ബ്ലോക്കും സഹൃദയ ഹോസ്റ്റലും നൂറുകണക്കിനു തേക്കും മഹാഗണികളും, സർവ്വോപരി, ആയിരക്കണക്കിനു വിദ്യാർത്ഥിനീ വിദ്യാർത്ഥികളും അച്ചന്റെ ശാശ്വതസ്മരണ വിളിച്ചോതി വിരാജിക്കുന്നു.

**വചനപ്രഘോഷകൻ സഭാശുശ്രൂഷി, വിദ്യാഭ്യാസ വിചക്ഷണൻ വലിയ സംഘാടകൻ**

പണ്ഡിതനായ ഒരു വൈദികശ്രേഷ്ഠൻ, പ്രഗത്ഭനായ വാഗ്മി, വചനപ്രഘോഷകൻ, തീക്ഷ്ണമതിയായ സഭാശുശ്രൂഷി, നലം തികഞ്ഞ വിദ്യാഭ്യാസ വിചക്ഷണൻ, കഴിവുറ്റ സംഘാടകൻ എന്നീ നിലകളിലെല്ലാം കാളാശ്ശേരിലച്ചൻ അനുസ്മരിക്കപ്പെടും. 1991 ജൂൺ 27ന് അദ്ദേഹം യശ്ശശരീരനായി. കാലം ചെയ്ത മാർ ജെയിംസ് കാളാശ്ശേരിപ്പിതാവ് ഞങ്ങളുടെ പ്രിയങ്കരനായ പ്രിൻസിപ്പലച്ചന്റെ പിതൃസഹോദരപുത്രനാണ്.

9

# റവ. ഡോ. ആന്റണി കുര്യാളശ്ശേരി

കർമ്മയോഗിയായ മോൺ. ഫ്രാൻസിസ് കാളാശ്ശേരി 1970ൽ സെന്റ് ബർക്കുമാൻസിന്റെ അമരത്തു നിന്നിറങ്ങി. ആ വലിയ പങ്കായം ഏറ്റുവാങ്ങിയത് റവ. ഡോ. ആന്റണി കുര്യാളശ്ശേരിയാണ്. മുൻഗാമിക്കു ചേർന്ന പിൻഗാമി. തലശ്ശേരി രൂപത വക നിർമ്മലഗിരി (കൂത്തുപറമ്പ്) കോളജിന്റെ സ്ഥാപകപ്രിൻസിപ്പലായി, ആറു വർഷം, ആ കോളജിന്റെ സർവ്വതോമുഖമായ പുരോഗതിയിൽ ആത്മാർത്ഥമായി സഹകരിച്ച പരിചയസമ്പത്തുമായാണ് കുര്യാളശ്ശേരിലച്ചൻ സെന്റ് ബർക്കുമാൻസിന്റെ ഏഴാമതു സാരഥിയായി ചാർജെടുത്തത്. കരുത്തനായ കുര്യാളശ്ശേരിലച്ചന്റെ മൂന്നാം ഭരണവർഷമാണ് ഞാൻ എം. എ. യ്ക്കു ചേരുന്നത്.1964ൽ ഞാൻ ബി. എ. പാസ്സായി. വൈദികപഠനം തുടർന്നു. പുരോഹിതനായി രണ്ടു വർഷം കഴിഞ്ഞ് 1973ൽ മാതൃകലാലയത്തിൽ മടങ്ങിയെത്തി, എം.എ. ഇംഗ്ലീഷിനു ചേർന്നു. ഉന്നതവിദ്യാഭ്യാസമേഖലയിലും സാമൂഹിക സേവനരംഗത്തും സഭാതലത്തിലും വിലപ്പെട്ട സംഭാവനകളാണ് കുര്യാളശ്ശേരിലച്ചൻ നല്കിയിട്ടുള്ളത്. വിശ്വത്തോളം വിശാലമായ ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു അദ്ദേഹം.

അച്ചന്റെ ഹൃദയവിശാലത, പിതൃഹൃദയം, സൗഹൃദഭാവം, സന്തോഷപ്രകൃതം, നർമ്മബോധം, കർമ്മയോഗിത്വം, നിശ്ചയദാർഢ്യം, സംഘാടകപാടവം, സമരസപ്പെടുത്താനുള്ള കഴിവ്, സജ്ജനസമ്പർക്കം, സ്നേഹത്തിന്റെ സ്ഥായീഭാവം, ദീനദയാലുത്വം, നിർഭയപ്രകൃതി, യാഥാർത്ഥ്യങ്ങളോടുള്ള തുറവി, ആത്മധൈര്യം, ശിഷ്യവാത്സല്യം, കരുണ, കരുതൽ, ശുഭാപ്തിവിശ്വാസം, സന്തോഷിക്കുന്നവരോടു കൂടി ഉള്ളുതുറന്നു സന്തോഷിക്കാനുള്ള കഴിവ്, ദൈവാശ്രയബോധം, ദീർഘവീക്ഷണം, അർപ്പണമനോഭാവം, അന്യരിൽ നന്മകണ്ടു സന്തോഷിക്കുന്നതിനുള്ള സന്നദ്ധത, മറ്റുള്ളവരെ വളർത്തുന്നതിലുള്ള വലിയ താൽപ്പര്യം, ആശ്രിതവാത്സല്യം, ആഢ്യത്വം, അഭ്യുദയകാംക്ഷിത്വം, ഉദാരത ഇവയൊക്കെയാണ് എന്നെ എന്റെ ഗുരുനാഥനിലേക്ക് ഹഠാദാകർഷിച്ചിട്ടുള്ളത്.

എല്ലാവർക്കും ഈ നന്മകളെല്ലാം കുര്യാളശ്ശേരിലച്ചനിൽ കണ്ടെത്താൻ കഴിയണമെന്നു നിർബന്ധമില്ല. കണ്ണുണ്ടായാൽപ്പോരാ കാണണമെന്നൊരു ചൊല്ലുണ്ടല്ലോ. സെന്റ് ബർക്കുമാൻസിന്റെ സുവർണ്ണജൂബിലി നൗകയുടെ ഒന്നാം

**റവ. ഡോ. ആന്റണി കുര്യാളശേരി ബർക്കുമാൻസിന്റെ വലിയ പങ്കായം ഏറ്റുവാങ്ങുന്നു**

**നിർമ്മലഗിരി കോളജിന്റെ സ്ഥാപക പ്രിൻസിപ്പൽ**

**ബഹുമുഖ പ്രതിഭ**

**സുകൃതസമ്പന്നൻ**

**സുവർണ്ണജൂബിലി നൗകയുടെ ഒന്നാം അണിയക്കാരനും**



**സ്മാരകങ്ങൾ**

**കാവുകാട്ടുഹോൾ ലൈബ്രറി സുവർണ്ണജൂബിലി മെമ്മോറിയൽ സ്റ്റാഫ് ഹോസ്റ്റൽ**

അണിയക്കാരനാകാനുള്ള അസുലഭഭാഗ്യം കുര്യാളശ്ശേരിൽ കുട്ടപ്പനച്ചനാണ് കിട്ടിയത്. കോളജിന്റെ അഭിമാനമായ ആർച്ച്ബിഷപ്പ് കാവുകാട്ടുഹാൾ, കോളജ് ലൈബ്രറി, ജൂബിലി മെമ്മോറിയൽ സ്റ്റാഫ് ഹോസ്റ്റൽ തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെയും അർപ്പണബോധത്തിന്റെയും ആത്മധൈര്യത്തിന്റെയും പ്രതീകങ്ങളാണ്, ശാശ്വതസ്മാരകങ്ങളാണ്.

വിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റു നേടിയവർ അക്കാലത്തു വിരളമായിരുന്നു. അച്ചൻ ആ വഴിക്കു ചിന്തിച്ചതു കേരള വിദ്യാഭ്യാസനഭോമണ്ഡലത്തിനു വലിയൊരനുഗ്രഹമായി. കുത്തുപറമ്പ് കോളജിന്റെ സാരഥ്യം ഏറ്റെടുത്തതു മുതലാണ് ഈ രംഗത്തെ തന്റെ കഴിവുകൾ അച്ചനു പ്രകടമാക്കാൻ അവസരമായത്. ഫാക്കൽറ്റി എക്സ്ചേഞ്ചു പ്രോഗ്രാം അദ്ദേഹം പല ദശകങ്ങൾക്കു മുമ്പു തുടങ്ങിയതാണ്. സെന്റ് ബർക്കുമാൻസിൽ നിന്നു പ്രധാനമായും, ഒരുപക്ഷേ, മറ്റു കോളജുകളിൽ നിന്നുപോലും പ്രഗത്ഭരായ അദ്ധ്യാപകരെ നിർമ്മലഗിരിയിൽ എത്തിച്ച്, അതിന്റെ ബാലാരിഷ്ടതകളിൽ നിന്ന് അതിനെ കരകയറ്റാൻ അദ്ദേഹം അഹോരാത്രം പണിയെടുക്കേണ്ടി വന്നിട്ടുണ്ട്. സെന്റ് ബർക്കുമാൻസ് കോളജിലും നല്ല അദ്ധ്യാപകരെ നോക്കി നിയമിക്കുന്നതിൽ അച്ചൻ അതീവശ്രദ്ധാലുവായിരുന്നു.

**കേരളാ-കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റിലും അക്കാദമിക് കൗൺസിലുകളിലും സജീവൻ**

കേരളാ-കാലിക്കറ്റ് യൂണിവേഴ്സിറ്റികളിലെ സെനറ്റിലും അക്കാദമിക് കൗൺസിലുകളിലും അദ്ദേഹം സജീവാംഗമായിരുന്നു. അഖിലകേരള പ്രിൻസിപ്പൽസ് കൗൺസിൽ വൈസ്പ്രസിഡന്റ്, 'അയാഷേ' യുടെ വൈസ്പ്രസിഡന്റ് എന്നീ നിലകളിലും അദ്ദേഹം ഏറെ കർമ്മനിരതനായിരുന്നു.

**'കാരിത്താസ് ഇന്ത്യ' യുടെ എക്സിക്യൂട്ടീവ് ഡയറക്ടർ**

വിദ്യാഭ്യാസരംഗത്തു മാത്രമല്ല, സാമൂഹിക രംഗത്തും കുര്യാളശ്ശേരിലച്ചൻ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. 1977ൽ സെന്റ് ബർക്കുമാൻസിൽ നിന്നു വിരമിച്ച് 'കാരിത്താസ് ഇൻഡ്യ' യുടെ നാഷണൽ ഡയറക്ടറായി ചുമതലയേറ്റു. അതേസമയം കാരിത്താസ് ഇന്റർനാഷണൽ (റോം), ഏഷ്യാ പാർട്ണർഷിപ്പ് ഫോർ ഹ്യൂമൻ ഡിവലപ്പ്മെന്റ് എന്നീ സാമൂഹികസേവനസംഘടനകളുടെ നിർവ്വാഹകസമിതിയംഗമായും കുര്യാളശ്ശേരിലച്ചൻ പ്രവർത്തിക്കുകയുണ്ടായി. ആ അവസരത്തിലാണ് അദ്ദേഹം വിയറ്റ്നാം അഭയാർത്ഥികൾക്കായി തായ്‌ലണ്ടിൽ ക്യാമ്പുകൾ സംഘടിപ്പിച്ചത്.

**ഷിക്കാഗോ രൂപതയുടെ ശില്പി**

വിദ്യാഭ്യാസ, സാമൂഹികരംഗങ്ങളിൽ നിന്നു വിരമിച്ച കുര്യാളശ്ശേരിലച്ചൻ, സഭാസേവനത്തിനായി സ്റ്റെയിറ്റ്സിലേക്കു പോയി. ഷിക്കാഗോ കേന്ദ്രമാക്കി ഒരു സീറോ മലബാർ കൂട്ടായ്മ ഉടലെടുത്തത് അച്ചന്റെ കഠിനപരിശ്രമഫലമായാണ്. 1994ൽ പ്രശസ്ത സേവനത്തിനുള്ള അവാർഡ് ഷിക്കാഗോ മെത്രാപ്പോലീത്താ അച്ചനു സമ്മാനിച്ചു. സെന്റ് തോമസ് എന്നാണ് ആ സമൂഹത്തിന് കുര്യാളശ്ശേരിലച്ചൻ പേരു നല്കിയത്. പ്രസ്തുത ഇടവക കേന്ദ്രമായാണ് സീറോ മലബാർ റീത്തിൽ ഷിക്കാഗോ രൂപത സ്ഥാപിതമായത്. പുതിയ രൂപതയുടെ ആരംഭത്തിനു, പ്രത്യേക ക്ഷണപ്രകാരം, അച്ചൻ പോയിരുന്നു. അവശനായി അമേരിക്കയിൽ നിന്നു മടങ്ങിയെത്തിയ അച്ചൻ 2001 ആഗസ്റ്റ് 21-ാം തീയതി അന്തരിച്ചു. 22-ാം

തീയതി മാർ ജോസഫ് പവ്വത്തിൽ, മാർ ജോർജ്ജ് വലിയമറ്റം, മാർ ജോർജ്ജ് ആലഞ്ചേരി (അച്ചന്റെ ശിഷ്യൻ), മാർ തിമോത്തിയോസ്, മാർ കൂറില്ലോസ്, ഡോ. പീറ്റർ ചേനപ്പറമ്പിൽ എന്നീ പിതാക്കന്മാരുടെ ശുശ്രൂഷകൾ സ്വീകരിച്ച്, ആയിരങ്ങളുടെ (ബന്ധുക്കൾ, ഇടവകക്കാർ, ശിഷ്യഗണം, സുഹൃത്തുക്കൾ, ജനപ്രതിനിധികൾ, വൈദികർ,) സാന്നിദ്ധ്യത്തിൽ അതിപുരാതനമായ ചമ്പക്കുളം ഇടവകയിലെ സെമിത്തേരിയിൽ പ്രത്യേകം തയ്യാർ ചെയ്ത കല്ലറയിൽ, എന്റെ സെന്റ് ബർക്കുമാൻസിന്റെ, ആ കരുത്തനായ സാരഥി സംസ്കരിക്കപ്പെട്ടു. സ്നേഹധനനായ അച്ചനാണ്, ദൈവപരിപാലനയിൽ, ഈയുള്ളവനെ സെന്റ് ബർക്കുമാൻസിൽ ലക്ചററായി നിയമിച്ചതെന്ന വസ്തുത നന്ദി നിറഞ്ഞ ഹൃദയത്തോടെ അനുസ്മരിക്കുന്നു. എന്റെ ഗുരുനാഥന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**മെത്രാപ്പോലീത്താ മാർ മെത്രാന്മാർ ആയിരക്കണക്കിനു ശിഷ്യർ പൊതുജനങ്ങൾ കുടുംബാംഗങ്ങൾ എല്ലാവരുടെയും പ്രാർത്ഥനയോടും സാന്നിദ്ധ്യത്തിലും**



10

# ഫാ. മാത്യു പുളിക്കപ്പറമ്പിൽ

**'ഈ കൊച്ചനെ കണ്ടിട്ട് ഒരച്ചനാകാൻ കൊള്ളാമല്ലോ?'**

**ലേഖകനു സുറിയാനിയുടെ ബാലപാഠങ്ങൾ പറഞ്ഞുതന്ന വന്ദ്യ ഗുരുനാഥൻ**

1960ൽ എസ്. എസ്. എൽ. സി. പരീക്ഷയിൽ ജയിച്ച വിവരമറിഞ്ഞ് സന്തോഷചിത്തനായി എസ്. എച്ച് ഹോസ്റ്റലിൽ അന്നത്തെ വാർഡനായിരുന്ന കാട്ടടിയച്ചന്റെ മുറിയിൽ ഞാൻ നില്ക്കുമ്പോൾ പെട്ടെന്നു കടന്നു വന്ന്, "ഈ കൊച്ചനെ കണ്ടിട്ട് ഒരച്ചനാകാൻ കൊള്ളാമല്ലോ" എന്നു ഞങ്ങളോടു പറഞ്ഞ, പുളിക്കപ്പറമ്പിലച്ചനെ നിങ്ങൾ ഓർക്കുന്നുണ്ടോ? അന്ന് അച്ചൻ സെന്റ് തോമസ് ഹോസ്റ്റൽ വാർഡനും സുറിയാനി ലക്ചററുമായിരുന്നു. അദ്ദേഹത്തിന്റെ പാദാന്തികത്തിലാണ് ലേഖകൻ സുറിയാനിയുടെ അക്ഷരങ്ങളും ആദ്യപാഠങ്ങളും പഠിച്ചത്. 1961 ൽ അദ്ദേഹം ഉപരിപഠനാർത്ഥം അമേരിക്കയ്ക്കു പോയി. മടങ്ങി വന്ന പുളിക്കപ്പറമ്പിലച്ചൻ സെന്റ് ബർക്കുമാൻസിൽ സോഷ്യോളജി ലക്ചററായി നിയമിക്കപ്പെട്ടു.

**സെന്റ് ബർക്കുമാൻസ് "Lead College"**

1977 ജൂൺ 1-ാം തീയതി ഡോ. കുര്യാളശ്ശേരിലച്ചൻ കാരിത്താസ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി പോയ ഒഴിവിൽ പുളിക്കപ്പറമ്പിലച്ചൻ, സെന്റ് ബർക്കുമാൻസിന്റെ എട്ടാമത്തെ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. തുടർന്ന് 8 വർഷം ആ തസ്തികയിൽ അദ്ദേഹം സ്നേഹസേവനം ചെയ്തു. 1977 മേയ് 31-ാം തീയതി വൈകിട്ട് ഓഫീസിൽ നിന്നു കുര്യാളശ്ശേരി ബ്ലോക്കിലേക്കു പോകുന്ന വഴിയിൽ വച്ച് കുര്യാളശ്ശേരിലച്ചൻ സെന്റ് ബർക്കുമാൻസ് കോളജിന്റെ താക്കോൽ പുളിക്കപ്പറമ്പിലച്ചനെ ഏൽപ്പിക്കുമ്പോൾ ദൃക്സാക്ഷിയായി ഞാനുണ്ടായിരുന്നു. അങ്ങനെ അദ്ധ്യാപകനെന്ന നിലയിൽ എന്റെ രണ്ടാമത്തെ പ്രിൻസിപ്പൽ (ഒന്നാമൻ കുര്യാളശ്ശേരിലച്ചൻ തന്നെ) സെന്റ് ബർക്കുമാൻസിൽ 1977 ജൂൺ 1-ാം തീയതി ചാർജ്ജെടുത്തു. ആ വർഷം തന്നെ യു.ജി.സി. സെന്റ് ബർക്കുമാൻസിനെ ഒരു "Lead College" ആയി തെരഞ്ഞെടുത്തു. എം. എ. ഇംഗ്ലീഷ്, ഇക്കണോമിക്സ്, എം.എസ്.സി ഫിസിക്സ്, എം. എസ്. സി. സുവോളജി ബി.എ. മലയാളം ഇവ 100% വിജയം കരസ്ഥമാക്കി. 1979ൽ എം.എ. മലയാളം, ഇക്കണോമിക്സ്, എം. എസ്.സി. ഫിസിക്സ്, കെമിസ്ട്രി ഇവയ്ക്കു 100% വിജയമുണ്ടായിരുന്നു.

സ്നേഹം, വിനയം, വിശുദ്ധി, കരുതൽ, കാവൽ, മഹാമനസ്കത, ത്യാഗമനോഭാവം, വിദ്യാർത്ഥികളെയും അവരുടെ മാതാപിതാക്കളെയും പേരു സഹിതം ഓർത്തിരിക്കാനുള്ള കഴിവ്, അദ്ധ്യാപകരെയെല്ലാവരെയും 'സാർ' എന്നു വിളിച്ച് അഭിസംബോധന ചെയ്യുന്ന നല്ല ഗുണം, പാവങ്ങളുടെ പക്ഷം ചേരുക, ആരെയും എപ്പോഴും സ്വീകരിച്ചു ശ്രവിക്കാനും സഹായിക്കാനുമുള്ള സന്നദ്ധതയും സന്തോഷവും, ആരെങ്ങനെ പ്രതികരിച്ചാലും സമചിത്തത വെടിയാതെ, സഹിഷ്ണുതയോടെ, ശാന്തതയോടെ, അനുഭാവപൂർവ്വം ഇടപെടാനുള്ള കഴിവ്, ആരെയും അനുനയിപ്പിക്കാനുള്ള സാമർത്ഥ്യം, ശിശുസഹജമായ നിഷ്കളങ്കത, മനസ്സിന്റെ നൈർമ്മല്യം, ആദർശനിഷ്ഠ, ആദർശധീരത, ആരുടെയും ഹൃദയത്തിൽ സ്ഥാനം പിടിക്കത്തക്ക സത്യസന്ധമായ സഹാനുഭൂതിയും സ്നേഹവും വശ്യതയും, ഭൂമിയോളം ക്ഷമിക്കാനുള്ള കഴിവ്, എല്ലാ ദിവസവും കോളജ്ചാപ്പലിൽ ദിവ്യബലിയർപ്പണം, നീതിയും കരുണയും സമഞ്ജസമായി സമ്മേളിപ്പിക്കാനുള്ള കഴിവ്, വ്യക്തികളോടും സംഭവങ്ങളോടും തുറവി-പുളിയ്ക്കപ്പറമ്പിലച്ചനെന്ന പുസ്കത്തിൽ നിന്ന് എനിക്കു വായിച്ചെടുക്കാൻ കഴിഞ്ഞ ചില പാഠങ്ങളാണിവ.

ധർമ്മനിഷ്ഠനും
നീതിമാനും
നിഷ്കളങ്കനും
സ്നേഹസമ്പന്നനും

ദൈവാനുഗ്രഹത്തിൽ മുങ്ങിക്കുളിച്ചാണ് അദ്ദേഹം ജീവിച്ചിരുന്നത്. അദ്ദേഹത്തെ അവിടുന്ന് തന്റെ വലതുകൈയുടെ ഉള്ളത്തിലാണ് കാത്തുസൂക്ഷിച്ചിരുന്നത്. പാൻക്രിയാസിനോട് ബന്ധപ്പെട്ട് ഒരു ശസ്ത്രക്രിയയും പുറംവേദനയ്ക്കുള്ള ഒരു കുത്തിവയ്പും മാത്രമാണ് അദ്ദേഹത്തിന് ചികിത്സയായി വേണ്ടിവന്നിട്ടുള്ളത്. ഈ ലോകത്തിലാർക്കെങ്കിലും ഒരു ദിവസമെങ്കിലും അദ്ദേഹത്തിനു വേണ്ടി ബുദ്ധിമുട്ടേണ്ടി വന്നതായി അറിവില്ല. ഏറ്റം ഭാഗ്യപ്പെട്ടമരണമാണ് മഹേശ്വരൻ അദ്ദേഹത്തിനു സമ്മാനിച്ചത്. നെടുംകുന്നം പള്ളിയിൽ വികാരിയായിരുന്നപ്പോഴായിരുന്നു ആ അന്ത്യയാത്ര. അന്ന് ഒരു ഞായറാഴ്ചയായിരുന്നു. രണ്ടു ദിവ്യബലിയർപ്പിക്കുകയും രണ്ടിനും ദിവ്യവചനം മുറിച്ചു വിളമ്പുകയും ചെയ്ത് സായംകാലപ്രാർത്ഥനകളെല്ലാം കഴിഞ്ഞ്, സഹവികാരിയോടൊപ്പം, സസന്തോഷം, അത്താഴം കഴിച്ച്, ഉല്ലാസവും പൂർത്തിയാക്കി, വിശ്രമത്തിനൊരുങ്ങുമ്പോഴാണ്, പുളിക്കപ്പറമ്പിലച്ചൻ നിത്യവിശ്രമത്തിനു വിളിക്കപ്പെട്ടത്. ആ പാവനാത്മാവ്, ലോകാരംഭം മുതൽ, ഈശോമിശിഹാ തനിക്കായി സജ്ജമാക്കിയിരുന്ന നിത്യാനന്ദത്തിലേക്കു പ്രവേശിച്ചു.

ദൈവാനുഗ്രഹത്തിൽ
മുങ്ങിക്കുളിച്ച്

ആരെയും
വേദനിപ്പിക്കാതെ

ഏറ്റം ഭാഗ്യപ്പെട്ട
അന്ത്യം



11

# റവ. ഡോ. ജോസഫ് മാരൂർ

സുസ്മേരവദനനായി

1985 ഏപ്രിൽ 1. സെന്റ് ബർക്കുമാൻസിലെ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ കോളജ് ഗ്രൗണ്ടിലും കോളജ് വരാന്തകളിലും ആകാംക്ഷാപൂർവ്വം കാത്തു നില്ക്കുന്നു! എന്റെ ജ്യേഷ്ഠസഹോദരൻ, ആറടി പൊക്കവും അതിനനുസരിച്ചുള്ള ആകാരസൗഷ്ഠവവുമുള്ള മാരൂരച്ചൻ പ്രശാന്തനായി, നിശ്ചയദാർഢ്യം പ്രസ്ഫുരിപ്പിക്കുന്ന മുഖകമലവുമായി, കോളജ് ഓഫീസിന്റെ വരാന്തയിൽ, താല്ക്കാലികമായി സജ്ജീകരിച്ച മൈക്കിന്റെ മുമ്പിലേക്കു (സുസ്മേരവദനനായി) മന്ദംമന്ദം നടന്നടുത്തു. അദ്ദേഹം, ആകെക്കൂടി, ഒരു വിഹഗവീക്ഷണം നടത്തി. അനന്തരം ഉറച്ച, സ്ഫുടമായ സ്വരത്തിൽ ഏവരേയും ഹൃദ്യമായി അഭിവാദനം ചെയ്ത് തന്റെ ആമുഖപ്രസംഗം ഇങ്ങനെ ആരംഭിച്ചു.

**I have a dream**

**To greater heights**

"I have a dream. I dream St. Berchmans scaling greater heights in the coming years. Her motto 'Caritas Vera Nobilitas, 'Charity is true nobility' is ever in action. I thank my venerable predecessors for the immense sacrifices they have made, the strenuous efforts they have put in to make St. Berchmans what she is today. Now it is ours to raise her to greater heights of excellence and erudition. She has to be, in every respect, a citadel of learning, a centre of excellence. Research is what she needs most. If you do your part, I'll do my part.

മാർട്ടിൻ ലൂഥർ കിംഗിന്റെ വിശ്വവിഖ്യാതമായ വാക്യം ഉദ്ധരിച്ചുകൊണ്ട് തന്റെ നയപ്രഖ്യാപനപ്രസംഗം നടത്തിയ വന്ദ്യവൈദികനാണു മാരൂരച്ചൻ. സെന്റ് ബർക്കുമാൻസ് നൗകയുടെ അമരക്കാരനായ, ഒൻപതാമത്തെ പ്രിൻസിപ്പലാണദ്ദേഹം, നവരത്നങ്ങളിൽ നവാഗതൻ!

സ്വപ്ന സാക്ഷാത്ക്കാരം

അച്ചന്റെ സ്വപ്നസാക്ഷാത്ക്കാരം ആരംഭിച്ചത് കോളജ് ബനിഫാക്ടേഴ്സ് ക്ലബ്ബിന്റെ രൂപീകരണത്തോടെയാണ് (1986). സെന്റ് ബർക്കുമാൻസ് ഫസ്റ്റ് ഗ്രേഡായതിന്റെ വജ്രജൂബിലി 1986 ൽത്തന്നെയായിരുന്നു. അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് ഗ്യാനി സെയിൽസിംഗു തന്നെ ജൂബിലി ഉദ്ഘാടനം ചെയ്തുവെന്നത് മാരൂരച്ചന്റെ മിഴിവാർന്ന മികവു തെളിയിച്ചു. അച്ചന്റെ സ്വപ്നത്തിന്റെ രണ്ടാം

വജ്രജൂബിലിയുടെ വിധാതാവ്

**വജ്രജൂബിലിയുടെ സമാപനസന്ദേശവും ഗവേഷണകേന്ദ്രത്തിന്റെ ശിലാസ്ഥാപനവും അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് ഗ്യാനി സെയിൽസിങ്**

ഘട്ടമായി, സെന്റ് ബെർക്കുമാൻസിന് അത്യന്താപേക്ഷിതമായിരുന്ന, ഗവേഷണ കേന്ദ്രം (റിസേർച്ച് സെന്റർ) വാങ്ങിയിരുന്നു. അതിന്റെ ശിലാസ്ഥാപനവും പ്രസിഡന്റ് തന്നെ നടത്തിയെന്നത് അച്ചന് വലിയ സന്തോഷത്തിനു വക നല്കി. കേരളാ ഗവർണർ പി. രാമചന്ദ്രൻ, മുഖ്യമന്ത്രി കെ. കരുണാകരൻ, രാജ്യസഭാ ഡപ്യൂട്ടി ചെയർമാൻ എം.എം. ജേക്കബ്, മന്ത്രിയും പൂർവ്വ വിദ്യാർത്ഥിയുമായ പി. ജെ. ജോസഫ്, കെ. എം. മാണി, അന്നത്തെ ചീഫ് വിപ്പും പൂർവ്വവിദ്യാർത്ഥിയുമായ കെ. സി. ജോസഫ് ഇവരുടെയൊക്കെ സാന്നിദ്ധ്യം സമ്മേളനത്തിന് അഭൂതപൂർവ്വമായ കൊഴുപ്പു നല്കി.

**സയൻസ് എക്സിബിഷൻ**

വജ്രജൂബിലിയുടെ മണിമകുടമായിരുന്നു, നവംബർ 14 മുതൽ ഡിസംബർ 3 വരെ, കോളജിൽ നടന്ന സയൻസ് & ഇൻഡസ്ട്രിയൽ എക്സിബിഷൻ. അന്നത്തെ വ്യവസായ മന്ത്രി ഇ. അഹമ്മദാണ് ഇൻഡസ്ട്രിയൽ എക്സിബിഷൻ ഉദ്ഘാടനം ചെയ്തത്; വിദ്യാഭ്യാസമന്ത്രി റ്റി. എം. ജേക്കബ് ശാസ്ത്രപ്രദർശനവും.

**കലോത്സവം**

ജൂബിലിയോടനുബന്ധിച്ച് ഒരു കലോത്സവവും ഉണ്ടായിരുന്നു. നാടകങ്ങൾ, ഗാനമേളകൾ ഇവയായിരുന്നു പ്രധാന ഇനങ്ങൾ. ഷേക്സ്പിയർ തിയറ്ററിന്റെ 'മാക്ബെത്ത്' ഹൃദ്യമായ സദ്യയായി. സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ചത് മദ്ധ്യപ്രദേശ് ഗവർണ്ണറും പൂർവ്വവിദ്യാർത്ഥിയുമായ ശ്രീ. കെ. എം. ചാണ്ടിയാണ്. സമാപന മംഗളസന്ദേശം നല്കിയത് അന്നു കേന്ദ്രമന്ത്രിയായിരുന്ന പി. എ. സാങ്മ ആയിരുന്നു. കേരള ധനകാര്യവകുപ്പ് മന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ ആശംസകളർപ്പിക്കുകയും ചെയ്തു. എല്ലാ അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും അച്ചന്റെ പിന്നിൽ ഒറ്റക്കെട്ടായി ഒരു മനസ്സോടെ നിന്നു, രാപകൽ അദ്ധ്വാനിച്ചുവെന്നതാണ് എടുത്തു പറയേണ്ട ഒരു വസ്തുത.

**പൗരോഹിത്യ രജതജൂബിലി**

1987 ഒക്ടോബറിൽ, രക്ഷാധികാരി പവ്വത്തിൽപ്പിതാവും പ്രിൻസിപ്പൽ മാരൂരച്ചനും അവരുടെ പൗരോഹിത്യരജതജൂബിലി ആഘോഷിച്ചത് സന്തോഷകരമായ ഒരു ഒത്തുവരവായിരുന്നു. അന്നത്തെ അദ്ധ്യാപകർ, ഇരുവർക്കും വേണ്ടി, ഓരോ സ്കോളർഷിപ്പ് സ്ഥാപിച്ചുവെന്നത് അനുമോദനാർഹവും നന്ദിയർഹിക്കുന്നതുമായ വസ്തുതയാണ്. അതിരൂപതയുടെ ശതാബ്ദിയാഘോഷങ്ങളോടനുബന്ധിച്ച് കർദ്ദിനാൾ ലൂർദു സ്വാമി ചങ്ങനാശ്ശേരിയിലെത്തിയപ്പോൾ കോളജ് സന്ദർശിച്ചത് മാരൂരച്ചന്റെ വൈഭവം കൊണ്ടു മാത്രമാണ്.

**അച്ചടക്ക നിലവാരവും വിദ്യാഭ്യാസ നിലവാരവും ഗണ്യമായി ഉയർത്തി**

മാരൂരച്ചന്റെ കാലത്ത് കോളജിന്റെ അച്ചടക്കനിലവാരവും വിദ്യാഭ്യാസനിലവാരവും വളരെയധികം മെച്ചപ്പെട്ടു. വിജയശതമാനം വളരെ ഉയർന്നു. അച്ചടക്കത്തിന്റെ കാര്യത്തിൽ അച്ചനു യാതൊരു വിട്ടുവീഴ്ചയുമില്ലെന്ന് വിദ്യാർത്ഥികൾക്കു ബോദ്ധ്യമായിരുന്നു. ആ കർക്കശക്കാരന്റെ കർക്കശമനോഭാവം നൂറുകണക്കിന് വിദ്യാർത്ഥികളെ വിജയപാതയിലേക്കു നയിച്ചിട്ടുണ്ട്.

**ആ മനുഷ്യസ്നേഹി**

മാരൂരച്ചൻ ഒരു വലിയ മനുഷ്യസ്നേഹിയാണ്. വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും അദ്ദേഹം ഉള്ളഴിഞ്ഞു സ്നേഹിച്ചിരുന്നു. അദ്ദേഹം പ്രിൻസിപ്പലാ



യിരുന്നപ്പോഴാണ് കെമിസ്ട്രി വിഭാഗത്തിലെ ചാക്കോ രാമച്ചസാർ, ഡിപ്പാർട്ടുമെന്റിൽ അതിരാവിലെ വന്നു തന്റെ കസേരയിലിരുന്ന്, 9 മണിക്ക് എം.എസ്. സിക്കാർക്ക് ക്ലാസെടുക്കാൻ ഒരുങ്ങിക്കൊണ്ടിരുന്നപ്പോൾ, മേശയിലേക്കു കമിഴ്ന്നു വീണു മരിച്ചത്. വിവരമറിഞ്ഞ് എല്ലാവരും ഓടിക്കൂടി. മൃതശരീരത്തിനടുത്തു നിന്ന് ഏങ്ങലടിച്ചു കരയുന്ന മാരൂരച്ചനെയാണ് എല്ലാവർക്കും കാണാൻ കഴിഞ്ഞത്. അദ്ദേഹത്തിന് സഹപ്രവർത്തകരോടുള്ള ആഴമേറിയ ഹൃദയബന്ധത്തിനു നിദർശനമാണല്ലോ ഈ സംഭവം.

**ഗവേഷണ കേന്ദ്രങ്ങളുടെ ഉപജ്ഞാതാവ്**

1988ൽ ഇംഗ്ലീഷ്, ഫിസിക്സ്, ബോട്ടണി, സുവോളജി എന്നീ വിഷയങ്ങളിൽ ഗവേഷണകേന്ദ്രങ്ങളാരംഭിച്ചത് ഉന്നത വിദ്യാഭ്യാസരംഗത്തുള്ള സെന്റ് ബർക്കുമാൻസിന്റെ അജയ്യതയ്ക്കു മാറ്റു കൂട്ടുന്നു. എല്ലാറ്റിനും മാർഗ്ഗദർശനം നല്കിയത് പ്രിൻസിപ്പലായിരുന്ന മാരൂരച്ചനും വൈസ്പ്രിൻസിപ്പലായിരുന്ന മാത്തിപ്പറമ്പിലച്ചനും മാനേജരായിരുന്ന പുളിക്കപ്പറമ്പിലച്ചനും കൂടിയായിരന്നു.

1991ൽ ഗവേഷണകേന്ദ്രത്തന്റെ പണി പൂർത്തിയായി. ഇതിലെ പ്രധാനപ്പെട്ട സെമിനാർ ഹാളിന് പവ്വത്തിൽ പിതാവിന്റെ പൗരോഹിത്യരജതജൂബിലി സ്മാരകമായി 'പവ്വത്തിൽ ഹോൾ' എന്നു നാമകരണം ചെയ്തത് ഉചിതമായി. 1991 മാർച്ച് 31-ാം തീയതി മാരൂരച്ചൻ പ്രിൻസിപ്പൽ സ്ഥാനത്തു നിന്നു റിട്ടയർ ചെയ്തു.

**കണ്ണും കരളും ദയാമസൃണം**

കാഴ്ചയിൽ അല്പം ഗൗരവക്കാരനെന്ന് ചിലർക്കെങ്കിലും തോന്നാമെങ്കിലും അച്ചന്റെ കണ്ണും കരളും ദയാമസൃണമാണ്. അദ്ദേഹത്തിന്റെ ശിഷ്യർക്കൊക്കെ, പ്രത്യേകിച്ചു ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക്, ഇതു നന്നായി അറിയാം. അദ്ദേഹത്തിന്റെ ശിക്ഷ ലഭിച്ച വിദ്യാർത്ഥികൾക്ക് അച്ചനോടു കൂടുതൽ സ്നേഹമാണ്. ഹോസ്റ്റലിലൂടെ, ഈശോയ്ക്കു ചെയ്യാവുന്ന സേവനങ്ങളിൽ നിന്ന് അച്ചൻ ഒരിക്കലും ഒഴിഞ്ഞു മാറിയിരുന്നില്ല. പ്രിൻസിപ്പലായിരുന്ന കാലഘട്ടം ഒഴിവാക്കിയാൽ, ബാക്കി സമയങ്ങളിലെല്ലാം തന്നെ അദ്ദേഹം ഏതെങ്കിലുമൊരു ഹോസ്റ്റലിന്റെ വാർഡനായിരുന്നു.

**സാമ്പത്തിക ഞെരുക്കത്തിന്റെ രൂക്ഷതയിൽ**

ഒരുപക്ഷേ, കേരളത്തിലെ കലാലയങ്ങളിൽ ആദ്യമായി ഒരു റിസർച്ചു സെന്ററുണ്ടായത് സെന്റ് ബർക്കുമാൻസ് കോളജിലാണ്. അച്ചന്റെ തൊപ്പിയിലെ ഒരു തൂവലായി അതെന്നും നിലനില്ക്കും. സാമ്പത്തികമായി കോളജ് വളരെ ഞെരുങ്ങിയിരുന്ന ഒരു അവസരത്തിലാണ് അച്ചൻ റിസർച്ച് സെന്ററിന്റെ പണി തുടങ്ങിയതും പൂർത്തിയാക്കിയതും. ലേഖകൻ പ്രിൻസിപ്പലാകുമ്പോഴും ഈ സാമ്പത്തിക പ്രതിസന്ധി തുടർന്നിരുന്നു. സെന്റ് ബർക്കുമാൻസിനെക്കുറിച്ച് അച്ചൻ കണ്ട സ്വപ്നം പൂർണ്ണയാഥാർത്ഥ്യമായത് സെന്ററിന്റെ പണി പൂർത്തിയായതോടെയാണെന്നു പറയാം.

**കൈയ്യടി വേണ്ട**

മാരൂരച്ചനിൽ ഞാൻ ദർശിച്ചിട്ടുള്ള മറ്റൊരു സവിശേഷത, അദ്ദേഹം ഒരിയ്ക്കലും കൈയടി ആഗ്രഹിച്ചിരുന്നില്ലെന്നതാണ്. എല്ലാം ചെയ്തു കഴിയുമ്പോൾ, താൻ പ്രതിഫലമില്ലാത്ത സേവകനാണെന്നാണ് അദ്ദേഹം കരുതിയിരുന്നത് (ലൂക്കാ 17:10) ഇക്കാര്യം തന്നെ മറ്റുവാക്കുകളിൽ പറഞ്ഞാൽ, എല്ലാം ദൈവമ

ഹത്ത്വത്തിനായി ചെയ്തുവെന്നതാണ്. ദൈവമഹത്ത്വത്തിനായി ചെയ്യുന്നതെല്ലാം അവിടുന്ന് ഇഷ്ടപ്പെടും. അവിടുത്തെ ഇഷ്ടം നിറവേറ്റുന്നതാണ് വിശുദ്ധി. വിശുദ്ധിയുള്ളവർ ദൈവത്തെ ദർശിക്കും. ഇതാണല്ലോ സ്വർഗ്ഗസൗഭാഗ്യം. വിശുദ്ധിയിൽ ജീവിക്കുമ്പോൾ നാം സ്വർഗ്ഗത്തിലാണ്. ഇതല്ലേ സ്വർഗ്ഗം ഭൂമിയിൽ ആരംഭിക്കുന്നുവെന്നു പറയുന്നതിന്റെ പൊരുൾ.

**ദൈവേഷ്ടം നിറവേറ്റുക = വിശുദ്ധി**



12

# റവ. ഡോ. ജോർജ്ജ് മാത്തിപ്പറമ്പിൽ

ലേഖകന്റെ ഗുരുനാഥനും വഴികാട്ടിയും

1960 ൽ, ഈ ലേഖകൻ മൈനർ സെമിനാരിയിൽ പ്രവേശിച്ചപ്പോൾ, അവിടെ അഞ്ചു ബിരുദധാരികൾ ഉണ്ടായിരുന്നു. എല്ലാവരും വളരെ സ്നേഹത്തോടും പരിഗണനയോടുമാണ് കുഞ്ഞനുജന്മാരോട് ഇടപെട്ടിരുന്നത്. അവരിൽ ബ്ര. ജോസഫ് തുരുത്തുമാലി പ്രീഫെക്ടായിരുന്നു. ബ്ര. ജോർജ്ജ് മാത്തിപ്പറമ്പിൽ അസിസ്റ്റന്റ് പ്രീഫെക്ട്. ഇവരിൽ ഒരാളോട് അനുവാദം ചോദിച്ചിട്ടു വേണമായിരുന്നു ഏതാവശ്യത്തിനും സ്റ്റഡിഹോളിൽ നിന്നു പുറത്തു പോകാൻ. ചില്ലറ കാര്യങ്ങൾ അവർക്ക് അനുവദിക്കാമായിരുന്നു. ബ്ര. ചെറിയാൻ പാലാക്കുന്നേൽ ഞങ്ങളുടെ പൾസേറ്ററായിരുന്നു. അദ്ദേഹമാണ് സെമിനാരി ജീവിതം, മണിയടിച്ചു, തുടിപ്പിച്ചുകൊണ്ടിരുന്നത്. ബ്ര. ജെയിംസ് വലിയപറമ്പിൽ ലൈബ്രേറിയനായിരുന്നു. ഇവർ കൂടാതെ പക്വതയാർന്ന ബ്ര. ജോസ് ചേന്നാട്ടുശ്ശേരിയും ഉണ്ടായിരുന്നു. സംശയങ്ങൾ തീർക്കാനും ഇംഗ്ലീഷ് വ്യാകരണം പഠിയ്ക്കാനും ഞങ്ങൾ അദ്ദേഹത്തെയാണു സമീപിച്ചിരുന്നത്. ഞങ്ങൾ ഇംഗ്ലീഷിൽ എഴുതുന്ന കത്തുകൾ അദ്ദേഹം തിരുത്തി നിലവാരമുള്ള ഇംഗ്ലീഷിലാക്കിത്തന്നിരുന്നു. ഇവരോടുള്ള കടപ്പാട് സീമാതീതമാണ്. ഇവരെല്ലാം സെന്റ് ബർക്കുമാൻസിന്റെ അരുമ സന്താനങ്ങളുമാണ്. വലിയപറമ്പിലച്ചൻ നമ്മുടെ രസതന്ത്രവിഭാഗത്തിലെ ലെക്ചററായിരുന്നപ്പോൾ പ്രൊഫ. ജോസഫ് കുഞ്ഞിന്റെ ഓമനമകന്റെ ജീവൻ രക്ഷിക്കാൻ ശ്രമിക്കവേ, ഇഹലോകവാസം വെടിഞ്ഞു. ജോസ് ചേന്നാട്ടുശ്ശേരിയും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. പാലാക്കുന്നേലച്ചൻ സെന്റ് ബർക്കുമാൻസിന്റെ gold medalist ആണ്; ഒപ്പം റാങ്കു ജേതാവും.

ജോസ് ചേന്നാട്ടുശ്ശേരി ഞങ്ങളുടെ 'ഗുരു'

ജയിംസച്ചൻ 'രക്തസാക്ഷി'

ഇവരിൽ ബ്ര. മാത്തിപ്പറമ്പിൽ വൈദികനായിക്കഴിഞ്ഞ്, സെന്റ് ബർക്കുമാൻസ് കോളജിൽ പ്രഥമ എം. എ. ഇംഗ്ലീഷ് ബാച്ചിൽ ചേർന്ന് 1969ൽ സെക്കന്റ് ക്ലാസ്സിൽ, ഉയർന്ന മാർക്കോടെ, എം. എ. പാസ്സായി. 1970 ൽ ഇംഗ്ലീഷ് വിഭാഗത്തിൽ ലക്ചററായി. 1985ൽ മാരൂരച്ചൻ പ്രിൻസിപ്പലായിരിക്കുമ്പോൾ വൈസ്പ്രിൻസിപ്പലായി. 1991ൽ അദ്ദേഹം പ്രിൻസിപ്പലായി. 1973ലാണ് ഞാൻ മാത്തിപ്പറമ്പിലച്ചന്റെ ശിഷ്യനാകുന്നത്. 1960 മുതൽ തന്നെ അച്ചൻ എനിക്കൊരു

നൂറു ശതമാനം ബർക്കുമാൻസിന്റെ സന്താനം

ജ്യേഷ്ഠസഹോദരനായിരുന്നു. അദ്ദേഹത്തിന്റെ സ്നേഹവും പരിഗണനയും എന്നും പ്രോത്സാഹനമായിരുന്നു.

മാത്തിപ്പറമ്പിലച്ചന്റെ സന്തോഷപ്രകൃതി, ഉത്സാഹം, ശുഭാപ്തിവിശ്വാസം, നർമ്മബോധം, ആഹ്ലാദച്ചിരി, ആവേശം, മറ്റുള്ളവരുടെ ശ്രദ്ധ നല്ല കാര്യങ്ങൾക്കായി പിടിച്ചു പറ്റാനുള്ള കഴിവ്, തീക്ഷ്ണത, നല്ലതെന്നു തോന്നുന്നതു ചെയ്യാനുള്ള തന്റേടം, ആത്മധൈര്യം, ഇച്ഛാശക്തി, ആത്മവിശ്വാസം, ബുദ്ധികൂർമ്മത, നൈപുണ്യം, ഭരണപാടവം, മറ്റുള്ളവരിൽ ധൈര്യവും ആത്മവിശ്വാസവും ജനിപ്പിക്കാനുള്ള കഴിവ്, സംഘാടകശക്തി, സൂക്ഷ്മനിരീക്ഷണം, സൂക്ഷ്മത, വിശകലനശക്തി, പ്രശ്നങ്ങളുടെ ഉള്ളിലേക്കു ചുഴ്ന്നിറങ്ങാനുള്ള കഴിവ്, ഉൾക്കാഴ്ച, പ്രശ്നങ്ങൾ മനസ്സിലാക്കാനും ചർച്ച ചെയ്ത് നിഗമനങ്ങളിലെത്താനും എത്തിക്കാനുമുള്ള കഴിവ്, തെറ്റായ വാദഗതികൾ കാര്യകാരണസഹിതം ഖണ്ഡിക്കാനുള്ള കഴിവ്, മറ്റുള്ളവരെ അകമഴിഞ്ഞു പ്രോത്സാഹിപ്പിക്കാനുള്ള സന്നദ്ധത, അവരെ നന്മയിലേക്കു വശീകരിക്കാനുള്ള പാടവം, ദീർഘവീക്ഷണം, ധിഷണാശക്തി, നന്മചെയ്യിക്കുന്നതിനുള്ള പ്രേരണാശക്തി, തികഞ്ഞ അർപ്പണമനോഭാവം, ആദർശനിഷ്ഠ, നിശ്ചയദാർഢ്യം, ശരിയായ തീരുമാനങ്ങളെടുക്കാനുള്ള കഴിവ്, ഭരണതന്ത്രജ്ഞത, സഹിഷ്ണുത, വിജ്ഞാനം, വിവേകം, വിശുദ്ധി - മാത്തിപ്പറമ്പിലച്ചനിൽ ഈ ശിഷ്യൻ കണ്ടിട്ടുള്ള സിദ്ധികളാണിവയൊക്കെ. നന്മനിറഞ്ഞ വ്യക്തിത്വത്തിന്റെ ഉടമയായ അദ്ദേഹം എനിക്കു ഗുരുവും മാർഗ്ഗദർശിയും മാതൃകയുമാണ്. എനിക്കദ്ദേഹം മറക്കാനാവാത്ത ഗുണകാംക്ഷിയാണ്. അദ്ദേഹത്തിന്റെ പ്രതീക്ഷകൾക്കനുസൃതം വളരാനും ഉയരാനും കഴിയാതെ വന്നപ്പോഴും പ്രോത്സാഹനവാക്കുകൾ വഴി എന്നെ അദ്ദേഹം ശക്തിപ്പെടുത്തിയിരുന്നു. എനിക്കു നന്മമാത്രം വരാൻ അദ്ദേഹം തീവ്രമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. തന്റെ പിൻഗാമിയാകാൻ എനിക്കു പ്രേരണയും പ്രചോദനവും നല്കുകയും അതിനു വഴിയൊരുക്കുകയും ചെയ്തു.

സംഘാടകശക്തി,
സൂക്ഷ്മ നിരീക്ഷണം
ഉണ്മയാർന്ന
ഉൾക്കാഴ്ച

മാത്തിപ്പറമ്പിലച്ചന്റെ പ്രഥമഗവേഷണവിദ്യാർത്ഥിയാണ് ഞാനെന്ന് നേരത്തെ പറഞ്ഞതു വായനക്കാർ ഓർക്കുമല്ലോ. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ ആദ്യമായി ഇംഗ്ലീഷിൽ പി. എച്ച്. ഡി. എടുത്തത് അച്ചന്റെ പ്രഥമശിഷ്യൻ തന്നെയെന്ന് അദ്ദേഹത്തിന് എന്നും അഭിമാനിക്കാം. തന്റെ ബദ്ധപ്പാടേറിയ ജോലിത്തിരക്കുകൾക്കിടയിലും ഗവേഷണത്തിൽ എന്നെ സഹായിക്കുന്നതിന് അദ്ദേഹം അഗ്രഗണ്യസ്ഥാനമാണു നല്കിയിരുന്നത്. അനവരതം ഞാനനുഭവിച്ചിട്ടുള്ള ദൈവപരിപാലനയുടെ വ്യക്തമായ ആവിഷ്കാരമാണ് അച്ചനെ എനിക്കു ഗൈഡായിത്തന്നത്. ഇത്രയേറെ സൗകര്യത്തിൽ ഒരു ഗൈഡിനെ ഈ ലോകത്തിലാർക്കെങ്കിലും കിട്ടിയിട്ടുണ്ടോ എന്നു സംശയമാണ്. ഗവേഷണത്തിലെ ഏറ്റം വലിയ പ്രശ്നം ഒരു നല്ല ഗൈഡിനെ കണ്ടുപിടിക്കുകയെന്നുള്ളതാണല്ലോ. ദൈവമേ നന്ദി! ദൈവമേ സ്തുതി! ദൈവമേ ആരാധന!

ലേഖകൻ മാത്തിപ്പറമ്പിലച്ചന്റെ പ്രഥമ
ഗവേഷണവിദ്യാർത്ഥി

മാരുരച്ചൻ ആരംഭിച്ച ഗവേഷണയത്നങ്ങൾ ഏതാണ്ട് പരിപൂർത്തിയിലെത്തിക്കാൻ മാത്തിപ്പറമ്പിലച്ചനു കഴിഞ്ഞു. അവരുടെ തോളോടു തോൾ

മാരുരച്ചന്റെ
ഗവേഷണ
യത്നങ്ങൾ
പരിപൂർത്തിയി
ലെത്തിച്ചു



**സപ്തതിയുടെ ഉപജ്ഞാതാവ്**

ചേർന്നുള്ള പ്രവർത്തനശൈലി സെന്റ് ബർക്കുമാൻസിനെ ഉത്തുംഗശൃംഗത്തിൽത്തന്നെയെത്തിച്ചു. പത്തുമഹാരഥന്മാർ എനിക്കു മുമ്പേ പാതയൊരുക്കി പഥികനായ എനിയ്ക്കു പരിക്കേല്ക്കാതെ പറന്നു പോരാൻ സഹായിച്ചുവെന്നത് വെറും പരമാർത്ഥം മാത്രമാണ്. പ്ലാറ്റിനം ജൂബിലിയുടെ ഭാരം പേറാൻ വേണ്ടി പരാപരൻ നടത്തിയ ഒരു "Stop gap arrangement' എന്നു കർത്താവിന്റെ ഈ കഴുതയെക്കുറിച്ചു പറയാം.

**സെന്റ് ബർക്കുമാൻസിന്റെ സപ്തതി**

**ഉദ്ഘാടനം ലോക്സഭാ സ്പീക്കർ ശിവരാജ് പാട്ടീൽ**

മഠത്തിപ്പറമ്പിലച്ചന് സെന്റ് ബർക്കുമാൻസിന്റെ സപ്തതി ആഘോഷിക്കാൻ കഴിഞ്ഞത് വലിയ ദൈവാനുഗ്രഹമായി ഞാൻ കാണുന്നു. ഉദ്ഘാടനദിനത്തിന്റെ തലേന്ന് ക്ഷീണിച്ചവശനായി എനിക്ക് കാരിത്താസ് ആശുപത്രിയെ അഭയം പ്രാപിക്കേണ്ടി വന്നു. ഉദ്ഘാടനകർമ്മം നിർവ്വഹിക്കാനെത്തിയത് അന്നത്തെ ലോക്സഭാസ്പീക്കർ ശ്രീ. ശിവരാജ് പാട്ടീൽ ആയിരുന്നു. ആ സുദിനത്തിലെ ആഘോഷങ്ങളിൽ പങ്കുചേരാനോ അച്ചനെ സഹായിക്കാനോ സാധിച്ചില്ല. അദ്ദേഹത്തെ സഹായിക്കാൻ സാധിക്കാതെ പോയതിലുള്ള സങ്കടം തീർക്കാൻ വലിയ തിരക്കിനിടയിലും, അദ്ദേഹം, അന്നു വൈകിട്ടു തന്നെ, ആശുപത്രിയിലെത്തി എന്നെ ആശ്വസിപ്പിച്ചു. അച്ചനോടു ഞാൻ എന്റെ ദേഹാസ്വാസ്ഥ്യങ്ങൾ പങ്കുവച്ച് ആശ്വസിച്ചു. പങ്കുവയ്ക്കുമ്പോൾ സങ്കടം പകുതിയാകുമെന്നാണല്ലോ ചൊല്ല്.

**സയൻസ് - ഇൻഡസ്ട്രിയൽ എക്സിബിഷൻ**

**ഉദ്ഘാടകൻ എൻ.എസ്.എസ്. ജനറൽ സെക്രട്ടറി പി.കെ. നാരായണപ്പണിക്കർ**

ആ വലിയ ദിനത്തിന്റെ മഹത്ത്വം വർദ്ധിപ്പിക്കാൻ കേന്ദ്രമന്ത്രി പി. ജെ. കുര്യൻ, പവ്വത്തിൽ പിതാവ്, എം. ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. എ. സുകുമാരൻ നായർ, കോട്ടയം കളക്ടർ സാജൻ പീറ്റർ, പി. സി. തോമസ് എം. പി. (പൂർവ്വ വിദ്യാർത്ഥി) എന്നിവർ വിശിഷ്ടാതിഥികളായി എത്തിയിരുന്നു. നവംബർ 16-ാം തീയതി മുതൽ 29-ാം തീയതി വരെ മഹത്തായ ഒരു സയൻസ്-ഇൻഡസ്ട്രിയൽ എക്സിബിഷൻ സംഘടിപ്പിക്കാനും മഠത്തിപ്പറമ്പിലച്ചനു കഴിഞ്ഞു. പൂർവ്വ വിദ്യാർത്ഥിയും എൻ. എസ്. എസ്. ജനറൽ സെക്രട്ടറിയുമായിരുന്ന ശ്രീ. പി. കെ. നാരായണപ്പണിക്കരാണ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്. എക്സിബിഷൻ വൻവിജയമായിരുന്നു. ഒരു കലോത്സവവും അനുബന്ധമായി ഉണ്ടായിരുന്നു.

**ശാസ്ത്ര സാങ്കേതിക സെമിനാർ**

**ഉദ്ഘാടകൻ**

**കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ് ചാൻസ്ലർ ഡോ. എ. എൻ. മഹേശ്വരി**

ജൂബിലി മംഗളമാക്കിയ എല്ലാവർക്കും പ്രയോജനപ്രദമാക്കാൻ നവംബർ 5, 6, 7 തീയതികളിൽ ഒരു ശാസ്ത്രസാങ്കേതിക പരിസ്ഥിതി സെമിനാറും നടത്തി. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ഡോ. എ. എൻ. മഹേശ്വരി പ്രസ്തുത സെമിനാർ ഉദ്ഘാടനം ചെയ്തു. കൊച്ചിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫിയിലെ പ്രഗത്ഭനായ സീനിയർ ശാസ്ത്രജ്ഞൻ ഡോ. യു. കെ. ഗോപാലൻ, കേരളത്തിന്റെ ജലപരിസ്ഥിതിയെക്കുറിച്ചു വിജ്ഞാനപ്രദമായ ഒരു പ്രബന്ധം അവതരിപ്പിച്ചു. സി. എസ്.ഐ. ആറിലെ സയന്റിസ്റ്റ് എമരിത്തസ് ഡോ. പി. കെ. കെ. നായർ പരിസ്ഥിതി മലിനീകരണം എന്ന വിഷയത്തെക്കുറിച്ച് ഈടുറ്റ പ്രബന്ധമാണ് അവതരിപ്പിച്ചത്, മറ്റു പല പ്രഗത്ഭരും വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

**കെ.എം. ചാണ്ടി**

1992 നവംബർ 8-ാം തീയതി പൂർവ്വവിദ്യാർത്ഥികളുടെ ഒരുസമ്മേളനം നടന്നു. യോഗത്തിൽ അധ്യക്ഷപദം അലങ്കരിച്ചത് പ്രൊഫ. കെ. എം. ചാണ്ടിയായിരുന്നു. ഡോ. ജെ.വി. വിളനിലം, കേരളായൂണിവേഴ്സിറ്റി മുൻ വൈസ്ചാൻസ്‌ലർ, ശ്രീ. സിറിയക് ജോസഫ് (സുപ്രീം കോർട്ട് ജഡ്ജിയായി അദ്ദേഹം വിരമിച്ചു), അന്ന് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, ശ്രീ. എം. സി. ചാക്കോ, അന്ന് എം. ജി. യൂണിവേഴ്സിറ്റി രജിസ്ട്രാർ, മുൻ മന്ത്രി പ്രൊഫ. എൻ. എം. ജോസഫ് തുടങ്ങിയ പൂർവ്വവിദ്യാർത്ഥികൾ തദവസരത്തിൽ സംസാരിക്കുകയുണ്ടായി. ഈ യോഗം ഉദ്ഘാടനം ചെയ്തത് പൂർവ്വവിദ്യാർത്ഥിയും അന്നത്തെ വൈദ്യുതമന്ത്രിയുമായിരുന്ന ശ്രീ. സി. വി. പത്മരാജനാണ്. പ്രസ്തുത യോഗത്തിൽത്തന്നെ ഡെപ്യൂട്ടി സ്പീക്കർ കെ. നാരായണക്കുറുപ്പ് (പൂർവ്വവിദ്യാർത്ഥി) റവ. ഫാ. ഗ്രിഗറി കരിക്കാമ്പള്ളി നവതി എൻഡോവ്മെന്റ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

**സി.വി. പത്മരാജൻ**

**സാംസ്കാരിക സമ്മേളനം**

**ഉദ്ഘാടനം പ്രൊഫ. എസ്. ഗുപ്തൻ നായർ**

1992 നവംബർ 10-ാം തീയതി നടന്ന സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്തതു പ്രൊഫ. എസ്. ഗുപ്തൻ നായരാണ്. സുപ്രസിദ്ധ കവിയും സംവിധായകനുമായ ശ്രീ. ശ്രീകുമാരൻ തമ്പി അന്നത്തെ വിശിഷ്ടാതിഥിയും പ്രസംഗകനുമായിരുന്നു.

**വിദ്യാഭ്യാസ സമ്മേളനം**

**ഉദ്ഘാടനം കേന്ദ്രസഹമന്ത്രി എം.എം. ജേക്കബ്**

1992 നവംബർ 14-ാം തീയതി കോളജിൽ ഒരു വിദ്യാഭ്യാസസമ്മേളനം മാത്തിപ്പറമ്പിലച്ചൻ സംഘടിപ്പിച്ചു. കേന്ദ്രസഹമന്ത്രി ശ്രീ. എം. എം. ജേക്കബാണ് അത് ഉദ്ഘാടനം ചെയ്തത്. 24-ാം തീയതി ഒരു സാഹിത്യസമ്മേളനവും ഉണ്ടായിരുന്നു. ശ്രീ. ഡി. സി. കിഴക്കേമുറിയാണ് അത് ഉദ്ഘാടനം ചെയ്തത്. പ്രൊഫ. ഒ. എൻ. വി. കുറുപ്പ് 'കവിതയിലെ പ്രതിസന്ധി ('Crisis in poetry') എന്ന പേരിൽ ഒരു പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. പ്രൊഫ. തോമസ് മാത്യു, പ്രൊഫ. കെ. ജി. ശങ്കരപ്പിള്ള, ഡോ. കുര്യാസ് കുമ്പളക്കുഴി എന്നിവർ തദവസരത്തിൽ പ്രസംഗകരായിരുന്നു.

**ഇഫ്ക്കു എക്സിക്യൂട്ടീവ് സമ്മേളനം സെന്റ് ബർക്കുമാൻസിൽ**

ഈ ജൂബിലിക്കാലത്ത്, ഫെബ്രുവരി 18 നും 21 നും ഇടയ്ക്ക്, സെന്റ് ബർക്കുമാൻസിൽ നടന്ന അത്യധികം ശ്രദ്ധേയമായ ഒരു സംഭവമാണ്, ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് കാത്തലിക് യൂണിവേഴ്സിറ്റീസിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ സമ്മേളനം. മാത്തിപ്പറമ്പിലച്ചന്റെ സെന്റ് ബർക്കുമാൻസിലെ സേവനത്തിലെ ഒരു നാഴികക്കല്ലാണിത്. ഇഫ്കു കത്തോലിക്കാ യൂണിവേഴ്സിറ്റികളുടെ ഒരു പൊതു സംഘടനയാണ്. യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹാരം കണ്ടെത്താൻ ലക്ഷ്യമിട്ടുള്ള ഒരു ഫെഡറേഷൻ ആണിത്. ഇതിന്റെ എക്സിക്യൂട്ടീവ് സമ്മേളനം ഇദംപ്രഥമമായാണ് ഇന്ത്യയിൽ വെച്ചു നടന്നത്. മാത്തിപ്പറമ്പിലച്ചന്റെ സ്വതസിദ്ധമായ കഴിവും നേതൃപാടവവും വിശാലവീക്ഷണവുമാണ് ഇപ്രകാരം നമ്മുടെ കോളജിൽ വച്ചു പ്രസ്തുത പരിപാടി അങ്ങേയറ്റം വിജയകരമായി നടത്താൻ കഴിഞ്ഞുവെന്നതു തെളിയിക്കുക. അച്ചനും അച്ചൻവഴി കോളജിനും ഒരു വലിയ ബഹുമതിയും അംഗീകാരവുമാണ് ഈ സംരംഭത്തിലൂടെ ഉണ്ടായിട്ടുള്ളത്. For St. Berchmans, it was a window to the world.

**a window to the world.**



**ഇഫ്കുവിന്റെ സെക്രട്ടറി ജനറൽ മാർക്ക് കോഡ്രൽ സെന്റ് ബർക്കു മാൻസിൽ**

ഈ മീറ്റിംഗ് ഉദ്ഘാടനം ചെയ്തതു കോളജിന്റെ മുൻ രക്ഷാധികാരിയും അന്ന് എറണാകുളം മെത്രാപ്പോലീത്തായുമായിരുന്ന മാർ ആന്റണി പടിയറ തിരുമേനിയാണ്. അതിപ്രഗത്ഭരാണ് പ്രസംഗകരായി എത്തി മീറ്റിംഗിനെ അനുഗ്രഹിച്ചത്. പ്രത്യേകം എടുത്തു പറയേണ്ടവരാണ് എല്ലാവരും, പ്രത്യേകിച്ചു തിരുവനന്തപുരം ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്, ഫാ. ജൂലിയോ ദുലാരി, ഫെഡറേഷൻ പ്രസിഡന്റ് പ്രൊഫ. മാർക്ക് കോഡ്രൽ തുടങ്ങിയവർ. മാർക്ക് ഫെഡറേഷന്റെ സെക്രട്ടറി ജനറലും ലുവെയിൻ യൂണിവേഴ്സിറ്റി പ്രൊഫസറുമായിരുന്നു.

1993 ലെ കേരളപ്പിറവിദിനം സമുചിതമായി ആഘോഷിക്കുന്നതിൽ മാത്തിപ്പറമ്പിലച്ചൻ പ്രത്യേകം ശ്രദ്ധിച്ചു. വിശിഷ്ടാതിഥിയായി വന്നതു പ്രഗത്ഭനായ ഒ. വി. വിജയനാണ്. നവംബർ 5-ാം തീയതി ആചാര്യനിത്യചൈതന്യയതി കോളജ് സന്ദർശിച്ചതും വിദ്യാർത്ഥികൾക്ക് ഒരു അനുഗ്രഹപ്രഭാഷണം നല്കിയതും ഏറെ ശ്രദ്ധേയമായി. ആദ്ധ്യാത്മികത വളർത്തുന്നതിൽ അച്ചനുണ്ടായിരുന്ന സജീവതാല്പര്യവും ഇതു വിളിച്ചോതുന്നു.

**(IACHE) പ്രസിഡന്റ്**

1994 ൽ "All India Association for Christian Higher Education (IACHE) ന്റെ പ്രസിഡന്റായി മാത്തിപ്പറമ്പിലച്ചൻ തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രാഗത്ഭ്യത്തിനും പാണ്ഡിത്യത്തിനും നേതൃപാടവത്തിനും ലഭിച്ച അംഗീകാരം കൂടിയായിരുന്നു ഈ പുതിയ സ്ഥാനലബ്ധി. ഇതേ വർഷം ആരംഭിച്ച മലയാള ഗവേഷണകേന്ദ്രത്തിന്റെ ഔപചാരികമായ ഉദ്ഘാടനം എം. ജി. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലർ ഡോ. എ. സുകുമാരൻ നായർ നിർവ്വഹിച്ചു. ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന് 1994 മാർച്ച് 30ന് പവ്വത്തിൽ പിതാവ് തറക്കല്ലിട്ടത് അച്ചന്റെ, സംഭവബഹുലമായ സേവനരംഗത്തെ, മറ്റൊരു നാഴികക്കല്ലാണ്.

**മലയാളഗവേഷണ കേന്ദ്രം, ഉദ്ഘാടകൻ ഡോ. സുകുമാരൻ നായർ**

**ഇന്റർ കോളജിയറ്റ് നാടക ശില്പശാല**

വിദ്യാർത്ഥികളുടെ കലാപാടവം മെച്ചപ്പെടുത്താൻ നവംബർ 18 മുതൽ 20 വരെ ഒരു 'ഇന്റർ കോളജിയേറ്റ് നാടകപഠനശില്പശാല'യും അച്ചൻ സംഘടിപ്പിച്ചു. വിവിധ കോളജുകളിൽ നിന്നായി 40 കുട്ടികൾ ശില്പശാലയിൽ പങ്കെടുത്തു. ഡോ. എ. കെ. നമ്പ്യാർ, ഡോ. എൻ. എൻ. മൂസ്സത്, വി. വി. ഹാരീസ് (എല്ലാവരും പ്രസിദ്ധർ, എം. ജി. യൂണിവേഴ്സിറ്റി) എന്നിവർ ഫലപ്രദമായി ക്ലാസ്സുകളെടുത്തു. ശ്രീ. പി. ബാലചന്ദ്രൻ (കലാകാരനും തിരക്കഥാകൃത്തും) ശില്പശാലയുടെ സംവിധായകനായിരുന്നു.

**ചിത്രമെഴുത്തുകാരനും പൂർവ്വവിദ്യാർത്ഥിയുമായ ബാബു സേവ്യറിനു സ്വീകരണം**

വിഖ്യാതനായ ചിത്രമെഴുത്തുകാരനും പൂർവ്വവിദ്യാർത്ഥിയുമായ ശ്രീ. ബാബു സേവ്യറിനെ പ്രോത്സാഹിപ്പിക്കാനും അനുമോദിക്കാനും വേണ്ടി 1995 ജനുവരി 6-ാം തീയതി അച്ചൻ ശ്രീ. ബാബുവിന്റെ ഒരു ചിത്രപ്രദർശനം സംഘടിപ്പിച്ചു. ശ്രീ. പി.സുരേന്ദ്രൻ, ബാബുവിന്റെ പെയിന്റിംഗിനെയും അച്ചന്റെ ഉദ്യമത്തെയും ശ്ലാഘിച്ചു സംസാരിച്ചു. ബാബുസേവ്യറിന് എന്റെയും അഭിനന്ദനങ്ങൾ! പൂർവ്വവിദ്യാർത്ഥിയും പ്രസിദ്ധശില്പിയുമായ കെ. എസ്. രാധാകൃഷ്ണനു നവംബർ

10-ാം തീയതി കോളജിൽ സ്വീകരണം നല്കുകയും അദ്ദേഹത്തെ അനുമോദിച്ച് അച്ചൻ സംസാരിക്കുകയും ചെയ്തു.

സെന്റർ ഫോർ ഡിഗൽ സ്റ്റഡീസ്, സെന്റർ ഫോർ കമലാദാസ് സ്റ്റഡീസ്, ഇംഗ്ലീഷ് ലാംഗ്വേജ് ലബോറട്ടറി, എൺവയറൺമെന്റ് റിസർച്ച് ലബോറട്ടറി ഇവയും മാത്തിപ്പറമ്പിലച്ചന്റെ മികച്ച നേട്ടങ്ങൾ തന്നെ. ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് മഠത്തിപ്പറമ്പിലച്ചനു ശാശ്വതമായ, സമുചിതമായ ഒരു 'മെമന്റോ' ആയിരിക്കും.



1996 ജനുവരി 29ന് പവ്വത്തിൽ പിതാവ്, ഇൻസ്റ്റിറ്റ്യൂട്ട് ആശീർവ്വദിച്ചു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചത്, പൂർവ്വവിദ്യാർത്ഥിയും അന്നത്തെ വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന ശ്രീ. പി. ജെ. ജോസഫാണ്. വർണ്ണാഭമായ ഒരു പരിപാടിയായിരുന്നു അത്. ശ്രമസാദ്ധ്യമായിരുന്ന ഈ നേട്ടത്തിന്റെ ബഹുമതി മുഴുവൻ മാത്തിപ്പറമ്പിലച്ചന് അവകാശപ്പെടാം. സംസ്ഥാനത്തെ രണ്ടാമത്തെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടാണ് സെന്റ് ബർക്കുമാൻസിനു കൈവന്നത്.

ഇൻസ്റ്റിറ്റ്യൂട്ട്
ഓഫ് മാനേജ്മെന്റ്

ഉദ്ഘാടകൻ പി.ജെ.
ജോസഫ്

ഏറ്റവും നല്ല സ്പെഷ്യൽ ഗ്രേഡ് പ്രൈവറ്റ് കോളജിന് കേരളാ ഗവൺമെന്റ് പുതുതായി സ്ഥാപിച്ച ആർ. ശങ്കർ അവാർഡിന് അർഹയായത് സെന്റ് ബർക്കുമാൻസാണ്. മാത്തിപ്പറമ്പിലച്ചന്റെ ഭരണകാലത്ത് അവൾ പാഠ്യപാഠ്യേതരമേഖലകളിൽ കൈവരിച്ച ബഹുമുഖ പുരോഗതിയും വളർച്ചയും കണക്കിലെടുത്താണ് ഈ അവാർഡ് നല്കപ്പെട്ടത്. മാത്തിപ്പറമ്പിലച്ചന്റെ സേവനകാലത്തു തന്നെ 1995-'96ൽ സെന്റ് ബർക്കുമാൻസ് കോളജ് യൂണിയൻ ബെസ്റ്റ് കോളജ് യൂണിയനായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

ആർ. ശങ്കർ
അവാർഡ്

പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ക്ഷീണിതനായിക്കൊണ്ടിരുന്ന കാലത്ത് പലരും ചോദിച്ചിരുന്നതായി കേട്ടിട്ടുണ്ട് "Who after Nehru?" എന്ന്. സെന്റ് ബർക്കുമാൻസിനോടു ബന്ധപ്പെട്ടവർ, മനസ്സിന്റെ സ്വകാര്യതയിൽ ചോദിച്ചിരുന്നിരിക്കണം: "Who after Fr. Madathiparampil?" എന്ന്. ആറുവർഷം വൈസ്പ്രിൻസിപ്പലായും അഞ്ചുവർഷം പ്രിൻസിപ്പലായും അദ്ദേഹം ചെയ്ത സേവനം അത്ര നിസ്തുലമാണ്. കോളജിന്റെ നാനാവിധമായ പുരോഗതിക്ക് അച്ചൻ സ്വയം സമ്പൂർണ്ണമായി സമർപ്പിച്ചിരുന്നു. വൈസ്പ്രിൻസിപ്പലായിരുന്നപ്പോൾപോലും അദ്ദേഹം സഹൃദയാ ഹോസ്റ്റലിന്റെ വാർഡനായിരുന്നു. ഏതെല്ലാം തസ്തികകളിലാണ് അദ്ദേഹം ഈ വർഷങ്ങളിൽ പ്രവർത്തിച്ചിരുന്നത്? എല്ലായിടത്തും അതിപ്രഗത്ഭവും സ്തുത്യർഹവും ഏറ്റം കാര്യക്ഷമവുമായ സേവനമാണ് അച്ചൻ കാഴ്ചവച്ചത്.

Who after Nehru?

Who after
Fr. Madathiparampil?



**പഠനനിലവാരം ഏറെ ഉയർന്നു**

**റാങ്കുകളിൽ ഗണ്യമായ വർദ്ധന**

**നൂറു ശതമാനം വിജയം**

പ്രിൻസിപ്പലായ വർഷം തന്നെ പഠനനിലവാരം വളരെ ഉയർന്നു. റാങ്കുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു. എം.എസ്സ്. സി മാത്‌സിലും സുവോളജിയിലും 96% വിജയം ഉണ്ടായി. പ്യുവർ കെമിസ്ട്രിക്ക് 95%, അനാലിറ്റിക്കൽ കെമിസ്ട്രിക്ക് 92%, ബോട്ടണിക്ക് 90% എന്നിങ്ങനെ വിജയം. തൊട്ടടുത്ത വർഷം എം. എ. ഇംഗ്ലീഷിന് ജോസി ജോസഫും എം. എ. ഇക്കണൊമിക്സിന് എം. നീതയും അനാലിറ്റിക്കൽ കെമിസ്ട്രിക്ക് എം. എസ്. സുകുമാരിയും എം. എസ്.സി ബോട്ടണിക്ക് കെ. കൃഷ്ണകുമാറും യൂണിവേഴ്സിറ്റിയിൽ ഒന്നാം സ്ഥാനത്തെത്തി. എം. എ. ഇംഗ്ലീഷ്, അനാലിറ്റിക്കൽ കെമിസ്ട്രി, എം.കോം എന്നിവയ്ക്ക് 100% വിജയം, മാത്‌സ് 97%, പ്യുവർ കെമിസ്ട്രി - 95% എന്നിങ്ങനെയാണ് ആ വർഷത്തെ വിജയനിലവാരം. 1993 ൽ എം. എ. ഇംഗ്ലീഷിൽ ജൂഡിത്ത് സെബാസ്റ്റ്യനും എം.എ. ഇക്കണൊമിക്സിൽ പ്രിയ തോമസ് മാറാട്ടുകളവും എം.എ. മലയാളത്തിൽ ഫാ. ബേബി സെബാസ്റ്റ്യനും അനാലിറ്റിക്കൽ കെമിസ്ട്രിക്കു ജിംമോൻ എം.ജെ.യും ബോട്ടണിയിൽ പീറ്റർ കെ.മാണിയും പ്രീഡിഗ്രി ഫസ്റ്റ് ഗ്രൂപ്പിൽ സൂരജ് വി.യും ഒന്നാം റാങ്ക് കരസ്ഥമാക്കി.

**എം.എ. ഇംഗ്ലീഷിനു നൂറു ശതമാനം വിജയം**

1994ൽ എം. എ. ഇംഗ്ലീഷിൽ തെരേസാ തോമസും മാത്‌സിൽ ഇന്ദു ലാൽജിയും എം.എ. ഇക്കണോമിക്സിൽ അനിത കെ. യും പ്രീഡിഗ്രി ഒന്നാം ഗ്രൂപ്പിൽ അബു സെബാസ്റ്റ്യനും ഒന്നാം സ്ഥാനം കരസ്ഥമാക്കി; എം.എ. ഇംഗ്ലീഷിന് 100% വിജയവും. 1995ൽ എം.എ. ഇംഗ്ലീഷിൽ ലതാ കെ. തങ്കച്ചനും ഇക്കണൊമിക്സിൽ ആനി എബ്രാഹവും മലയാളത്തിൽ വിജി സെബാസ്റ്റ്യനും ഫിസിക്സിൽ മോളി തോമസും ബോട്ടണിയിൽ സിസി റ്റി. ജേക്കബും ഒന്നാം റാങ്കു നേടി; എം.എ. ഇംഗ്ലീഷ്, എം.കോം, സുവോളജി എന്നിവയ്ക്ക് 100% വിജയവും.

**സെന്റ് ബർക്കുമാൻസ് പ്രൊഫഷണൽ സ്ട്രീമിൽ**

**സീറോമലബാർ സമൂഹത്തിന്റെ ഉന്നത വിദ്യാഭ്യാസ ഡയറക്ടർ - ദൈവപരിപാലന**

മഠത്തിപ്പറമ്പിലച്ചന് ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചും സെന്റ് ബർക്കുമാൻസിനെക്കുറിച്ചും ജീവിതത്തെക്കുറിച്ചു തന്നെയും ഒരു ദർശനം, ഒരു തത്ത്വശാസ്ത്രം തന്നെ ഉണ്ടായിരുന്നു. സെന്റ് ബർക്കുമാൻസ് പ്രൊഫഷണൽ സ്ട്രീമിലേക്ക് കയറിയത്, എം. ബി.എ വിഭാഗം ജന്മം കൊണ്ടത്, എല്ലാം അച്ചന്റെ ഉത്സാഹവും കഠിനാദ്ധ്വാനവും മൂലമാണ്. ലക്ഷ്യപ്രാപ്തിക്കായി നിശ്ചയദാർഢ്യത്തോടെയാണ് അദ്ദേഹം എപ്പോഴും നീങ്ങിയിരുന്നത്. വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയായിരുന്നു അച്ചന്റെ കൈമുതൽ. വിടവു നികത്താൻ വലിയവൻ വിളിച്ചു, വട്ടക്കളത്തിനെ. അടുത്തകാലത്തു സീറോ മലബാർ സമൂഹത്തിന്റെ ഉന്നതവിദ്യാഭ്യാസമേഖല കൈകാര്യം ചെയ്യാൻ മഠത്തിപ്പറമ്പിലച്ചൻ നിയോഗിക്കപ്പെട്ടിരിക്കുന്നതു ദൈവപരിപാലനയുടെ ആവിഷ്ക്കാരമാണ്.

13

# റവ. ഡോ. ജോസഫ് വട്ടക്കളം

**വിടവുനികത്താൻ വട്ടക്കളം**

മാത്തിപ്പറമ്പിലച്ചൻ സെന്റ് ബർക്കുമാൻസിനോടു വിടപറഞ്ഞപ്പോൾ വലിയൊരു വിടവ് ഇവിടെ ഉണ്ടായെന്നും വട്ടക്കളത്തിനെയാണു വലിയവൻ വിടവു നികത്താൻ നിയോഗിച്ചതെന്നും മുന്നദ്ധ്യായത്തിൽ സൂചിപ്പിച്ചതാണ്. 1996 മാർച്ച് 31നാണ് മാത്തിപ്പറമ്പിലച്ചൻ വിരമിച്ചത്. ഏപ്രിൽ ഒന്നാംതീയതി (പലരും ആ സുദിനത്തിലാണ് പ്രിൻസിപ്പലായത്!) വട്ടക്കളത്തിലച്ചൻ 'വലിയ നൗകയുടെ പങ്കായം കൈകളിലേന്തി. നാളിതുവരെ 15 പ്രിൻസിപ്പൽമാർ സെന്റ് ബർക്കുമാൻസിന്റെ സാരഥ്യം വഹിച്ചിട്ടുണ്ട്.

**കണ്ണീരിന്റെയും കഠിനാദ്ധ്വാനത്തിന്റെയും കഥ**

നീണ്ട 13 വർഷം സാരഥ്യത്തിലിരുന്ന പ്രഥമ പ്രിൻസിപ്പൽ പുളിക്കുന്ന് പുരയ്ക്കലെ ആയിരുന്നു. അത്രയും വർഷങ്ങളിലെ വിഴുപ്പുഭാണ്ഡമാണ് അദ്ദേഹത്തിനു ചുമക്കേണ്ടിവന്നത്. കഠിനാദ്ധ്വാനത്തിന്റെയും കണ്ണീരിന്റെയും കഥയാണ് ആ സമർപ്പിത ചേതസ്സിനു പറയാനുള്ളത്. വൈസ് പ്രിൻസിപ്പൽ ഫാ. ജയിംസ് കാളാശ്ശേരി രൂപതയുടെ മെത്രാനായി.

**തപസ്സും പ്രാർത്ഥനയും മൃദുലസമീപനവും**

രണ്ടാമത്തെ പ്രിൻസിപ്പൽ (acting - മൂന്നുമാസം) കാഞ്ഞിരപ്പള്ളി, ആനക്കല്ല് അയില്ലൂപ്പറമ്പിലെയായിരുന്നു. ഏറ്റം കുറച്ചുകാലം മാത്രമേ അദ്ദേഹത്തിനു ഈ 'മുൾക്കിരീടം' അണിയേണ്ടിവന്നുള്ളൂ. പക്ഷേ അത് വലിയ പ്രതിസന്ധിയുടെ കാലമായിരുന്നു. ഈ ധന്യാത്മാവിന്റെ തപസ്സും പ്രാർത്ഥനയും മൃദുലമായ സമീപനവും നൗക, മുങ്ങിത്താഴാതെ, കരയ്ക്കടുക്കാൻ സഹായിച്ചു.

**കുളത്തൈസ്വാമിപ്പിള്ള കൈത്താങ്ങായി**

"പൈതലിന്റെ പരിമൃദുലതയിൽ സേവനവ്യഗ്രനായിത്തീർന്ന ആ മഹായോഗിയുടെ കരങ്ങൾ താങ്ങാൻ ഭരണനിപുണനായ ശ്രീ. ആർ.പി. കുളത്തൈ സ്വാമിപ്പിള്ള വൈസ് പ്രിൻസിപ്പലുമായി."

**ശിക്ഷണവിദഗ്ധൻ**

മൂന്നാമത്തെ പ്രിൻസിപ്പൽ, മറ്റക്കര മണ്ണനാലെ ആയിരുന്നു. "മറ്റക്കര ചുറ്റെന്നുകയുമില്ല; അന്നൊരു പറ്റുകടിക്കയുമില്ലാ"യെന്ന ചൊല്ല് ചിലരെങ്കിലും കേട്ടുകാണുമല്ലോ. 1936 മാർച്ച് പത്താം തീയതിയാണ് അദ്ദേഹം സെന്റ് ബർക്കുമാൻസിന്റെ സാരഥ്യം ഏറ്റെടുത്തത്. ശിക്ഷണവിദഗ്ധൻ വിനയത്തിന്റെ കനിവുകിനിയുന്നവൻ, പക്ഷേ നീതിജ്ഞൻ-ഈ യതിവര്യൻ കലാലയത്തിന്റെ



**സയൻസ് ബ്ലോക്കിന്റെ രണ്ടാം നിലയും ക്രിസ്തുരാജ ഗോപുരവും**

സംസ്കാരസൗരഭ്യം കേരളമാകെ വ്യാപിപ്പിച്ചു. "സയൻസ് ബ്ലോക്കിന്റെ രണ്ടാം നില ക്രിസ്തുരാജന്റെ പ്രതിമാവസംന്തോടുകൂടിയ മണിമാളികയുടെ നടുനായകതയിൽ പ്രദീപ്തമായി." കല്ലറയ്ക്കൽ പിതാവു നല്കിയ 8000 (9000) രൂപ ഉപയോഗിച്ചു ക്രിസ്തുരാജ ചാപ്പലും കല്ലറയ്ക്കൽഹാളും അദ്ദേഹം പണിയിച്ചു. റോമയോസച്ചന്റെ വലംകൈയായി പ്രവർത്തിച്ചിരുന്ന ഫാ. ഹഡ്രിയാൻ എന്ന ശില്പകലാ വിദഗ്ധന്റെ മേൽനോട്ടം കോളജിന്റെ ധനകാര്യവകുപ്പിന് നല്ലൊരു കർമ്മോന്മുഖത വരുത്തിയെന്നതു വസ്തുതയാണ്. പുരയ്ക്കലച്ചൻ നട്ട ശിക്ഷണദ്രുമത്തെ റോമയോസച്ചൻ വളം വച്ചുവളർത്തി, ഫലഭൂയിഷ്ടമാക്കി.

**'ബർക്കുമനയിസ്'**

**ബർക്കുമാൻസ് സംസ്കാരം- അച്ചടക്കം**

'ബർക്കുമനയിസ്' എന്ന ശൈലി റോമയോസച്ചന്റെ സ്വന്തമാണ്. കുട്ടികളോടുള്ള ഉപദേശത്തിൽ, പലപ്പോഴും, അദ്ദേഹം അത് ആവർത്തിക്കുമായിരുന്നു. സെന്റ് ബർക്കുമാൻസിന് അഭികാമ്യമായ പാരമ്പര്യത്തിന്റെ സൗകുമാര്യം നേടണമെന്നത് ഈ മഹാത്മാവിന്റെ വലിയ ലക്ഷ്യമായിരുന്നു. സെന്റ് ബർക്കുമാൻസിന്റെ സംസ്കാരമാണ് അച്ചടക്കം. ഈ സരണി വെട്ടിത്തുറന്നതു പുരയ്ക്കലച്ചനാണെങ്കിൽ, അതു സുഗമമാക്കിയതു റോമായോസച്ചനാണ്.

**ചട്ടവും ചിട്ടയും**

നാലാമത്തെ പ്രിൻസിപ്പൽ തുരുത്തി നേര്യമ്പറമ്പിലെയാണ് - 'വമ്പിച്ച താടിയും മീശ'യുമുണ്ടായിരുന്ന നല്ലവനായ വില്യമച്ചൻ. അദ്ദേഹം പലപ്പോഴും പറഞ്ഞിരുന്നതായി ദീപികയിൽ ഇങ്ങനെ ഉണ്ടായിരുന്നു: "ഞാൻ ചുമ്മാതിരുന്നാൽ മതി, അത്രമാത്രം ചട്ടവും ചിട്ടയും റോമായോസച്ചൻ വരുത്തിക്കഴിഞ്ഞു." ബന്ധപ്പെടുത്തി മാപ്പിള സാർ (മഹാപിള്ള) - ദീപികയാണ് അദ്ദേഹത്തിന് ഈ ബഹുമതി നല്കിയത്) എഴുതി: "ചൊല്ലാർന്ന വജ്രം തുളചേർത്ത കല്ലിൽ ചെല്ലുന്ന നൂൽപോലെയെനിക്കു ചെല്ലാം" എന്ന കാളിദാസവചസ്സുകൾ സെന്റ് ബർക്കുമാൻസിൽ, റോമയോസച്ചന്റെ ഏതു പിൻഗാമിക്കും, നട്ടെല്ലു നിവർത്തു പറയാം." മഹാനായ മലയാളപണ്ഡിതശ്രേഷ്ഠന്റെ (ഇംഗ്ലീഷിലും അദ്ദേഹത്തിന് അഗാധപാണ്ഡിത്യമുണ്ടായിരുന്നു) വാക്കുകൾ നൂറുശതമാനം ശരിയെന്ന് പറയാൻ ഏറെ സന്തോഷമുണ്ട്.

**പപ്പുപിള്ള (മന്നത്തു പത്മനാഭൻ) സാറിന്റെ ശിഷ്യൻ**

നേര്യമ്പറമ്പിൽ തോമ്മാച്ചൻ തരുത്തി ഗവൺമെന്റ് സ്കൂളിൽ പപ്പുപിള്ള സാറിന്റെ (പില്ക്കാലത്തു വിഖ്യാതനായ ഭാരതകേസരി മന്നം) ശിഷ്യനായി മൂന്നു കൊല്ലം പഠിച്ചു. 1919 ൽ വൈദികനായശേഷം 1920 മുതൽ 6 കൊല്ലം തൃശ്നാപ്പള്ളി സെന്റ് ജോസഫ്സിൽ പഠിച്ച് ബി.എ. (Hons), എൽ.റ്റി ഇവ കരസ്ഥമാക്കി. റോമയോസച്ചന്റെ സതീർത്ഥ്യനായിരുന്നു വില്യമച്ചൻ. തീർച്ചയായും, ഇതൊരു വലിയ ബന്ധമാണ്. വില്യമച്ചൻ വന്നപ്പോൾ, വൈസ് പ്രിൻസിപ്പലായിരുന്ന ആചാര്യോത്തംസം ഈപ്പച്ചൻ വിരമിച്ചു. ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റിൽ ലക്ചററായിരിക്കെ, മത്തായിച്ചൻ (ഫാ. പി.സി. മാത്യു) ആ സ്ഥാനത്തേക്കു നിയമിക്കപ്പെട്ടു.

**പാപസങ്കീർത്തന ശ്രവണം മുതൽ** ◀◀

വില്യമച്ചൻ-ശാന്തൻ, വിനീതൻ, ക്ഷമാശീലൻ, ദാക്ഷിണ്യവാൻ - പരിസരദൈവാലയങ്ങളിലെ പാപസങ്കീർത്തനശ്രവണം മുതൽ കോളജിലെ പ്യൂൺ

**പ്യൂൺ ജോലി വരെ**

ജോലിവരെ ചെയ്യുന്നത് അദ്ദേഹത്തിന് വലിയ ഇഷ്ടമായിരുന്നു. ഈ സദ്ഗുണങ്ങൾക്കൊപ്പം മിതവും സാരവുമായി പ്രസംഗിക്കുന്ന അദ്ദേഹത്തിന്റെ തൂമന്ദഹാസം അദ്ദേഹത്തെ ഏവർക്കും അഭിവന്ദ്യനും അഭിഗമ്യനുമാക്കി.

**ആ കർമ്മയോഗി നിത്യതയിലേക്ക്**

1965 ആഗസ്റ്റ് 15-നു, ചങ്ങനാശ്ശേരിക്കും സെന്റ് ബർക്കുമാൻസ് കോളജിനും കേരള വിദ്യാഭ്യാസനഭോമണ്ഡലത്തിനു പൊതുവെയും കർമ്മലീത്താ സഭയ്ക്കും അഭിമാനഭാജനമായിരുന്ന, വില്യമച്ചനെന്ന കർമ്മയോഗി, ദിവംഗതനായി.

അഞ്ചാമത്തെ പ്രിൻസിപ്പൽ ഓണങ്ങാനം പാറകുളങ്ങരയിലെയാണ്. കാൺഡി സെമിനാരിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ച പി.സി. മത്തായിച്ചൻ 26-06-1034 ൽ സെന്റ് ബർക്കുമാൻസിൽ 2441-ാം നമ്പർകാരനായി ചേർന്ന് 1936ൽ ഇക്കണോമിക്സ് ബി.എ. ജയിച്ചു. ട്രിച്ചിയിൽനിന്ന് ഈ വിഷയത്തിൽ സെക്കന്റ് ക്ലാസ്സോടുകൂടി എം.എ. പാസ്സായി. കുറഞ്ഞൊരു സമയം സെന്റ് ബർക്കുമാൻസ് ഹൈസ്കൂളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചതിനു ശേഷം അച്ചൻ, സെന്റ് ബർക്കുമാൻസ് കോളജിൽ ഇക്കണോമിക്സ് വിഭാഗത്തിൽ ലക്ചററായി നിയമിക്കപ്പെട്ടു. 1942-'43 ൽ അദ്ദേഹം സെന്റ് തോമസ് ഹോസ്റ്റൽ വാർഡനായി. 44 ൽ വൈസ് പ്രിൻസിപ്പൽ സ്ഥാനത്തേയ്ക്കുയർത്തപ്പെട്ടു. 1950-'52 ൽ സെന്റ് ജോസഫ്സ് ഹോസ്റ്റൽ വാർഡനായിരുന്നു.

**സെന്റ് ബർക്കുമാൻസ് ഹൈസ്കൂളിൽ**

ഈ പദവികളിലെല്ലാം മത്തായിച്ചൻ നല്ലൊരു ശിക്ഷണവിദഗ്ധൻ എന്നു തെളിയിക്കപ്പെട്ടു. സെന്റ് ബർക്കുമാൻസിന്റെ ശിക്ഷണപാരമ്പര്യവും ആധ്യാത്മികനേതൃത്വവും ഏറ്റെടുക്കാൻ സർവ്വഥാ യോഗ്യനെന്നു പ്രവൃത്തികൊണ്ടു തെളിയിച്ച അദ്ദേഹം, വില്യമച്ചന്റെ പിൻഗാമിയായി സെന്റ് ബർക്കുമാൻസ്, - അസംപ്ഷൻ കോളജുകളുടെ സാരഥ്യത്തിൽ അവരോധിക്കപ്പെട്ടു. സിൻഡിക്കേറ്റ് മെമ്പറെന്നനിലയിൽ ഇരു കോളജുകൾക്കും പല സേവനങ്ങളും ചെയ്യാൻ എന്റെ ഗുരുനാഥനു സാധിച്ചു. വൈസ് പ്രിൻസിപ്പലായിരുന്നപ്പോൾ, കലാലയത്തിന്റെ നന്മയ്ക്കുവേണ്ടി, നടിച്ചിരുന്ന കാർക്കശ്യം, പ്രിൻസിപ്പലായപ്പോൾ, ആവശ്യമില്ലാതെ വന്നു. വിദ്യാർത്ഥികൾക്കെല്ലാം നല്ല പിതാവ്, നല്ല മാർഗ്ഗദർശി, നല്ല സുഹൃത്ത്, നല്ല നേതാവ്, നല്ല പ്രിൻസിപ്പൽ ആയി മത്തായിച്ചൻ.

**ശിക്ഷണവിദഗ്ധൻ**

**കലാലയത്തിന്റെ നന്മയ്ക്കുവേണ്ടി കാർക്കശ്യം**

1956-ൽ ഇന്റർമീഡിയറ്റ് അവസാനിച്ചു. പ്രീ യൂണിവേഴ്സിറ്റി കോഴ്സ് ആരംഭിച്ചു. 1957ൽ ത്രിവത്സര ഡിഗ്രി കോഴ്സും ആരംഭിച്ചു. പ്രീ പ്രൊഫഷണൽ കോഴ്സ് കോളജിൽ സ്ഥാപിച്ചത് കോളജിന്റെ മേന്മയ്ക്കും മത്തായിച്ചന് സിൻഡിക്കേറ്റിലുണ്ടായിരുന്ന സ്വാധീനശക്തിക്കും നിദർശനമാണ്. സെന്റ് ബർക്കുമാൻസിൽ, ഇദംപ്രഥമമായി ഒരു ബിരുദാനന്തര കോഴ്സ് (എം എ ഇക്കണോമിക്സ്) തുടങ്ങിയതിന്റെ ക്രെഡിറ്റു മുഴുവൻ മത്തായിച്ചനുള്ളതാണ്. 1957-ൽ കോളജിന് ഒരു ഓപ്പൺ എയർ തീയേറ്ററും ഒരു ഗസ്റ്റ് ഹൗസും സ്ഥാപിച്ചതും അച്ചൻതന്നെ.

**ഇദംപ്രഥമായി ബിരുദാനന്തര ബിരുദകോഴ്സ്**



**ശങ്കരപ്പിള്ള സാറിനു സ്മാരകം**

**മലയാളം എം.എ. കേരള സർവ്വകലാശാല**

വീണ്ടും 1958–'59 സംഭവബഹുലമായിരുന്നു. പ്രഗത്ഭനായ പ്രൊഫ. ശങ്കരപ്പിള്ളയുടെ സ്മാരകമായി ഒരു ഗോൾഡ് മെഡൽ (മാപ്പിളസാർ ശങ്കരപ്പിള്ള സാറിന്റെ സ്നേഹധനരായ ശിഷ്യരിൽനിന്ന് ആവശ്യമായ പണം പിരിച്ചു കോളജിൽ ഏല്പിച്ചുവെന്നതു പ്രത്യേകം സ്മർത്തവ്യമാണ്) സ്ഥാപിച്ചതിനുപുറമേ, ആർട്ടിസ്റ്റ് പി.ജെ. ചെറിയാൻ വരച്ചതും 500 രൂപയോളം ചെലവു വന്നതുമായ ഒരു എണ്ണച്ഛായാ ചിത്രം (ശങ്കരപിള്ളസാറിന്റെ) ശ്രീ. മള്ളൂർ അനാച്ഛാദനം ചെയ്തു. മത്തായിച്ചന്റെ സതീർത്ഥ്യനും ഇൻഡ്യയുടെ പ്രഥമ കർദ്ദിനാളുമായ ഗ്രേഷ്യസ് തിരുമേനിയെ കോളജ് ഡേയ്ക്ക് അധ്യക്ഷനായി കിട്ടിയതും മത്തായിച്ചന്റെ കഴിവും സാമർത്ഥ്യവും കൊണ്ടാണ്. ബി.എ. മലയാളം ലാംഗ്വിജ് ആൻഡ് ലിറ്ററേച്ചർ ആരംഭിച്ചതു മത്തായിച്ചന്റെ തൊപ്പിയിൽ മറ്റൊരു തൂവലായി. 1960 ജൂണിൽ അച്ചൻ എം.എ. മലയാളവും ആരംഭിച്ചു. തിരുവിതാംകൂർ യൂണിവേഴ്സിറ്റി കേരള സർവ്വകലാശാലയായതും മത്തായിച്ചന്റെ കാലത്താണ്.

**പുരയ്ക്കലച്ചനെ കോളജ് ഡേയ്ക്കു അധ്യക്ഷനായി അവരോധിച്ചു ബഹുമാനിച്ചു**

**വി. അൽഫോൻസാമ്മയുടെ കബറിടത്തിനടുത്ത്**

തന്റെ പൂർവ്വാചാര്യൻ പുരയ്ക്കലച്ചനെ കോളജ് ഡേയ്ക്കു അധ്യക്ഷനായികൊണ്ടുവന്നത് മത്തായിച്ചന്റെ ഒരു പ്രശസ്യമായ കൃതജ്ഞതാപ്രകടനം തന്നെയായിരുന്നു. പുരയ്ക്കലച്ചന്റെ ശിഷ്യചതുഷ്ടയം ഒരേ സമയം പ്രിൻസിപ്പൽമാരായിരുന്നു. ഫാ. പി.സി. മാത്യു (സെന്റ് ബർക്കുമാൻസ് കോളജ്), ഫാ. ജോസഫ് കരീത്തടം (സെന്റ് തോമസ് കോളജ് പാലാ), ഫാ. നെടുങ്കല്ലേൽ (നിർമ്മലാ കോളജ്, മൂവാറ്റുപുഴ), ഫാ. എൻ.എ. തോമസ് (മാർ ഇവാനിയോസ്, തിരുവനന്തപുരം) ഇവരാണ് ആ പ്രഗത്ഭമതികൾ. കോളജ് ഓഡിറ്റോറിയത്തിൽവച്ച് പുരയ്ക്കലച്ചന് അന്തിമോപചാരങ്ങൾ അർപ്പിക്കാനുള്ള ഭാഗ്യവും ഈ ഗുരുഭക്തനു കിട്ടി. സെന്റ് ബർക്കുമാൻസിന്റെ ഈ കരുത്തനായ പുത്രൻ, 1961-ൽ ആത്മവിദ്യാലയത്തിൽ നിന്നു പിരിഞ്ഞു. 1969 ഏപ്രിൽ 24 നു ദിവംഗതനായ മത്തായിച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ വി. അൽഫോൻസാമ്മയുടെ കബറിടത്തിന് അടുത്തുതന്നെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

**മാർ ഇവാനിയോസിൽ നിന്നു മാതൃകലാലയത്തിലേക്ക്**

**നഞ്ചിവീട്ടിൽലച്ചൻ വൈസ് പ്രിൻസിപ്പൽ**

**ഏണേക്കാട്ടച്ചൻ വൈസ് പ്രിൻസിപ്പൽ**

ആറാമത്തെ പ്രിൻസിപ്പൽ കൈനകരി കാളാശ്ശേരിലെയാണ്. മത്തായിച്ചൻ അവശേഷിപ്പിച്ച വിടവുനികത്താൻ വല്ലഭവൻ വിളിച്ചതു കാളാശ്ശേരിലച്ചനെയാണ്. അദ്ദേഹം മാർ ഇവാനിയോസിലെ പ്രിൻസിപ്പൽ പദവി രാജിവച്ചുവന്നാണു മാതൃകലാലയത്തിന്റെ സാരഥ്യം ഏറ്റെടുത്തത്. 1932 മുതൽ 1939 വരെ കാണ്ടിയിൽ പഠിച്ചു ക്രിസ്തുവിന്റെ പുരോഹിതനായി. സെന്റ് ബർക്കുമാൻസ് ഹൈസ്കൂളിലും കോളജിലും പഠിച്ച ഫ്രാൻസിസ് ട്രിച്ചി സെന്റ് ജോസഫ്സിൽനിന്നും കെമിസ്ട്രിയിൽ ബി.എസ്.സി. എടുത്തു. അണ്ണാമല യൂണിവേഴ്സിറ്റിയിൽനിന്ന് ഓണേഴ്സ് സമ്പാദിച്ച് സെന്റ് ബർക്കുമാൻസിൽ ലക്ചററായി. 1953-ൽ വൈസ് പ്രിൻസിപ്പൽ സ്ഥാനത്തേയ്ക്ക് അദ്ദേഹം ഉയർത്തപ്പെട്ടു. ഈ തസ്തികയിൽ ബർക്കുമാൻസിലും തുടർന്നു നാലു വർഷം മാർ ഇവാനിയോസിൽ പ്രിൻസിപ്പലുമായുള്ള സേവനം സെന്റ് ബർക്കുമാൻസിന്റെ ഭാവി ഭാഗധേയത്തിനു കളമൊരുക്കി. നഞ്ചിവീട്ടിലച്ചൻ ജബൽപൂർ ഒരു കോളജിൽ പ്രിൻസിപ്പലായി പോയ ഒഴിവിൽ ഏണേക്കാട്ടച്ചൻ വൈസ്പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു.

ഏണേക്കാട്ടച്ചൻ കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സിൽ പ്രിൻസിപ്പലായി പോയപ്പോൾ പുളിക്കപ്പറമ്പിലച്ചൻ വൈസ് പ്രിൻസിപ്പലായി. മൂന്നുനില പൂർത്തിയായ ബയോളജി ബ്ലോക്കിലെ രണ്ടാം നിലയിൽ പ്രിൻസിപ്പലിന്റെ ഓഫീസും സ്വകാര്യമുറിയും സജ്ജമായി. അതിനു പടിഞ്ഞാറായി ഉള്ള ഇക്കണോമിക്സ് സെമിനാർ ഹോളും ഉടലെടുത്തു. അധികമാർക്കും ഇക്കാര്യം അറിയാമെന്നു തോന്നുന്നില്ല. ഇന്ന് അത് മോൺ. കാളാശ്ശേരി ഹോളാണ്. ദൈവമേ, നന്ദി! കാളാശ്ശേരിലച്ചൻ അവിസ്മരണീയനാണ്.

ജീവശാസ്ത്രസൗധം

1967 ജൂണിൽ ബയോളജി ബ്ലോക്കിന്റെ നാലാം നില പൂർത്തിയായി. മൂന്നു നില കഴിഞ്ഞപ്പോൾ അർദ്ധവിരാമമിടേണ്ടിവന്നതു പണത്തിന്റെ ദൗർലഭ്യംകൊണ്ടാണ്. ഈ ജീവശാസ്ത്രസൗധത്തിന്റെ പൂർത്തീകരണം നാലു ദശാബ്ദങ്ങൾ നീണ്ടുനിന്ന ഒരു ഹോരാത്ര പരിഹൃതമാക്കി. സ്ഥലദൗർലഭ്യം തീർന്നു. ബോട്ടണി വകുപ്പു പാടേ നാലാം നിലയിലേക്കു നീങ്ങി.

കാളാശ്ശേരിലച്ചന്റെ വിജയസ്തംഭം

ശിലാസ്ഥാപനം റ്റിസ്സറന്റ് തിരുമേനി

പ്രിൻസിപ്പൽ മോൺ. കാളാശ്ശേരിയുടെ ജയസ്തംഭമായി ആ ചതുഷ്പദ ശില്പപ്രവേകം ഉത്തരാഭിമുഖമായി, മാർ കുര്യാളശ്ശേരി ബ്ലോക്കിനെ, നിത്യം നോക്കി ആനന്ദിച്ച്, പടർന്നുയർന്നു. ശിലാസ്ഥാപനം 25-11-1963 ൽ പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ, സീറോമലബാർ സഭയുടെ ഏറ്റം ഉറ്റസുഹൃത്ത്, അത്യുന്നത കർദ്ദിനാൾ ടിസറന്റ് തിരുമേനി നിർവ്വഹിച്ചെങ്കിൽ, സർവ്വഥാ ലളിതമേറുമോയുയർന്ന, സൗധത്തിന്റെ ഔദ്യോഗികോദ്ഘാടനം ആ തിരുമേനിയുടെ അനന്തരഗാമി, അത്യുന്നത കർദ്ദിനാൾ മാക്സിമിലിയൻ ഫ്യൂസ്റ്റൻബർഗ്, 1968 ഫെബ്രുവരി 18-ന്, പ്രൊന്യുൺഷ്യോ ജോസഫ് കാപ്രിയോ തിരുമേനിയുടെയും രക്ഷാധികാരി കാവുകാട്ടു തിരുമേനിയുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയും ചെയ്തു.

ഏഴാമത്തെ പ്രിൻസിപ്പൽ ചമ്പക്കുളം കുര്യാളശ്ശേരിലെയാണ്. അദ്ദേഹം സെന്റ് ബർക്കുമാൻസിന്റെ പൂർവ്വവിദ്യാർത്ഥിയല്ല, പൂർവ്വാദ്ധ്യാപകനാണ്. അതിലേറെ, അദ്ദേഹം കോളജിന്റെ സ്ഥാപകൻ ധന്യൻ കുര്യാളശ്ശേരിപ്പിതാവിന്റെ കുടുംബത്തിൽ ജനിച്ച്, ആ അനുഗൃഹീതഹസ്തങ്ങളിൽനിന്ന് ജാതകർമ്മം തൊട്ടുള്ള സംസ്കാരവും പരിലാളനങ്ങളും ഏറ്റുവാങ്ങി, വളരാൻ ഭാഗ്യം സിദ്ധിച്ച ആളാണ്.

കരുത്തനായ കുട്ടപ്പനച്ചൻ

അദ്ധ്യാപകനും വാർഡനും വൈസ്പ്രിൻസിപ്പലും ആയിരുന്നശേഷം ഒൻപതുകൊല്ലം സെന്റ് ബർക്കുമാൻസിന്റെ സർവ്വതോഭദ്രമായ വികസനത്തിനു ഹേതുഭൂതനായ പ്രിയപ്പെട്ട കാളാശ്ശേരിലച്ചൻ, രണ്ടു കോളജുകളിൽ പ്രിൻസിപ്പൽ എന്നനിലയിൽ പ്രഖ്യാതിയാർജ്ജിച്ചു. വിരമിച്ച വിടവിലാണ് കരുത്തനായ കുര്യാളശ്ശേരി കുട്ടപ്പനച്ചൻ നിയമിക്കപ്പെട്ടത്. ഗ്രാമീണതയുടെ കുത്തുപറമ്പിനെ സരസ്വതിയുടെ കൂത്തരങ്ങാക്കി മാറ്റിയ കുട്ടപ്പനച്ചന്റെ സേവനങ്ങൾ കുറെനാളത്തേക്കുകൂടി, വിശുദ്ധനും വിനയാന്വിതനും അതിഥി സത്കാരത്തിൽ അങ്ങേയറ്റം തല്പരനും പൂർവ്വവിദ്യാർത്ഥിയും മാതൃകലാലയത്തിന്റെ വലിയ ഗുണകാം



**അച്ചടക്കനിപുണൻ**

ക്ഷിയുമായിരുന്ന വള്ളോപ്പിള്ളി പിതാവിന് ആവശ്യമായിരുന്നെങ്കിലും, പ്രൈവറ്റ് കോളജുകളുടെ നിയാമകതയിൽ, സർക്കാരിന്റെ വ്യാപ്തി വർദ്ധിച്ചു വന്ന കാലത്ത്, അച്ചടക്കനിപുണനും, ദൈവാശ്രയബോധത്തിലും പ്രാർത്ഥനയിലും അടിയുറച്ചുനിന്ന്, സെന്റ് ബർക്കുമാൻസിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച, കാളാശ്ശേരിലച്ചനു പിൻഗാമിയാകാൻ, കുര്യാളശ്ശേരിലച്ചനെ മാത്രമാണു മാനേജ്മെന്റ് കണ്ടത്. ചുറുചുറുക്കും ചങ്കൂറ്റവും ചതുരതയും ചട്ടവും ചിട്ടയുമുള്ള കുര്യാളശ്ശേരിലച്ചന്റെ നിയമനം അനുപേക്ഷണീയം എന്ന നിഗമനത്തിലെത്തിയത് അന്നത്തെ അഡ്മിനിസ്ട്രേറ്ററായിരുന്ന, പ്രഗത്ഭനും പ്രതിഭാശാലിയുമായ, മോൺ. എൽ. ജെ. ചിറ്റൂരച്ചനാണ്. കദംബകോരകന്യായേന എന്നല്ലേ പറയേണ്ടൂ, ഒരാന്റണി വടക്കുനിന്ന് ഇങ്ങോട്ടുനീങ്ങിയ കാലത്തുതന്നെ മറ്റൊരാന്റണി, പടിയറപ്പിതാവ്, ഊട്ടിയുടെ ഉന്നത മേഖലയിൽനിന്ന്, ചങ്ങനാശ്ശേരിയുടെ വിശാലമേഖലകളിലേക്കു, കോളജിന്റെ പരമാധിപത്യത്തിലേക്ക്, അവരോധിക്കപ്പെടുന്നു. "പാദുവാപ്പതിയായ വിശുദ്ധ ആന്റണിയുടെ 'ചെപ്പടി വിദ്യകൾ' സ്വർഗ്ഗത്തിലിരുന്ന് പയറ്റുന്ന കാവുകാട്ടു പിതാവിന്റെ നിഗൂഢഹസ്തങ്ങൾ ഈ നിയമനങ്ങൾക്കു പിന്നിലില്ലേ?

**കാവുകാട്ടു പിതാവിന്റെ നിഗൂഢ ഹസ്തങ്ങൾ**

കുര്യാളശ്ശേരിലച്ചന്റെ പ്രഥമവർഷം കോളജിനുണ്ടായ ഒരു ഭാഗ്യമാണ് ശ്രീ. എം.എം. ജോസഫ് സാർ, 1971 മാർച്ചിൽ, എം.പി. യായി തെരഞ്ഞെടുക്കപ്പെട്ടത്. സെന്റ് ബർക്കുമാൻസിൽ ബി.എ.യ്ക്കു പഠിക്കുമ്പോൾ അദ്ദേഹം സചിവോത്തമ ഗോൾഡ് മെഡൽ നേടി. സമർത്ഥനായ അധ്യാപകൻ, കലാ, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലെ കർമ്മകുശലൻ, സുപ്രസിദ്ധ വാഗ്മി, വിദ്യാഭ്യാസവിചക്ഷണൻ, എല്ലാ ഒത്തിണങ്ങിയ എം.എം. ജോസഫ് സാർ മാതൃകലാലയത്തിന് ഖ്യാതി നേടിക്കൊടുത്തുവെന്നതു നിസ്തർക്കമായ കാര്യമാണ്.

**എം.എം. ജോസഫ് എം.പി**

കുര്യാളശ്ശേരിലച്ചന്റെ ആഗമനത്തോടെയാണ് ഒ.ജെ. കുരുവിളസാർ, മാന്നാനം കെ.ഇ. കോളജിൽ മൂന്നുവർഷം പ്രൊഫസ്സറായി സേവനമനുഷ്ഠിച്ച ശേഷം, പോസ്റ്റ് ഗ്രാഡ്വേറ്റ് പ്രൊഫസ്സറായി മാതൃവിദ്യാലയത്തിൽ, വീണ്ടും പ്രവേശിച്ചത് സമർത്ഥനായ ഒരു വിദ്യാർത്ഥി, നാല്പതുകളിൽ എം.എസ്.സ്സി ജയിക്കാൻ തുനിഞ്ഞ 'അധ്യയനകുതുകി', ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിൽ മെമ്പറായും ചെയർമാനായും വ്യക്തിമുദ്ര പതിപ്പിച്ച സമുദായസേവകൻ, വാഗ്മിത്വം തികഞ്ഞ ശാസ്ത്രാധ്യാപകൻ, ഈ നിലകളിലെല്ലാം അദ്ദേഹം പ്രഖ്യാതി ആർജ്ജിച്ചു. 1971ൽ ഷഷ്ടിപൂർത്തിയോടെ കോളജിൽനിന്നു വിരമിച്ച കുരുവിള സാർ, 1971 ജൂൺ 22 നു ദിവംഗതനായി. ലേഖകന്റെ ഗുരുനാഥനാണ് ആ പൂജ്യപാദർ.

**ഒ.ജെ. കുരുവിള പോസ്റ്റ് ഗ്രാജ്വേറ്റ് പ്രൊഫസ്സർ**

കുര്യാളശ്ശേരിലച്ചൻ പ്രിൻസിപ്പലായിരിക്കുമ്പോഴാണ് പവ്വത്തിലച്ചൻ സെന്റ് ബർക്കുമാൻസിൽ അധ്യാപകൻ, സെന്റ് ജോസഫ്സ് ഹോസ്റ്റൽ വാർഡൻ, സി.എസ്.യു (കാത്തലിക് സ്റ്റുഡന്റ്സ് യൂണിയൻ) ചാപ്ലിൻ എന്നീ നിലകളിൽ ആത്മവിദ്യാലയത്തിൽ ശുശ്രൂഷ ചെയ്തതും 1969-ൽ ഓക്സ്ഫഡിൽ ചേർന്ന് ധന

**പവ്വത്തിലച്ചൻ സഹായമെത്രാൻ**

തത്ത്വശാസ്ത്രത്തിൽ ഉപരിപഠനം നടത്തി ഡിപ്ലോമാ നേടിയതും, സെന്റ് ബർക്കുമാൻസിൽ തിരികെവന്ന് 1970 മുതൽ വീണ്ടും അധ്യാപകനായിരിക്കെ, 1972 ജനു. 7ന് ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി നിയമിക്കപ്പെട്ടതും. ഫെബ്രുവരി 13 നു റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽവച്ച്, പോൾ ആറാമൻ മാർപ്പാപ്പായിൽ നിന്നു, മെത്രാൻപട്ടം സ്വീകരിക്കാൻ, പിതാവിനു സാധിച്ചത് ദൈവാനുഗ്രഹമാണ്.

**സ്നേഹസേവനം**

എട്ടാമത്തെ പ്രിൻസിപ്പൽ എടത്വാ, പുളിക്കപ്പറമ്പിലെയാണ്. ഈ പ്രിൻസിപ്പലും സെന്റ് ബർക്കുമാൻസിന്റെ വിദ്യാർത്ഥിയല്ല. അധ്യാപകൻ, വാർഡൻ, വൈസ് പ്രിൻസിപ്പൽ എന്നീ പദവികളിൽ പുളിക്കപ്പറമ്പിലച്ചൻ സെന്റ് ബർക്കുമാൻസിനു സ്തുത്യർഹമായ സ്നേഹസേവനം ചെയ്തിട്ടുണ്ട്. ആധുനിക

**ജനകീയ പ്രിൻസിപ്പൽ**

ശൈലിയിൽ, പ്രിയപ്പെട്ട പുളിക്കപ്പറമ്പിലച്ചനെ, ഹൃദയം നിറയെ സ്നേഹവും കരുണയും ദീനാനുകമ്പയും നിറച്ച, ജനകീയ പ്രിൻസിപ്പലെന്നു വിശേഷിപ്പിക്കട്ടെ. എട്ടുവർഷം പ്രിൻസിപ്പലായിരിക്കാൻ ദൈവം അച്ചനെ കനിഞ്ഞനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ കാലത്തുതന്നെ ഗവൺമെന്റിന്റെ ആഫ്റ്റർനൂൺ പദ്ധതി തുടങ്ങി അവസാനിച്ചു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഹൃദയങ്ങളിലാണു പുളിക്കപ്പറമ്പിലച്ചനുള്ള ഇടം.

**എവരുടെയും ഹൃദയങ്ങളിൽ ഇടം**

നവരത്നങ്ങളിൽ നവരത്നമായ ഒൻപതാമത്തെ പ്രിൻസിപ്പൽ, ചിറക്കടവിൽ മാരൂരെയാണ്. ശിക്ഷണവിദഗ്ധൻ, ദീർഘവീക്ഷണപടു, ശക്തനും ധീരനും, ബോധ്യങ്ങൾക്കനുസൃതം ജീവിതം ക്രമീകരിച്ച മാന്യൻ, ഹൃദയം നിറയെ സ്നേഹവുമായി അഞ്ചുവർഷം സെന്റ് ബർക്കുമാൻസിന്റെ സാരഥ്യത്തിലായിരുന്ന മാരൂരച്ചൻ സെന്റ് ബർക്കുമാൻസിന് അവിസ്മരണീയനാണ്. ആത്മവി

**ശിക്ഷണവിദഗ്ധൻ**

ദ്യാലയത്തിന്റെ മോട്ടോ, എക്സൽസിയോർ, എപ്പോഴും സ്മൃതിപഥത്തിൽ സൂക്ഷിച്ച്, പ്രാവർത്തികമാക്കാൻ കിണഞ്ഞുപരിശ്രമിച്ച അദ്ദേഹം, സെന്റ് ബർക്കുമാൻസിനെ ഗവേഷണസരണിയിലെത്തിച്ചു. ലേഖകനുൾപ്പെടെ, നിരവധിപേർക്ക് ഗവേഷണം, ഏറ്റം സൗകര്യമായി നടത്താൻ, കോളജിനെ ഗവേഷണകേന്ദ്രമാക്കി രൂപാന്തരപ്പെടുത്തി.

**സെന്റ് ബർക്കുമാൻസ് ഗവേഷണ സരണിയിൽ**

സെന്റ് ബർക്കുമാൻസിന്റെ നിലപാടുകളിൽ നിതാന്തജാഗ്രത പുലർത്തിയ ഈ പുരോഹിതശാസ്ത്രജ്ഞൻ ശാസ്ത്രത്തെയും കലയെയും ഒരുപോലെ പ്രേമിച്ച പ്രതിഭാശാലിയാണ്.

**പ്രതിഭാശാലി**

പത്താമുദയത്തിന്റെ പകിട്ടോടെ പ്രൗഢിയോടെ ആത്മവിദ്യാലയത്തിന്റെ പങ്കായം കയ്യേന്തിയ പത്താമത്തെ പ്രിൻസിപ്പൽ തത്തംപള്ളി മാത്തിപ്പറമ്പിലെയാണ്. മാരൂരച്ചനെയും മാത്തിപ്പറമ്പിലച്ചനെയും 'ഇണപ്രാവുകൾ' എന്നു വിശേഷിപ്പിക്കുന്നതിൽ എന്തെങ്കിലും അസാംഗത്യമുണ്ടെങ്കിൽ സദയം ക്ഷമിക്കണം. ഇരുമെയ്യാണെങ്കിലും ഒറ്റക്കരളായി, മാതൃവിദ്യാലയത്തിന്റെ മഹോന്നതിക്കുവേണ്ടി, 'മായാജാലവിദ്യകൾ' വിദഗ്ധമായി അവർ എടുത്തു പ്രയോഗിച്ചു. അവരുടെകാലത്തെ അധ്യാപകർക്കും അനധ്യാപകർക്കും വിദ്യാർത്ഥികൾക്കും കോള

**'ഇണപ്രാവുകൾ'**

**'മായാജാല വിദ്യകൾ'**



ജിനോടു ബന്ധപ്പെട്ട സകലർക്കും സംശയലേശമെന്യേ സ്പഷ്ടമായിരുന്ന സത്യമാണിത്.

കുമരങ്കരി (ചങ്ങനാശ്ശേരി) വട്ടക്കളത്തിലെയാണ് പതിനൊന്നാമത്തെ പ്രിൻസിപ്പൽ. മുമ്പന്മാരായ പത്തുമഹാരഥന്മാരിൽ അഞ്ചുപേരുടെയും ശിഷ്യനാണ് അദ്ദേഹം. അദ്ദേഹം സെന്റ് ബർക്കുമാൻസ് ധാത്രിയുടെ പുത്രനായ 1960ൽ, ഒന്നാമത്തെ പ്രിൻസിപ്പൽ അന്തരിച്ചു. എങ്കിലും അദ്ദേഹത്തെ ഏറെ ആദരിക്കുന്ന, സ്നേഹിക്കുന്ന, അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താൻ, അദ്ദേഹത്തിന് അംഗീകാരവും 'പുതുജീവനും' പകരാൻ ഈ താളുകളിൽ അച്ചൻ കിണഞ്ഞു പരിശ്രമിച്ചിരിക്കുന്നത് അനുവാചകനു വ്യക്തമായിക്കാണും.

**മുമ്പന്മാരായ അഞ്ചു മഹാരഥന്മാരുടെ ശിഷ്യൻ**

**പുരയ്ക്കലച്ചനു പുതുജീവൻ, ഈ താളുകളിലൂടെ, പകരുന്നു**

**മുമ്പന്മാരെ ആദരിച്ച് അനുകരിച്ച്**

റോമായോസച്ചനെയും വട്ടക്കളത്തിലച്ചനു നേരിട്ടു പരിചയമില്ല. എങ്കിലും അദ്ദേഹത്തെയും സ്നേഹിച്ചാദരിക്കാൻ ഈ താളുകളിൽ വ്യക്തവും ശക്തവുമായ പരിശ്രമമുണ്ട്. പത്തുപേരെയും സ്നേഹിച്ച്, ആദരിച്ച്, ആവുംവിധം അനുകരിച്ച് അവരുടെ അരൂപി ഉൾക്കൊള്ളാൻ ആത്മാർത്ഥമായി പരിശ്രമിച്ച ആളാണ് സെന്റ് ബർക്കുമാൻസിന്റെ പതിനൊന്നാമത്തെ പ്രിൻസിപ്പൽ വട്ടക്കളത്തിലച്ചൻ.

14

# റവ. ഡോ. ഫിലിപ്പ് വടക്കേക്കളം

**1998** ഏപ്രിൽ ഒന്നിനാണ് റവ. ഡോ. ഫിലിപ്പ് വടക്കേക്കളം പി. എച്ച്. ഡി. ഡിലിറ്റ് സെന്റ് ബർക്കുമാൻസിന്റെ അണിയത്തെത്തിയത്. ലേഖകന്റെ പ്രഗത്ഭരായ ശിഷ്യരിൽ ഒരാളാണ് അദ്ദേഹം. ഫാ. തോമസ് കൊടിനാട്ടുകുന്നേൽ, ഫാ. ടോം കുന്നുംപുറം ഇവർ വൈസ്പ്രിൻസിപ്പൽമാരായി നിയമിക്കപ്പെട്ടു. സെന്റ് ബർക്കുമാൻസിന്റെ ചരിത്രത്തിൽ ഒരേ സമയത്ത് രണ്ടു വൈസ്പ്രിൻസിപ്പൽമാർ നിയമിതരായത് ആദ്യമായാണ്.

സെന്റ് ബർക്കുമാൻസ് ഡിസ്ട്രിക്റ്റിൽ ഒന്നാം സ്ഥാനത്ത്

വടക്കേക്കളത്തിലച്ചന്റെ ഭരണകാലത്ത് സെന്റ് ബർക്കുമാൻസ് കോട്ടയം ഡിസ്ട്രിക്റ്റിലെ സ്പെഷ്യൽ ഗ്രേഡുകോളജുകളിൽ ഒന്നാംസ്ഥാനത്തെന്ന് അംഗീകരിക്കപ്പെട്ടു. ഓഫ് ക്യാമ്പസ് കോഴ്സുകൾ തുടങ്ങിയതും അദ്ദേഹത്തിന്റെ ഭരണകാലത്താണ്. അദ്ദേഹത്തിന്റെ സേവനത്തിന്റെ ഒന്നാം വർഷമാണ് 1997ൽ സെന്റ് ബർക്കുമാൻസ് അലമ്നൈ അസോസിയേഷൻ, കുവൈറ്റ് ചാപ്റ്റർ, പ്ലാറ്റിനം ജൂബിലി സ്മാരകമായി സ്ഥാപിച്ച 'സെന്റ് ബർക്കുമാൻസ് അവാർഡ് ഫോർ ദ ബെസ്റ്റ് റ്റീച്ചർ' നൽകപ്പെട്ടത്. സെന്റ് ബർക്കുമാൻസ് അലമ്നൈ കുവൈറ്റ് ചാപ്റ്റർ മഹാമനസ്കതയോടെ സ്ഥാപിച്ചതാണ് ഈ അവാർഡ്. അടുത്ത കാലത്ത് അവർ അതിന്റെ തുക ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട് Three cheers.

സെന്റ് ബർക്കുമാൻസ് അവാർഡ് ഫോർ ദ ബെസ്റ്റ് റ്റീച്ചർ - പ്ലാറ്റിനം ജൂബിലി സ്മാരകം

ഈ അവാർഡ് സ്ഥാപനത്തോട് അനുബന്ധിച്ചു ലേഖകൻ കുവൈറ്റിൽ പോകുകയും അവിടത്തെ സംഘടനാംഗങ്ങളെ വ്യക്തിപരമായി കണ്ട് ഇങ്ങനെയൊരു വലിയ കാര്യം ചെയ്യുന്നതിനെക്കുറിച്ചു സംസാരിക്കുകയും അവർ സസന്തോഷം ആ ഉത്തരവാദിത്വം ഏറ്റെടുക്കുകയുമാണുണ്ടായത്. ഇതിനെല്ലാം പശ്ചാത്തലമൊരുക്കിയതും പ്രോത്സാഹനം നല്കിയതും ഫോളോഅപ്പ് നടത്തിയതും പൂർവ്വവിദ്യാർത്ഥിയും പൂർവ്വാദ്ധ്യാപകനും എന്റെ ഉറ്റ സുഹൃത്തും സഹപ്രവർത്തകനുമായ ഡോ. റൂബിൾ രാജാണ് (പ്രഗത്ഭൻ, പ്രശസ്തൻ, പ്രതിഭാധനൻ, പ്രപഞ്ചനാഥന്റെ പ്രേമഭാജനം, കഠിനാധ്വാനത്തിന്റെ പ്രതീകം, സേവനത്തിന്റെ ഇതിഹാസം, പ്രസംഗകൻ, പ്രഭാഷകൻ, പ്രബോധകൻ, മതിശാലി, ഏതു യൂണിവേഴ്സിറ്റിയുടെയും വൈസ്ചാൻസ്‌ലറാകാൻ സർവ്വഥാ യോഗ്യൻ!) ഒന്നാമതായി ഈ ബഹുമതി കരസ്ഥമാക്കിയത് അന്ന് കേരളാ യൂണിവേഴ്സിറ്റി പ്രോ



**നയതന്ത്ര വിചക്ഷണൻ**

വൈസ് ചാൻസലറും പിന്നീട് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസലറുമായ ഡോ. സിറിയക് തോമസാണ്. മാത്തിപ്പറമ്പിലച്ചൻ വിരമിച്ചപ്പോൾ വിടവു നികത്താൻ വിളിക്കപ്പെട്ട ലേഖകൻ അമരത്തേറുമ്പോൾ അദ്ദേഹവും, തികച്ചും അവിചാരിതമായി, ഓഫീസിൽ എത്തിയ വിവരം സൂചിപ്പിച്ചിട്ടുള്ളതാണ്.

**ബി.എ. വൊക്കേഷണൽ ഇംഗ്ലീഷ് ബി.എസ്സ്.സി. ബയോടെക്നോളജി**

സെന്റ് ബർക്കുമാൻസിന്റെ പൂർവ്വവിദ്യാർത്ഥി കൂടിയായ പന്ത്രണ്ടാമത്തെ പ്രിൻസിപ്പൽ കോളജിന്റെ ഭരണകാര്യങ്ങളിൽ വലിയ ശുഷ്കാന്തിയായിരുന്നു പ്രകടിപ്പിച്ചിരുന്നത്. അച്ചന്റെ കാലത്ത് ബി.എ. വൊക്കേഷണൽ ഇംഗ്ലീഷ്, ബി.എസ്സ്.സി. ബയോടെക്നോളജി ഇവയ്ക്ക് അഫിലിയേഷൻ കിട്ടി. ഓഫ് ക്യാമ്പസ് സെന്ററിൽ മാസ്റ്റർ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, എം.എസ്സ്.സി. ഇൻഫർമേഷൻ ടെക്നോളജി, എം.എ. മൾട്ടിമീഡിയാ ഇവയും സെന്റ് ബർക്കുമാൻസിനു കൈവന്നു.

**ഈ നയതന്ത്രജ്ഞൻ നിയമയുദ്ധത്തിലൂടെ കലാലയത്തിന്റെ സൈ്വരത വീണ്ടെടുത്തു!**

അച്ചടക്കത്തിന്റെ കാര്യത്തിൽ അതീവനിഷ്ഠയായിരുന്നു ഈ നയതന്ത്രജ്ഞന്. നിയമയുദ്ധം നടത്തി സെന്റ് ബർക്കുമാൻസിൽ കോളജ് യൂണിയൻ തെരഞ്ഞെടുപ്പ് പാർലമെന്ററി സിസ്റ്റമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ക്യാമ്പസ് രാഷ്ട്രീയം കലാലയത്തിന്റെ സൈ്വര്യത അങ്ങേയറ്റം അവതാളത്തിലാക്കിയപ്പോഴാണ് അച്ചൻ നിയമയുദ്ധത്തിന് ഇറങ്ങിപ്പുറപ്പെട്ടത്. അതിലുണ്ടായ ക്ലേശങ്ങളും ബുദ്ധിമുട്ടുകളും, ദൈവത്തിൽ സകല ആശ്രയവും വച്ച്, അദ്ദേഹം തരണം ചെയ്തു. സെന്റ് ബർക്കുമാൻസ്, മറ്റു പല കാര്യങ്ങളിലുമെന്നതുപോലെ, ഈ രംഗത്തും ഇതരകോളജുകൾക്കു മാതൃകയായിട്ടുണ്ട്. സെന്റ് ബർക്കുമാൻസിന്റെ അതിപ്രഗത്ഭനായ ഒരു പൂർവ്വവിദ്യാർത്ഥി ഡോ. എം. വി. പൈലി സ്ഥാപിച്ച ബെസ്റ്റ് കോളജ് പ്രിൻസിപ്പൽ അവാർഡുജേതാവാണ് വടക്കേക്കളത്തിലച്ചൻ. അന്താരാഷ്ട്ര ബാസ്കറ്റ്ബോൾ റഫറി എന്ന ബഹുമതിയും അദ്ദേഹത്തിനുണ്ട്.

**ബെസ്റ്റ് കോളജ് പ്രിൻസിപ്പൽ അവാർഡുജേതാവ്**

**ബർക്കുമാൻസിനു പഞ്ചനക്ഷത്ര പദവി**

NACC സെന്റ് ബർക്കുമാൻസിനു പഞ്ചനക്ഷത്ര ബഹുമതി നല്കിയതും വടക്കേക്കളത്തിലച്ചന്റെ ഭരണകാലത്താണ്. ഇദംപ്രഥമമായാണ് ഈ ബഹുമതി ഈ മഹാവിദ്യാലയത്തിനു കിട്ടുന്നത്. 1999-ൽ എം.എസ്സ്.സി പോളിമർ കെമിസ്ട്രിക്കുയൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചു. 1999-2000 അധ്യയനവർഷത്തിൽ എക്സലൻസ് ഇൻ എഡ്യൂക്കേഷനുള്ള ഗ്ലോബൽ നിർമ്മിതി നെറ്റ്വർക്ക് (ജി.എൻ.എൻ.) അവാർഡും അച്ചൻ കോളജിനു നേടിക്കൊടുത്തു.

**ജി.എൻ.എൻ. അവാർഡ്**

15

# ഫാ. ടോം കുന്നുംപുറം

രസതന്ത്രവിഭാഗം സെന്റർ ഓഫ് എക്സലൻസ്

സെന്റ് ബർക്കുമാൻസിന്റെ ഈ അരുമ സന്താനം 2002 ഏപ്രിൽ രണ്ടിനാണ് ആത്മവിദ്യാലയത്തിന്റെ സാരഥ്യം ഏറ്റെടുക്കുന്നത്. പിന്നീടു പ്രിൻസിപ്പലായ ഡോ. സ്റ്റീഫൻ മാത്യൂസ് അദ്ദേഹത്തോടൊപ്പം വൈസ്പ്രിൻസിപ്പലായിരുന്നു. രസതന്ത്ര വിഭാഗത്തിൽ എൻവയറൺമെന്റൽ സ്റ്റഡി സെന്റർ, എൻവയറൺമെന്റൽ സ്റ്റഡീസിൽ എം.ഫിൽ. ഇവ ആരംഭിച്ചത് കുന്നുംപുറത്തച്ചന്റെ പരിശ്രമഫലമായാണ്. ഇൻഡ്യാ ഗവൺമെന്റിന്റെയും ജർമ്മനിയിലെ DADD ഫൗണ്ടേഷന്റെയും ഏകയോഗമായ ഒരു യജ്ഞത്തിൽ രസതന്ത്രവിഭാഗത്തെ സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചതും അച്ചന്റെ നേട്ടമാണ്. ഇതു വഴി സെന്റ് ബർക്കുമാൻസിലെ രസതന്ത്രവിഭാഗവും ജർമ്മനിയിലെ മാർട്ടിൻ ലൂഥർ യൂണിവേഴ്സിറ്റിയുമായി, ഇരുസ്ഥാപനങ്ങളിലെയും ഗവേഷണ വിദഗ്ദ്ധരെ പരസ്പരം കൈമാറുക സാധിതമായി. സ്കോളർഷിപ്പ് വഴിയാണ് ഈ പ്രക്രിയ നടക്കുക.

എച്ച്. ആർ.ഡി വിഭാഗം

വിദ്യാർത്ഥികളുടെ സർവ്വതോമുഖമായ വികസനം ലക്ഷ്യമാക്കി കോളജുവക എച്ച്.ആർ.ഡി. വിഭാഗം അച്ചന്റെ ശ്രമഫലമായി ആരംഭിച്ചതാണ്. ബി. എസ്സ്.സി. ഇൻ ഇൻഡസ്ട്രിയൽ മൈക്രോബയോളജി (സുവോളജി), എം.എസ്സ്.സി. ഇൻ ബയോടെക്നോളജി (ബോട്ടണി), ബി.എൽ.ഐ.എസ്സ്.സി. (ബാച്ചിലർ ഓഫ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്) (ലൈബ്രറി സയൻസ്) ഇവയ്ക്കു റെഗുലർ അഫിലിയേഷൻ സമ്പാദിക്കാനും കുന്നുംപുറത്തച്ചനു സാധിച്ചു. സെന്റ് ബർക്കുമാൻസ് കൗൺസലിംഗ് സെന്റർ അദ്ദേഹത്തിന്റെ മറ്റൊരു നേട്ടമാണ്. 2003 ആഗസ്റ്റ് 14 നു ഗാന്ധിയൻ ഫോറം ഉദ്ഘാടനം ചെയ്തു.

ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവൽ

മൾട്ടിമീഡിയ, മലയാളം, ഇംഗ്ലീഷ് വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ചതും അച്ചന്റെ സാരഥ്യത്തിലാണ്. അടൂർ ഗോപാലകൃഷ്ണനാണ് പ്രസ്തുത ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തത്. 2004-ൽ എം.എൽ.ഐ.എസ്സ്.സി., എം.എസ്സ്.സി. ബയോകെമിസ്ട്രി ഇവയ്ക്കുള്ള അംഗീകാരവും കൈവന്നു (Self financing).

**College of Excellence**

2004 സെപ്റ്റംബർ 10-ന് പ്രൊഫ. കെ.ജെ. ജോർജ്, പ്രൊഫ. എ.ജെ. ഫ്രാൻസിസ് (ഇരുവരും ലേഖകന്റെ ഗുരുക്കന്മാർ) ഇവർ തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ College of Excellence എന്ന ബഹുമതി സെന്റ് ബർക്കുമാൻസിനു ലഭിച്ചു. ഈ കാലയളവിൽ സെന്റ് ബർക്കുമാൻസ് ഇന്ത്യയിലെ 41 ബെസ്റ്റ് കോളജുകളിൽ ഒന്നായി പ്രഖ്യാപിക്കപ്പെട്ടു. ഇത് ഏറ്റം അഭിമാനകരമായ ഒരു നേട്ടമാണ്. ഓൺ ലൈൻ ഫസിലിറ്റിയുള്ള ഒരു ഡിജിറ്റൽ ലൈബ്രറിയും വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനു യുജിസിയിൽ നിന്ന് അറുപതുലക്ഷം രൂപയും ഈ പ്രിൻസിപ്പൽ നേടിയെടുത്തു. ആൾ ഇൻഡ്യാ അവാർഡ് ഫോർ ദ ബെസ്റ്റ് പ്രിൻസിപ്പൽ കുന്നുംപുറത്തച്ചൻ സ്വന്തമാക്കി. 2005 ജൂലൈ 25 ന് അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് എ.പി.ജെ. അബ്ദുൾകലാം കോളജു സന്ദർശിച്ചു, വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത്, ഉയരങ്ങൾ സ്വപ്നം കാണാനും എല്ലാ കഴിവുകളും രാഷ്ട്രനന്മയ്ക്കു വേണ്ടി ഉപയോഗിക്കാനും ഉപദേശിക്കുകയും ചെയ്തത് പൂർവ്വവിദ്യാർത്ഥി കൂടിയായ ഈ പ്രിൻസിപ്പലിന്റെ തൊപ്പിയിൽ ഒരു തൂവൽ കൂടി തുന്നിച്ചാർത്തി.

**NAAC- ന്റെ reaccreditation**

കുന്നുംപുറത്തച്ചന്റെ കാലത്ത് കോളജിന് NAAC- ന്റെ reaccreditation -ഉം ലഭിച്ചു. 2007 മാർച്ച് 31-ന് അദ്ദേഹം വിരമിച്ചു.

16

# ഡോ. സ്റ്റീഫൻ മാത്യൂസ്

'പ്രിൻസിപ്പലച്ചൻ'

1922 മേയ്-ജൂൺ മുതൽ ആയിരങ്ങൾ ആവർത്തിച്ചു പോരുന്ന ഒരു പദമാണ് പ്രിൻസിപ്പലച്ചൻ. മദ്ധ്യ കേരളത്തിൽ 'പ്രിൻസിപ്പലച്ചൻ' എന്നു കേട്ടാൽ, അതു സെന്റ് ബർക്കുമാൻസ് കോളജിന്റെ പ്രിൻസിപ്പലാണെന്ന് ഒട്ടുമിക്കവരും മനസ്സിലാക്കുമായിരുന്നു. 1922 ജൂൺ 19 മുതൽ 2006 വരെ മഹാനൗകയുടെ ഒന്നാം അണിയം ഏന്തിയ 13 പേരും വൈദികരായിരുന്നു. അവരെ യഥാക്രമം അനുസ്മരിച്ചു കഴിഞ്ഞിരിക്കുന്നു. എന്നാൽ 14-ാമതായി ഇതാ അവളുടെ ഒരു അരുമ സന്താനം, ബികോമിനും എംകോമിനും റാങ്കു നേടുകയും പ്രഗത്ഭനായ അധ്യാപകനെന്ന പേരു സമ്പാദിക്കുകയും, അഞ്ചുവർഷം രണ്ടാം അണിയക്കാരനായി 'അമ്മയ്ക്ക്' ആത്മാർത്ഥശുശ്രൂഷ അർപ്പിക്കുകയും ചെയ്ത മാമ്പൂട്ടിൽ കുട്ടപ്പൻ സെന്റ് ബർക്കുമാൻസിന്റെ സാരഥ്യം ഏറ്റെടുക്കുന്നു. വൈസ്പ്രിൻസിപ്പലെന്ന നിലയിൽ തന്റെ കഴിവുകൾ തെളിയിച്ച കുട്ടപ്പനു തന്റെ കലാലയാംബയെ കുറേക്കൂടി ത്യാഗോജ്ജ്വലമായി ശുശ്രൂഷിക്കാൻ സർവ്വശക്തൻ അവസരം കനിഞ്ഞു നല്കി. 2007 ഏപ്രിൽ 1 മുതൽ 2011 മാർച്ച് 31 വരെയുള്ള കാലഘട്ടമാണു അദ്ദേഹത്തിന്റെ അനന്യസേവനകാലം.

'പ്രിൻസിപ്പൽ സാർ'

നൂറുശതമാനം അഭിനന്ദനാർഹം!

ആദ്യം തന്നെ കുട്ടപ്പൻ ചെയ്തത് നൂറുശതമാനം അഭിനന്ദനാർഹമായ ഒരു കാര്യമാണ്. കോളജിന്റെ മുലക്കല്ലായ, തിലകക്കുറിയായ, മഹാരഥന്മാർ, മഹാരഥന്മാരെ വാർത്തെടുത്ത വാസ്തുശില്പമാണ്, കുര്യാളശ്ശേരി ബ്ലോക്ക്. പ്ലാറ്റിനം ജൂബിലിയുടെ കാലത്ത് അതിന്റെ അത്യാവശ്യഅറ്റകുറ്റപ്പണികൾ മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞുള്ളു. അതിന്റെ പരിപാവനഘടനയ്ക്കു യാതൊരു മാറ്റവും വരുത്താതെ, അത് ആധുനികമാക്കി, സുശക്തമാക്കി, ശമ്പളാഭമാക്കി, ശാശ്വതീകരിക്കാൻ ഈ പ്രിയതനയനു കഴിഞ്ഞു. ഇത് സെന്റ് ബർക്കുമാൻസിന്റെ ചരിത്രത്തിൽ തങ്കലിപികളിൽത്തന്നെ രേഖപ്പെടുത്തപ്പെടേണ്ട ഒരു സംഭവമാണ്. കുട്ടപ്പാ, അനുമോദനങ്ങൾ! 'അമ്മ'യുടെ അനുഗ്രഹാശിസ്സുകൾ അങ്ങയുടെയും കുടുംബത്തിന്റെയും മേൽ ഉണ്ടായിരിക്കും. സെന്റ് ബർക്കുമാൻസിന്റെ എൺപത്തഞ്ചാം ജന്മദിനം സാഡംബരം ആഘോഷിക്കാനും കുട്ടപ്പനു കഴിഞ്ഞു.

മാർ കുര്യാളശ്ശേരി ബ്ലോക്കിന്റെ അധുനാധുനീകരണം

അനുമോദനങ്ങൾ!

85 -ാം ജന്മദിനാഘോഷം

കോളജിനുള്ളിലെ ആശാരിപ്പണിശാല, ആവശ്യമായ നവീകരണങ്ങൾ



വരുത്തി, ക്ലാസ്സ് റൂമുകളാക്കുകയായിരുന്നു കുട്ടപ്പൻ ചെയ്ത അടുത്ത കാര്യം. പകരം, കന്റീനടുത്ത്, അത്യാവശ്യകാര്യങ്ങൾക്കായി, ഒരു പണിശാല സ്ഥാപിക്കുകയും ചെയ്തു. കോളജിൽ ഒരു Internal Quality Assurance Cell (IQ.AC) സ്ഥാപിച്ചതും സ്മർത്തവ്യം തന്നെ. സെന്റ് ബർക്കുമാൻസിന്റെ ബഹുമുഖപുരോഗതിയിൽ (പാഠ്യ-പാഠ്യേതര) നിർണ്ണായക പങ്കു വഹിക്കാൻ ഈ സെല്ലിനു സാധിച്ചിട്ടുണ്ട്. ബോട്ടണി-സുവോളജി വകുപ്പുകളുടെ തുടക്കത്തിന്റെ 60-ാം വർഷവും കുട്ടപ്പൻ മോടിയാക്കി. തന്റെ ദേശവന്ദനപരിപാടിയുടെ ഭാഗമായി സ്വാമി സച്ചിദാനന്ദ ഭാരതി കോളജ് സന്ദർശിച്ചതിന്റെ ബഹുമതിയും കുട്ടപ്പനു സ്വന്തമാണ്. കലാവിദ്യാർത്ഥിയും കലാധ്യാപകനുമായ കുട്ടപ്പൻ, ശാസ്ത്രാധ്യാപകർക്കാണ് ആദ്യമായി ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചത്. (2, 3, നവംബർ 2007).

**ബോട്ടണി-സുവോളജിയുടെ അഷ്ടി**

**സ്വാമി സച്ചിദാനന്ദ ഭാരതി സെന്റ് ബർക്കുമാൻസിൽ**

കലാസാഹിത്യരംഗങ്ങളെ ഇദ്ദേഹം ഒട്ടും അവഗണിച്ചില്ല. 2007 ഡിസംബർ 6നു പ്രൊഫ. ജിജി ജോസഫ് (ഇംഗ്ലീഷ് വിഭാഗം) ഡയറക്റ്റു ചെയ്ത് ഷേക്സ്പിയർ നാടകം, 'മാക്ബത്ത്', ഷേക്സ്പിയർ തീയേറ്ററിന്റെ ഭാഗമായി, അവതരിപ്പിക്കുന്നതിനു കുട്ടപ്പൻ ചുക്കാൻ പിടിച്ചു. എബിൻ രാജു വർഗ്ഗീസ് മാക്ബത്തിന്റെയും സ്വപ്നാ എം. നായർ ലേഡി മാക്ബത്തിന്റെയും വേഷങ്ങൾ വൈദഗ്ദ്ധ്യത്തോടെ അവതരിപ്പിച്ചു. ഇരുവർക്കും ഡയറക്ടർക്കും അഭിനന്ദനങ്ങൾ! കുട്ടപ്പനു കുട്ട നിറയെ നന്ദിയും! മുൻ ഷേക്സ്പിയർ തിയേറ്റർ ഡയറക്ടർമാർ, സെന്റ് ബർക്ക്മാൻസിന്റെ അഭിമാനം പ്രൊഫ. കെ. വി. ജോസഫ്, അദ്ദേഹത്തിന്റെ ശിഷ്യൻ പ്രൊഫ. സി. സി. തോമസ്സ് ഇവരെ പൊന്നാടയണിയിച്ച് ആദരിച്ചതു കരുതലിന്റെയും മാന്യതയുടെയും കുട്ടപ്പന്റെ മഹാമനസ്കതയുടെയും മകുടോദാഹരണമാണ്.

**മാക്ബത്ത്**

**രണ്ടു ഡയറക്ടർമാർക്കു പൊന്നാട**

കുട്ടപ്പന്റെ കാലത്തു വെളിച്ചം കണ്ട ഒരു പരിപാടിയാണു 'തണൽക്കൂട്ടം'. ക്യാമ്പസിലെ മുത്തുമുത്തശ്ശി, പുളിമരത്തിന്റെ ചുവട്ടിലായിരുന്നു ഈ പരിപാടി അരങ്ങേറിയിരുന്നത്. കുട്ടികളുടെ നിരവധിയായ കഴിവുകൾ വെളിച്ചത്തു കൊണ്ടുവരുന്നതിന് ഈ നൂതനസംരംഭം ഏറെ സഹായിച്ചുവെന്നാണു മനസ്സിലാക്കാൻ കഴിഞ്ഞത്.

**തണൽക്കൂട്ടം**

2007 ഡിസംബർ 3, 4, 5 തീയതികളിൽ കോളജ് കലോത്സവം സംഘടിപ്പിക്കപ്പെട്ടു. അഹല്യ (IInd MSc Physics) കലാതിലകവും രാമകൃഷ്ണൻ റ്റി (IIDC) കലാപ്രതിഭയുമായി. വിവിധ ഡിപ്പാർട്ടുമെന്റുകളിലെ പ്രകൃതിസ്നേഹികളുടെ ഒരു സ്വതന്ത്രസംഘടനയാണ് സെന്റ് ബർക്കുമാൻസ് നേച്ചർക്ലബ്ബ്. യുവജനങ്ങളുടെ ഇടയിൽ പ്രകൃതിസ്നേഹം ഊട്ടിവളർത്തുക, ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ നേതൃത്വഗുണങ്ങൾ വളർത്തുക, ആനുകാലിക പരിസ്ഥിതിപ്രശ്നങ്ങൾ ചർച്ച ചെയ്യുക, നേച്ചർ ക്യാമ്പ്സ്, ഫീൽഡ് ട്രിപ്സ്, തുടങ്ങിയവയിലൂടെ വിദ്യാർത്ഥികളെ പരിശുദ്ധമായ പ്രകൃതിയുമായി സമരസപ്പെടുത്തുക, ക്യാമ്പസിലും സമീപപ്രദേശങ്ങളിലും വൃക്ഷത്തൈകളും ഇതരചെടികളും നട്ട് ഗ്രീൻ ക്യാമ്പസ് വികസിപ്പിക്കുക, പരിസ്ഥിതി ക്യാമ്പുകൾ സംഘടിപ്പിക്കുക - തുടങ്ങിയവയാണ് ക്ലബ്ബ് ഉന്നം വയ്ക്കുക.

**കലോത്സവം**

**നേച്ചർ ക്ലബ്ബ്**

സെന്റ് ബർക്കുമാൻസ് ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പാർട്ണർ ഇൻസ്റ്റിറ്റ്യൂട്ട്

ഡബ്ല്യു. ഡബ്ല്യു. എഫ്. ഇന്ത്യയോട് അഫിലിയേറ്റഡ് ആണ് ഈ ക്ലബ്ബ്. ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി അതിന്റെ കൺവെർജൻസ് സ്കീമിൽപ്പെടുത്തി സെന്റ് ബർക്കുമാൻസിനെ ഒരു പാർട്ണർ ഇൻസ്റ്റിറ്റ്യൂട്ടായി അംഗീകരിച്ചുവെന്നതു കുട്ടപ്പനും കോളജിനുമുഴുവനും അഭിമാനത്തിനു വക നല്കുന്ന കാര്യമാണ്. എം.ബി.എ. എം.കോം., എം.എ. ഇംഗ്ലീഷ്, സർട്ടിഫിക്കറ്റ് ഡിപ്ലോമാ കോഴ്സുകൾ ഇവ പ്രസ്തുത സ്കീമിൽ നടത്തപ്പെടുന്നുണ്ട്.

പൂർവ്വ വിദ്യാർത്ഥികൾക്ക് ആദരം

2008 ജനുവരി 26-ന് ആഘോഷിച്ച വാർഷികസമ്മേളനത്തിൽ ഡോ. സിബി മാത്യു ഐപിഎസ്സ്., മിസ്റ്റർ കെ. മാധവൻ നായർ, ഡിറക്ടർ, ഇൻകം ടാക്സ്, കേരളാ, മിസ്റ്റർ ജോർജ്ജ് പാറയ്ക്കൽ, മെമ്പർ, ജുഡീഷ്യൽ അപ്പലേറ്റ് കോർട്ട്, എന്നീ പ്രഗത്ഭപൂർവ്വവിദ്യാർത്ഥികളെ ആദരിക്കുന്നതിൽ കുട്ടപ്പൻ പ്രത്യേകശ്രദ്ധ പതിപ്പിച്ചു.

റിസർച്ചു ബ്ലോക്കിനു മൂന്നാം നില

2007-'08 ൽ കുട്ടപ്പൻ മറ്റൊരു സുപ്രധാനകാൽവെയ്പ്പു നടത്തി. വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിഭാഗങ്ങൾക്കു റിസർച്ച് ബ്ലോക്കിൽ ആവശ്യത്തിനു സ്ഥലസൗകര്യം ഇല്ലായിരുന്നു. പ്രസ്തുതപ്രശ്നപരിഹാരത്തിനു ബ്ലോക്കിന്റെ മൂന്നാം നില അദ്ദേഹം പണിയിച്ചു പൂർത്തിയാക്കി. സ്വാശ്രയ കോഴ്സുകളായ മൈക്രോബയോളജിയും ബയോടെക്നോളജിയും അവയുടെ സ്റ്റാഫ്മുറികളും മുകളിലത്തെ നിലയിൽ ആക്കി. കൂടാതെ മാർ കുര്യാളശ്ശേരി ബ്ലോക്കിലും ഉലഹന്നാൻ മാപ്പിള സെന്റർ ഫോർ ഓറിയന്റൽ സ്റ്റഡീസിലും ഡിജിറ്റൽ തീയേറ്റർ സൗകര്യം ഉണ്ടാക്കി. അദ്ധ്യാപക, വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം, ക്യാമ്പസ് നെറ്റ് സോഫ്റ്റ്വെയർ ഇന്റർനെറ്റ് സ്ഥാപിച്ചു. വിദ്യാർത്ഥികൾക്കു കഫേയുടെ സൗകര്യങ്ങൾ സംലഭ്യമാക്കുന്നതിലും കുട്ടപ്പൻ വിജയിച്ചു. എല്ലാ ബ്ലോക്കുകളിലെയും വിവിധ നിലകളിൽ കുട്ടപ്പൻ കുടിവെള്ളം സംലഭ്യമാക്കിയതും പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. "ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരിക്കുന്നവൻ വലിയ കാര്യങ്ങളിൽ വിശ്വസ്തനായിരിക്കും." സ്റ്റുഡൻസ് സെന്റർ പുതുക്കി കെൽട്രോൺ ട്രെയിനിംഗ് സെന്റർ ആക്കിമാറ്റി. കോളജ് ഓഫീസ് ആധുനീകരിക്കാനും അദ്ദേഹം മറന്നില്ല. കോളജ് ഓഫീസിനടുത്തു തന്നെ പരീക്ഷകളുടെ ക്രമീകരണത്തിനു ഒരു ഓഫീസ് സജ്ജമാക്കിയതും ശ്രദ്ധേയമാണ്.

ഗാന്ധിയൻ സ്റ്റഡി സെന്റർ - ഉദ്ഘാടകൻ, സിറിയക് ജോസഫ്

2008 ജൂൺ 19, കോളജിന്റെ 86-ാം സ്ഥാപനദിനം, സാഘോഷം കൊണ്ടാടി. ഹാൾ നമ്പർ VI B മീഡിയാസെന്റർ ആക്കിയതും ബി.എസ്സ്.സി. കെമിസ്ട്രി ലാബും SMART LAB - ഉം സ്ഥാപിച്ചതും കുട്ടപ്പന്റെ പരിശ്രമഫലമായാണ്. 2008 ഒക്ടോബർ മൂന്നാം തീയതി ഗാന്ധിയൻ സ്റ്റഡി സെന്ററിന്റെ ഉദ്ഘാടനം, പൂർവ്വവിദ്യാർത്ഥിയും, അന്നു സുപ്രിംകോടതി ജഡ്ജിയുമായിരുന്ന, സിറിയക് ജോസഫ് നിർവ്വഹിച്ചു.

വീണ്ടുംആദരവ്

2008 ഏപ്രിൽ 12-നു നടത്തിയ പൂർവ്വ വിദ്യാർത്ഥി സമ്മേളനത്തിൽ ഉന്നത ശീർഷരായ ആറു പൂർവ്വവിദ്യാർത്ഥികളെ ആദരിക്കുന്നതിൽ പ്രിൻസിപ്പൽ മുൻകൈ എടുത്തു. എൻ. എസ്സ്. എസ്സ്. ജനറൽ സെക്രട്ടറിയായിരുന്ന പി. കെ.

നാരായണപ്പണിക്കർ (പണിക്കർ സാറിന് ആദരാഞ്ജലികൾ), ഡോ. രാജൻ വർഗ്ഗീസ്, (മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പ്രോ. വൈസ് ചാൻസ്‌ലർ), ശതാബ്ദി ആഘോഷിച്ച ശ്രീ. വി.ജി.സിറിയക് ഐഎഎസ്, ഡോ. ജോർജ്ജ് ജോസഫ് (ചാന്ദ്രയാൻ ടീം), മഹാകവി പ്രൊഫ. തോമസ് കണയംപ്ലാവൻ, ശ്രീ. ചെറിയാൻ പീറ്റർ (സിഇഒ, കേരളാ റീജൺ, റിലയൻസ് കമ്മ്യൂണിക്കേഷൻസ്), ശ്രീ. സ്കറിയാ ജോസ്, (ഡിസ്ട്രിക്ട് ഗവർണർ, റോട്ടറി ക്ലബ്ബ്) ഇവരെയാണ്, കുട്ടപ്പന്റെ ഉത്സാഹത്തിൽ, സെന്റ് ബർക്കുമാൻസ് ധാത്രി ആദരിച്ചത്.

17

# റവ. ഡോ. ടോമി പടിഞ്ഞാറേവീട്ടിൽ

സെന്റ് ബർക്കുമാൻസിന്റെ ഇപ്പോഴത്തെ പ്രിൻസിപ്പൽ പടിഞ്ഞാറേവീട്ടിലച്ചന് കോളജിനെ നവതിയിലേക്കു നയിക്കാൻ കഴിഞ്ഞിരിക്കുന്നു. ഇത് ഒരു അസുലഭ ഭാഗ്യമാണെന്നതു നിസ്തർക്കമായ കാര്യമാണ്. അണിയത്തെത്തിയതു മുതൽ, അതിനു മുമ്പു വൈസ്പ്രിൻസിപ്പലായും, വളരെയേറെ നന്മകൾ കോളജിനു വേണ്ടി ചെയ്യാൻ ഈ യുവവൈദികനു കഴിഞ്ഞിട്ടുണ്ട്. കാര്യങ്ങൾ കാര്യക്ഷമമായി ചെയ്യാനുള്ള ദൈവകൃപ അദ്ദേഹത്തിനു സമൃദ്ധമായി ലഭിക്കുന്നുണ്ട്. (NACC) സെന്റ് ബർക്കുമാൻസിന് Highest Grade സമ്മാനിച്ചത് അദ്ദേഹത്തിന്റെ കാലത്താണ് (2012). College with potential for excellence ആയി അംഗീകരിക്കപ്പെട്ട്, യു.ജി.സി.യുടെ ഗണ്യമായ സാമ്പത്തിക സഹായവും നേടിയെടുക്കാൻ അച്ചനു സാധിച്ചിരിക്കുന്നു.

എം.ബി.എ.ഉൾപ്പെടെ 17 P.G. Courses, 13 UG Courses ഇവ ഇപ്പോൾ സെന്റ് ബർക്കുമാൻസിൽ പ്രവർത്തിക്കുന്നുണ്ട്. കോളജിൽ ആദ്യമായാണ് ഇത്രയും ബിരുദ-ബിരുദാനന്തര വിഭാഗങ്ങൾ പ്രവർത്തിക്കുക. ഫ്രീഡിഗ്രി വേർപെടുത്തിയപ്പോൾ സംലഭ്യമായ സ്ഥലസൗകര്യങ്ങൾ നന്നായി പ്രയോജനപ്പെടുത്താൻ കോളജിനു സാധിക്കുന്നുണ്ട്. ഇനിയും ധാരാളം അധുനാധുന കോഴ്സുകൾ എന്റെ സെന്റ് ബർക്കുമാൻസിൽ ആരംഭിക്കട്ടെയെന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

ഇപ്പോൾ ആകെ 1800 വിദ്യാർത്ഥിനീ വിദ്യാർത്ഥികളാണ് സെന്റ് ബർക്കുമാൻസിൽ പഠിക്കുന്നത്. 1996-'98 ൽ, ലേഖകൻ ഒന്നാം അണിയത്തായിരുന്നപ്പോൾ, 3500 മക്കളാണു സെന്റ് ബർക്കുമാൻസ് മാതാവിനുണ്ടായിരുന്നത്. ഇന്നിപ്പോൾ 100 അധ്യാപകരാണ് ശുശ്രൂഷയിലുള്ളത്. അന്ന് 175 അധ്യാപകർ സെന്റ് ബർക്കുമാൻസിൽ സേവനം അനുഷ്ഠിച്ചിരുന്നു. ഇപ്പോൾ 46 അനധ്യാപകർ അമ്മയെ ശുശ്രൂഷിച്ചു കൊണ്ടിരിക്കുന്നു. 1996-98 ൽ അത് 91 ആയിരുന്നു. ഇന്ന് 8 ഗവേഷണവിഭാഗങ്ങൾ സെന്റ് ബർക്കുമാൻസിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. പ്ലാറ്റിനം ജൂബിലിക്കാലത്ത് 5 എണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നാണ് ഓർമ്മ. ഇപ്പോൾ സെന്റ് ബർക്കുമാൻസിലെ അധ്യാപകരിൽ 70% ഗവേ

അസുലഭഭാഗ്യം

സെന്റ്
ബർക്കുമാൻസിനു
**Highest Grade**
**College with**
**Potential for**
**Excellence**

17 പി.ജി.
13 യു.ജി.
കോഴ്സുകൾ
ഇനിയും
അധുനാധുന
കോഴ്സുകൾ
ഉണ്ടാവട്ടെ!

1800
3500
100
175
46
91
8
5

**70% ഇപ്പോൾ ഗവേഷണ ബിരുദധാരികൾ- പ്ലാറ്റിനംജൂബിലി കാലം വള്ളപ്പാട് അകലെ**

**പ്രധാന മേഖലക ളിൽ ഗണ്യമായ വളർച്ച**

**സെന്റ് ബർക്കു മാൻസ് നവതിയുടെ നിറവിൽ**

ഷണബിരുദധാരികളാണ്. പ്ലാറ്റിനം ജൂബിലിക്കാലത്തെ അവസ്ഥ, വള്ളപ്പാട് അകലെയായിരുന്നെന്ന് എടുത്തു പറയേണ്ടതില്ലല്ലോ!

സാന്ദർഭികമായ ഈ താരതമ്യം ഒരു വസ്തുത വ്യക്തമാക്കാനുദ്ദേശിച്ചുള്ളതാണ്. സെന്റ് ബർക്കുമാൻസ് ചില മേഖലകളിൽ അല്പം ചെറുതായെങ്കിലും സുപ്രധാനമേഖലകളിൽ വളരെയേറെ വളർന്നുവെന്ന സത്യം ഇത് വിളിച്ചോതുന്നു. 1999 മുതലുള്ള പ്രിൻസിപ്പൽമാർക്ക്, പ്രത്യേകിച്ച് ഇപ്പോഴത്തെ പ്രിൻസിപ്പലിന്, വകുപ്പധ്യക്ഷന്മാർക്ക്, അധ്യാപകർക്ക്, അനധ്യാപകർക്ക്, എല്ലാവർക്കും ആനന്ദിക്കാൻ, അഭിമാനിക്കാൻ, അനുമോദിക്കപ്പെടാൻ വകയുണ്ട്. ഏവർക്കും അഭിനന്ദനങ്ങൾ!

Environment Science ൽ എം.ഫിൽ, International Centre for Co- operative Research, 127000 ഈടുറ്റ ഗ്രന്ഥങ്ങളും, E-libraryയുമുള്ള ലൈബ്രറി, International Federation of Catholic Universities - ൽ അംഗത്വം, DST, FIST Sponsored College, IGNOU Partner Institute, രണ്ടുപ്രാവശ്യം തുടർച്ചയായി ആർ. ശങ്കർ അവാർഡ് നേടിയ കോളജ് (Best Special Grade College നുള്ളത്.) ഇവയൊക്കെ മുകളിൽ പരാമർശിച്ച വസ്തുതയെ സാധൂകരിക്കുന്നു. 1937ൽ സ്ഥാപിതമായ, ഇന്നുവരെയും കാര്യക്ഷമമായി പ്രവർത്തിക്കുന്ന, Shakespeare Theatre ഇതുവരെ ഇരുപത് (20) ഷേക്സ്പിയർ നാടകങ്ങൾ സ്റ്റേജിൽ അവതരിപ്പിച്ചിട്ടുണ്ട്. നവതിയുടെ നിറവിൽ, മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നവ, എന്റെ സെന്റ് ബർക്കുമാൻസിന്റെ നിരവധി നേട്ടങ്ങളുടെ ഒരു സമാഹാരമേ ആകുന്നുള്ളു.